LEADING CHRISTIAN MAGAZINE

# ആത്മാഭിഷേകം

2018 ഒക്ടോബർ വാല്യം 3 ലക്കം 10



## നല്ല പ്രവൃത്തിയും ന്യായവിധിയും

ദേവസ്യാ മുല്ലക്കരസാർ



# "കണ്ണിനു പകരം കണ്ണ്"

# "ശത്രുവിനെ സ്നേഹിക്കുക"

## എഡിറ്റോറിയൽ

## ദേവസ്യാ മുല്ലക്കര സാർ

**പ**കരത്തിന് പകരം എന്നത് ഒരു ലോകവ്യവസ്ഥയാണ്. രാഷ്ട്രീയക്കാർ ഈ ലോകവ്യവസ്ഥയനുസരിച്ചാണ് മിക്കവാറും പ്രവർത്തിക്കുന്നത്. മതമണ്ഡലവും പകരത്തിനുപകരം ചെയ്യുന്നവരാണ്. പുറപ്പാട് പുസതകത്തിൽ 2-ാം അദ്ധ്യായത്തിൽ കണ്ണിനു പകരം കണ്ണ്; പല്ലിനു പകരം പല്ല്, കൈയ്ക്ക് പകരം കൈ, കാലിനുപകരം കാൽ, പൊള്ളലിന് പകരം പൊള്ളൽ; മുറിവിന് പകരം മുറിവ്; തിണർപ്പിന് പകരം തിണർപ്പ് " (24:25) എന്നിങ്ങനെ കാണാം.

എന്നാൽ ക്രിസ്തുവിന്റെ ഡിക്ഷണറിയിൽ പകരത്തിന് പകരം എന്നൊന്നില്ല. മത്താ.5-ാം അദ്ധ്യായത്തിൽ "കൂട്ടുകാരനെ സ്നേഹിക്ക എന്നും ശത്രുവിനെ പകയ്ക്ക എന്നും അരുളിച്ചെയ്തത് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഞാനോ നിങ്ങളോട് പറയുന്നത് : നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ; നിങ്ങളെ ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിപ്പിൻ; സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിന് പുത്രന്മാരായി തീരേണ്ടതിനുതന്നെ. അവൻ ദുഷ്ടന്മാരുടെമേലും നല്ലവരുടെമേലും തന്റെ സൂര്യനെ ഉദിപ്പിക്കയും നീതിമാന്മാരുടെമേലും നീതികെട്ടവരുടെമേലും മഴ പെയ്യിക്കുകയും ചെയ്യുന്നുവല്ലോ. നിങ്ങളെ സ്നേഹിക്കുന്നവരെ സ്നേഹിച്ചാൽ നിങ്ങൾക്ക് എന്ത് ഫലം? ചുങ്കക്കാരും അങ്ങനെതന്നെ ചെയ്യുന്നില്ലയോ? സഹോദരന്മാരെ മാത്രം വന്ദനം ചെയ്താൽ നിങ്ങൾ എന്ത് വിശേഷം ചെയ്യുന്നു? ജാതികളും അങ്ങനെതന്നെ ചെയ്യുന്നില്ലയോ? ആകയാൽ നിങ്ങളുടെ സ്വർഗ്ഗീയപിതാവ് സൽഗുണപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും സൽഗുണപൂർണ്ണരാകുവിൻ" (മത്താ.5:43-48).

പ്രതികാരം ചെയ്യരുത്. നിന്റെ ജനത്തിന്റെ മക്കളോട് പക വെയ്ക്കരുത്. കൂട്ടുകാരനെ നിന്നേപ്പോലെ തന്നെ സ്നേഹിക്കണം" (ലേവ്യ.19:17,18). പുതിയ നിയമത്തിൽ മത്താ.5-ൽ "നിന്റെ വലതു ചെകിട്ടത്ത് അടിക്കുന്നവന് മറ്റേതും തിരിച്ച് കാണിക്ക. നിന്നോട് വ്യവഹരിച്ച് നിന്റെ വസ്ത്രം എടുപ്പാൻ ഇച്ഛിക്കുന്നവന് നിന്റെ പുതപ്പും വിട്ടുകൊടുക്ക. ഒരുത്തൻ നിന്നെ ഒരുനാഴിക വഴിപോകുവാൻ നിർബന്ധിച്ചാൽ രണ്ട് അവനോടുകൂടെ പോകുക. നിന്നോട് യാചിക്കുന്നവന് കൊടുക്ക; വായ്പ വാങ്ങാൻ ഇച്ഛിക്കുന്നവനെ ഒഴിഞ്ഞുകളയരുത്" (മത്താ.5:38-42).

അതേ, പകരത്തിന് പകരം എന്ന ശിക്ഷാനിയമം നിലനിന്ന സമൂഹത്തിലാണ് ക്രിസ്തു തന്റെ സ്നേഹത്തിന്റെ നിയമവുമായി രംഗപ്രവേശം ചെയ്തത്. ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ആഹ്വാനം ചെയ്തത്. ഈ സ്നേഹത്തിന്റെ വിപ്ലവമാണ് ഇന്നും ആർക്കും അനുകരിക്കാൻ കഴിയാത്തത്. ക്രിസ്തുവിനെ അനുഗമിക്കണമെങ്കിൽ ശത്രുവിനെ സ്നേഹിച്ചേ മതിയാകൂ.

പുതിയനിയമത്തിൽ ശത്രുവിനും അയൽക്കാരനും പുതിയ അർത്ഥങ്ങളും കൈവന്നു. സ്നേഹിക്കുന്നവരെ മാത്രമല്ല സ്നേഹിക്കാത്തവരെയും സ്നേഹിക്കണമെന്ന ദിവ്യസ്നേഹത്തിന്റെ നിയമം, സ്നേഹത്തിന്റെ ആകാരരൂപമായ ക്രിസ്തു, ആവിഷ്ക്കരിച്ചു. പഴയനിയമഗ്രന്ഥമായ ആവർത്തനപുസ്തകത്തിൽ 15-ാം അദ്ധ്യായത്തിൽ 7-11 കുറിക്കാം. "നിന്റെ ദൈവമായ യഹോവ നിനക്ക് തരുന്ന ദേശത്ത് ഏത് പട്ടണത്തിലെങ്കിലും ദരിദ്രനായ സഹോദരൻ നിങ്ങളുടെയിടയിലുണ്ടെങ്കിൽ, ദരിദ്രനായ സഹോദരന്റെ നേരെ നിന്റെ ഹൃദയം കഠിനമാക്കാതെയും, കൈ അടയ്ക്കാതെയും, നിന്റെ കൈ അവനുവേണ്ടി തുറന്ന് അവന് വന്ന ബുദ്ധിമുട്ടിന് ആവശ്യമായത് വായ്പ കൊടുക്കണം. വിമോചനസംവത്സരമായ ഏഴാം ആണ്ട്, അടുത്തിരിക്കുന്നു, എന്നിങ്ങനെ നിന്റെ ഹൃദയത്തിൽ ഒരു ദുർവിചാരം തോന്നുകയും ദരിദ്രനായ സഹോദരനോട് നിന്റെ കണ്ണ് നിർദ്ദയമായിരുന്ന്, അവനൊന്നും കൊടുക്കാതിരിക്കുകയും അവൻ നിനക്ക് വിരോധമായി യഹോവയോട് നിലവിളിച്ചിട്ട് അത് നിനക്ക് പകരമായി തീരുകയും ചെയ്യാതിരിപ്പാൻ സൂക്ഷിച്ചുകൊൾക. നീ അവന് കൊടുത്തേ മതിയാകൂ; കൊടുക്കുമ്പോൾ ഹൃദയത്തിൽ വ്യസനം തോന്നരുത്; നിന്റെ ദൈവമായ യഹോവ നിന്റെ സകല പ്രവൃത്തികളിലും ഇത് നിമിത്തം നിന്നെ അനുഗ്രഹിക്കും. ദരിദ്രൻ ദേശത്ത് അറ്റുപോകയില്ല; അതുകൊണ്ട് നിന്റെ ദേശത്ത് അഗതിയും ദരിദ്രനുമായ നിന്റെ സഹോദരന് നിന്റെ കൈ മനസ്സോടെ തുറന്നുകൊടുക്കണമെന്ന് ഞാൻ നിന്നോട് ആജ്ഞാപിക്കുന്നു.

ഇത് ദൈവത്തിന്റെ കല്പനയാണ്. യഹോവയും ക്രിസ്തുവും പരിശുദ്ധാത്മാവുമായ ത്രീത്വത്തിന്റെ കല്പനയാണ്. ക്രിസ്റ്റ്യാനിറ്റി വളരാത്തതിന്റെ സുപ്രധാന കാരണം കൈമെയ് മറന്ന് കൊടുക്കുന്ന കാര്യത്തിലുള്ള നമ്മുടെ മടിയാണ്. നാടിന്റെ വികസനപ്രവർത്തനങ്ങളിൽ നിന്നും ക്രിസ്തീയ ആദ്ധ്യാത്മികതയിൽ വന്നവർ എന്തേ വിട്ടുനിൽക്കുന്നു? സൽപ്രവൃത്തികളിൽ നിന്നും ജീവകാരുണ്യപ്രവൃത്തികളിൽ നിന്നും എന്തേ മാറി നിൽക്കുന്നു? അഥവാ, വല്ലതും, മറ്റുള്ളവർ ചെയ്യുന്നതുപോലെ മാത്രം ചെയ്ത് എന്തേ വലിഞ്ഞു നിൽക്കുന്നു? ആവശ്യത്തിലിരിക്കുന്നവർക്ക് നാം നല്ല ശമര്യനും നല്ല അയൽക്കാരനുമായി തീരേണ്ടേ?



# നല്ല പ്രവൃത്തിയും ന്യായവിധിയും

ദേവസ്യാ മുല്ലക്കര സാർ

## ദൈവത്തിന്റെ ദയ

**ദൈ**വത്തിന്റെ ദയ നാം ഊഹിക്കുന്നതിനപ്പുറത്താണ്. ദൈവത്തിന്റെ ദയ നമ്മെ മാനസാന്തരത്തിലേക്ക് നയിക്കുന്നു എന്നതാണ് നമുക്കൂഹിക്കാൻ കഴുയന്നതിനപ്പുറത്തെന്ന് പറയുമ്പോൾ ഉദ്ദേശിക്കുന്നത്. ദൈവത്തിന്റെ ദയയ്ക്കു മാത്രമേ നമ്മെ മാനസാന്തരത്തിലേക്ക് നയിക്കുവാൻ കഴിയുകയുള്ളു. നമ്മുടെ ഒരു യോഗ്യതയ്ക്കും അതിന് കഴിവില്ല. അല്ലെങ്കിൽ തന്നെ എന്ത് യോഗ്യതയാണ് നമുക്കുള്ളത്? “അല്ലാ, ദൈവത്തിന്റെ ദയ നിന്നെ മാനസാന്തരത്തിലേക്ക് നടത്തുന്നു എന്നറിയാതെ നീ അവന്റെ ദയ, ക്ഷമ, ദീർഘക്ഷാന്തി എന്നിവയുടെ ഐശ്വര്യം നിരസിക്കുന്നുവോ?” (റോമ.2:4).

ഒരു ഭൂമികുലുക്കംകൊണ്ടുണ്ടാകുന്ന നാശനഷ്ടങ്ങളും, ജനലക്ഷങ്ങളുടെ മരണവും ദയവുതോന്നി ദൈവം ഒഴുവാക്കുന്നതിലും വലുതാണ് ഒരു മനുഷ്യന്റെ മാനസാന്തരം. മാനസാന്തരമുള്ള വീണ്ടുംജനനവും അഭിഷേകം പ്രാപിക്കലും. ഒരു വമ്പൻ സുനാമി മുഖാന്തരം ഉണ്ടാകാൻ സാധ്യതയുള്ള നാശനഷ്ടങ്ങളേക്കാൾ എത്രയോ വലുതാണ് ഒരു മനുഷ്യനെ നിത്യതയോളം എത്തിക്കുന്ന അത്ഭുതമാനസാന്തരം. റോമ.2:4-ലെ ഐശ്വര്യം എന്ന പദം ശ്രദ്ധിക്കാമോ? “നമ്മുടെ കർത്താവായ യേശുക്രിസ്തുവും സമ്പന്നനായിരുന്നിട്ടും അവന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നൻ ആകേണ്ടതിന് നിങ്ങൾ നിമിത്തം ദരിദ്രനായിതീർന്ന കൃപ നിങ്ങൾ അറിയുന്നുവല്ലോ” (2 കൊരി.8:9). ഈ വാക്യത്തിലെ കൃപയും ശ്രദ്ധിക്കുക.

എഫേസ്യലേഖനത്തിൽ 1-ാംഅദ്ധ്യായത്തിലെ 7-ഉം 10-ഉം വചനങ്ങൾ കുറിക്കാം. “അവനിൽ നമുക്ക് അവന്റെ രക്തത്താൽ അതിക്രമങ്ങളുടെ മോചനമെന്ന വീണ്ടെടുപ്പുണ്ട്.” “അത് സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ളത് എല്ലാം പിന്നെയും ക്രിസ്തുവിൽ ഒന്നായി ചേർക്കുക എന്നിങ്ങനെ കാലസമ്പൂർണ്ണതയിലെ വ്യവസ്ഥക്കായികൊണ്ടുതന്നെ.” ഫിലി.4:19-ൽ “എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ടൊക്കെയും മഹത്വത്തോടെ തന്റെ ധനത്തിനൊത്തവണ്ണം ക്രിസ്തുയേശുവിൽ പൂർണ്ണമായി തീർത്തുതരും.” നേരത്തെ പറഞ്ഞ ദയയും പിന്നീട് പറഞ്ഞ ഐശ്വര്യവും, ഇപ്പോൾ പറയുന്ന വീണ്ടെടുപ്പും, കാലസമ്പൂർണ്ണതയിലെ വ്യവസ്ഥയുമൊക്കെ സമാനാർത്ഥങ്ങളുള്ള വാക്യങ്ങളാണ്.

## നല്ല പ്രവൃത്തി

എല്ലാവരും വിശ്വസിക്കുകയും കരുതുകയും ചെയ്യുന്ന ഒരു കാര്യമാണ് ദൈവം പ്രവൃത്തിക്കുതക്കവണ്ണം പകരം ചെയ്യും എന്നത്. ഈ ആശയം അനേകം വചനങ്ങളിൽ കാണാം. “മനുഷ്യപുത്രൻ,

# CONTENTS


എഡിറ്റോറിയൽ....2
നല്ല പ്രവൃത്തിയും ന്യായവിധിയും....3-6,8,9
സഹായകനായ പരിശുദ്ധാത്മാവ്....7,10-19
ദൈവീകസാന്നിധ്യം....20-24
ന്യായപ്രമാണത്തിന്റെ നിഴലോ, സ്നേഹപ്രമാണത്തിന്റെ പൊരുളോ?....25-29
ജീവനുള്ള ദൈവത്തിന്റെ സഭ....30-33
വാർത്തകൾ....34

# നല്ല പ്രവൃത്തിയും ന്യായവിധിയും

ദേവസ്യാ മുല്ലക്കര സാർ

തന്റെ പിതാവിന്റെ മഹത്വത്തിൽ തന്റെ ദൂതന്മാരുമായി വരും; അപ്പോൾ അവൻ ഓരോരുത്തനും അവനവന്റെ പ്രവൃത്തിക്കുതക്കവണ്ണം പകരം നൽകും'' (മത്താ.16:27) എന്നും 1 കൊരി.3:8-ൽ "ഓരോരുത്തന് താന്താന്റെ അദ്ധ്വാനത്തിന് തക്കവണ്ണം കൂലി കിട്ടും" എന്നും പറഞ്ഞിരിക്കുന്നു. 2 കൊരി.5:10-ൽ "അവനവൻ ശരീരത്തിലിരിക്കുമ്പോൾ ചെയ്തത് നല്ലതാകിലും തീയതാകിലും അതിന് തക്കവണ്ണം പ്രാപിക്കേണ്ടതിന് നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിനുമുമ്പാകെ വെളിപ്പെടേണ്ടതാകുന്നു.''മാത്രമല്ല വെളിപ്പാട് പുസ്തകം ഇങ്ങനെ പറയുന്നു : "നിങ്ങളുടെ പ്രവൃത്തിക്ക് തക്കവണ്ണം ഞാൻ നിങ്ങൾക്കേവർക്കും പകരം ചെയ്യും'' (2:23). "മരിച്ചവർക്ക് അവരുടെ പ്രവൃത്തികൾക്കടുത്ത ന്യായവിധിയുണ്ടായി'' (20:12). "ഓരോരുത്തനും അവനവന്റെ പ്രവൃത്തിക്ക് തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ പക്കലുണ്ട്" (22:12).

അവനവന്റെ പ്രവൃത്തി എന്നത് വളരെ തെറ്റിദ്ധരിക്കപ്പെട്ട ഒരു സംഭവമാണ്. ഏത് മതജാതി സംസ്ക്കാരത്തിൽപ്പെട്ട വ്യക്തിയാണെങ്കിലും മദർ തെരേസയേപ്പോലെയോ ചാവറയച്ചനേപ്പോലെയോ എല്ലാവർക്കും പണവും മറ്റത്യാവശ്യ സഹായങ്ങളും ചെയ്തുകൊടുത്താൽ അതിനെയാണ് നല്ല പ്രവൃത്തി എന്നുദ്ദേശിക്കുന്നതെന്നാണ് പലരും കരുതുന്നത്. മഹാത്മാഗാന്ധി, ശ്രീനാരായണ ഗുരു എന്നുതുടങ്ങി പലരുടെയും പേരുകൾ പട്ടികയിൽ സ്ഥാനം പിടിച്ചെന്നിരിക്കും. ക്രിസ്ത്യാനികളാണെങ്കിൽ പുരോഹിതന്മാരുടെ നിർദ്ദേശങ്ങൾ വള്ളിപുള്ളി തെറ്റിക്കാതെ പള്ളിക്കർമ്മങ്ങളനുഷ്ഠിക്കും, പാവങ്ങളെ ഒത്തിരി സഹായിക്കുകയും ചെയ്യും - അത്തരക്കാരെയാണോ ഉദ്ദേശിക്കുന്നത്. എന്നാൽ, നല്ല പ്രവൃത്തി എന്നു പറയുന്നത് ദൈവം വെളിപ്പെടുത്തിയിട്ടുള്ള വെളിച്ചത്തിന് വിധേയപ്പെട്ട് അനുസരിക്കുന്നതാണ്. ദൈവീക വെളിപ്പാടുകൾ, അത് വചനാധിഷ്ഠിതമായും, പ്രാർത്ഥനാപൂർവ്വമുള്ള വിശ്വാസാധിഷ്ഠിത ജീവിതത്തിൽ ലഭിക്കുന്ന വിശുദ്ധവെളിപ്പാടുകൾക്കനുസരിച്ച് മാത്രം സംഭവിക്കുന്നതാണ്. ശരിക്കുള്ള മാനസാന്തരം വന്നിട്ട് ദൈവവചനവ്യവസ്ഥയനുസരിച്ച് ചിന്തിക്കുകയും ക്രിസ്തു ഗാഗുൽത്തായിൽ അനുഷ്ഠിച്ച ത്യാഗം നിറഞ്ഞ അഗാപ്പെ സ്നേഹത്തോടെ ആരുടെ ഏത് പാപവും മറന്ന് അഗാധമായ ദൈവസ്നേഹം അനുഭവിച്ച് അത്രയധികം താഴ്മയോടെ ശുശ്രൂഷാജീവിതം നയിക്കലാണ്. പരസ്ത്രീഗമനം നടത്തുന്ന ഭർത്താവിനോടും പരപുരുഷസംഗമം നടത്തുന്ന ഭാര്യയോടും "താനൊന്നുമറിഞ്ഞില്ല ദേവനാരായണ" എന്ന മട്ടിൽ ഉള്ളിലും പുറത്തും പെരുമാറുകയും ആ വ്യക്തി യഥാർത്ഥ ക്രിസ്തുവിന്റെ അനുഗാമിയാകാൻ പ്രാർത്ഥിക്കുകയും ചെയ്ത് പ്രാർത്ഥനയിൽ വിജയം വരിച്ചെടുക്കുക എന്നതാണ്.

മത്തായിയുടെ നന്മ, സകലതും വിട്ട് യേശുവിന്റെ പിന്നാലെ പോവുകയായിരുന്നു. കൊർണേലിയോസിന് പ്രാർത്ഥനയും ദാനധർമ്മവും നിർത്താതെ സുവിശേഷം അനുസരിക്കുന്നതായിരുന്നു 'നന്മ'. ഹാബേലിന്റെ നന്മ, വിശുദ്ധനായിട്ടുകൂടി സ്വയം പാപിയായികണ്ട് ദൈവത്തിന് സ്വീകാര്യമായ ബലിയർപ്പിച്ചു എന്നതായിരുന്നു. പൊടിയിലും ചാരത്തിലും പരാതിയില്ലാതെ സഹിച്ച് ദൈവതിരുമുമ്പിൽ സന്തോഷത്തോടെ വീണാരാധിക്കുക എന്നതായിരുന്നു ഈയ്യോബിന്റ നന്മ.

**<u>മുഖപക്ഷം ഇല്ല</u>**

1. "അവൻ മുഖം നോക്കുന്നില്ല, പ്രതിഫലം വാങ്ങുന്നതുമില്ല'' (ആവ.10:17). 2. "ദൈവത്തിന്റെ പക്കൽ മുഖപക്ഷമില്ലല്ലോ" (റോമ.2:11). 3. "എളിയവന്റെ മുഖം നോക്കാതെയും വലിയവന്റെ മുഖം ആദരിക്കാതെയും നിന്റെ കൂട്ടുകാരന് നീതിയോടെ ന്യായം വിധിക്കേണം" (ലേവ്യ.19:15). 4. "സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിന് പുത്രന്മരായി തീരേണ്ടതിനു തന്നെ; അവൻ ദുഷ്ടന്മാരുടെമേലും നല്ലവരുടെമേലും തന്റെ സൂര്യനെ ഉദിപ്പിക്കയും നീതിമാന്മാരുടെ മേലും നീതി കെട്ടവരുടെമേലും മഴ പെയ്യിക്കുകയും ചെയ്യുന്നുവല്ലോ" (മത്താ.5:45). 5. "ദൈവം മനുഷ്യന്റെ മുഖം നോക്കുന്നില്ല. പ്രമാണികൾ എനിക്കൊന്നും ഗ്രഹിപ്പിച്ചു തന്നിട്ടില്ല" (ഗലാ.2:6). "അവന്റെ പക്കൽ മുഖപക്ഷമില്ലെന്ന് അറിഞ്ഞുകൊണ്ട് അങ്ങനെ തന്നെ അവരോട് പെരുമാറുകയും ഭീഷണിവാക്ക് ഒഴിവാക്കയും ചെയ്യുവിൻ."

**<u>ന്യായപ്രമാണം അനുസരിക്കണം</u>**

ഈ തിരുവചനങ്ങളെല്ലാം

# നല്ല പ്രവൃത്തിയും ന്യായവിധിയും

ദേവസ്യാ മുല്ലക്കര സാർ

സമാന വചനങ്ങളാണ്. ദിവ്യന്യായാധിപനായ സാക്ഷാൽ യേശുക്രിസ്തുവിനെ കൈക്കൂലികൊണ്ട് ഒരിക്കലും സ്വാധീനിക്കുവാൻ കഴിയുകയില്ല. പുറമെ വിശുദ്ധനാണെന്ന് ഭാവിക്കുകയും അകമേ സ്നേഹശൂന്യതയും, അവിശ്വാസവും ആരോടുമുള്ള പരിഹാസവും നിന്ദയും ഒക്കെയാണ് പലർക്കും. പരിശുദ്ധനായ-മുഖംനോട്ടമില്ലാത്തവനായ സാക്ഷാൽ യേശുക്രിസ്തു എന്ന സത്യദൈവത്തിന്റെ മുമ്പിൽ ഭൂമിയിലെ ന്യായാധിപന്മാരുടെ മുഖംനോട്ടമോ, പണംനോട്ടമോ, ആൾനോട്ടമോ ഒന്നും ചിലവാകില്ല. ഉയർന്ന ജാതിയോ താഴ്ന്ന ജാതിയോ എന്ന വ്യത്യാസമൊന്നും നീതിമാനായ ദൈവം ആയ ക്രിസ്തുവിന്റെ മുമ്പിൽ നിലനിൽക്കയില്ല. പ്രാർത്ഥിപ്പാൻ ചെല്ലുന്നവരുടെ വർണ്ണവ്യത്യാസം അവിടുന്ന് നോക്കുന്നില്ല. ദേശവ്യത്യാസവും അവിടുത്തേക്കില്ല.

**കണ്ണാടിയിൽ നോക്കുന്നവൻ**

ന്യായപ്രമാണം കേൾക്കുന്നവരാണധികവും, അനുസരിക്കുന്നവരല്ല. കേട്ടതുകൊണ്ടായില്ല, അനുസരിക്കണം. യാക്കോബിന്റെ ലേഖനത്തിൽ 'എല്ലാ അഴുക്കും ദുഷ്ടതയും ആധിക്യവും വിട്ട് നിങ്ങളുടെ ആത്മാക്കളെ രക്ഷിക്കുവാൻ ശക്തിയുള്ളതും ഉൾനട്ടതുമായ വചനം സൗമ്യതയോടെ കൈക്കൊൾവിൻ. എങ്കിലും വചനം കേൾക്കുക മാത്രം ചെയ്തുകൊണ്ട് തങ്ങളെത്തന്നെ ചതിക്കാതെ അതിനെ ചെയ്യുന്നവരായും ഇരിപ്പിൻ. ഒരുത്തൻ വചനം കേൾക്കുന്നവനെങ്കിലും ചെയ്യാത്തവനായി ഇരുന്നാൽ അവൻ തന്റെ സ്വാഭാവികമുഖം കണ്ണാടിയിൽ നോക്കുന്ന ആളോട് ഒക്കുന്നു (1:21,22,23). ന്യായപ്രമാണത്തിന്റെയൊ പുതിയനിയമത്തിന്റെയോ അതിൽതന്നെ സങ്കീർത്തനങ്ങളുൾപ്പെടെ പലതിന്റെയും കൈവശാവകാശം ആരെയും നീതീകരിക്കുന്നില്ല. ഉജ്ജ്വലമായ പ്രസംഗനൈപുണിയുടെയോ, ഗാനാലാപനം പൊഴിക്കലിന്റെയോ പ്രവചന - രോഗശാന്തികളുടെ ആധിക്യമോ ഇവയെല്ലാംകൂടെയോ ഒരിക്കലും ഒരുവനെയും നീതീകരിക്കുന്നില്ല. ഹൃദയത്തിൽ പരിശുദ്ധാത്മനിറവും പെരുമാറ്റത്തിൽ സ്നേഹവും ഇവയാണ് ഒരുവനെ നീതീകരിക്കുക.

**അനുസരണം**

സഭയിലും, വീട്ടിലും, സമൂഹത്തിലും ദൈവത്താൽ വിളിയും തിരെഞ്ഞെടുപ്പും കിട്ടിയവനായിരിക്കും നേതാവ്. അവനെ അനുസരിക്കുവാൻ ബാക്കിയുള്ളവർക്ക് കഴിയണം. നേതൃത്വത്തെ അനുസരിക്കുക എന്നത് ഏറ്റവും വലിയ കൃപയാണ്. സ്വയം നേതാവ് ചമയുന്നവർ ചിലരുണ്ടാകും. അവർ ഇടർച്ചക്ക് കാരണമായെന്നും വരും. പക്ഷേ, നാം എത്ര വളർന്നാലും നേതൃത്വത്തെ സംശയിക്കാതെ അനുസരണം കാത്ത്സൂക്ഷിച്ചാൽ സഭയിലും സമൂഹത്തിലും വീട്ടിലും കൂടുതൽ ദൈവപ്രവൃത്തി വെളിപ്പെടുക തന്നെ ചെയ്യും. പഴയനിയമത്തിലെ മോശയെയും പുതിയനിയമത്തിലെ പത്രൊസ് പൗലൊസ്മാരെയും അനുസരിച്ചവർക്കെല്ലാം അത് കൃപയ്ക്ക് കാരണമായി. നിങ്ങളുടെ സഭയിൽ നിരവധി ആളുകളുണ്ടാകാം. കൂടുതൽ സ്തോത്രകാഴ്ചകൾ ലഭിച്ചേക്കാം. നിങ്ങൾ ഒരു നേതൃത്വവാസന വളർത്തിയെടുക്കാൻ ശ്രമിക്കുന്നുണ്ടാകാം. നിങ്ങൾ ചില വ്യക്തികളെ പിന്തുടർന്ന് അവർക്ക് ഉപദേശവും സുവിശേഷവും കൊടുക്കുന്നുണ്ടാകാം. എന്നാൽ നേതാക്കളെ ഹൃദയംകൊണ്ട് അനുസരിക്കുന്നില്ലെങ്കിൽ, അവരെ ഇടയ്ക്കിടക്ക് പൊക്കി പറഞ്ഞ് 'സോപ്പിടുന്നതുകൊണ്ടോ ഒന്നും കാര്യമില്ല, ദൈവമെല്ലാം കാണുകയും അറിയുകയും ചെയ്യുന്നു. ഒരു ആത്മീയനേതാവിന്റെ ബാഗ് രഹസ്യമായി പരിശോധിച്ച് അതിനുള്ളിലുണ്ടായിരുന്ന പണം എടുത്തുകൊണ്ടുപോയിട്ട്, ഞാനൊന്നുമറിഞ്ഞില്ല എന്ന മട്ടിൽ ആ നേതാവിനോടും സഭയോടും ഭയങ്കര സുഖിപ്പിക്കൽ പെരുമാറ്റം നടത്തിക്കൊണ്ടിരിക്കുന്നവരെ നിങ്ങൾക്കറിയാമോ? എനിക്കറിയാം. ഇത്തരക്കാർക്കുണ്ടാകാനിരിക്കുന്ന ന്യായവിധി ഭയങ്കരമായിരിക്കും. സഭയിലെ നേതാവ് അഭിഷിക്തൻ; വീട്ടിലെ നേതാവ് സ്ത്രീയുടെ ഭർത്താവും മക്കളുടെ പിതാവും; സമൂഹത്തിലെ നേതാവ് പ്രത്യേകം തിരെഞ്ഞെടുക്കപ്പെട്ടവൻ.

**എന്തിനെല്ലാമാണ് ന്യായവിധി**

"എന്നാൽ മനുഷ്യൻ പറയുന്ന ഏത് നിസ്സാരവാക്കിനും ന്യായവിധി ദിവസത്തിൽ കണക്ക് ബോധിപ്പിക്കേണ്ടിവരുമെന്ന് ഞാൻ നിങ്ങളോട് പറയുന്നു" (മത്താ.12:36). തെറിവാക്കെന്ന് മാത്രമാണ് അർത്ഥമെന്ന് കരുതണ്ട. നുണവാക്കെന്നു മാത്രമാണെന്നർത്ഥമെന്നും കരുതണ്ട. അവയൊന്നും ഒരിയ്ക്കലും പാടി

# നല്ല പ്രവൃത്തിയും ന്യായവിധിയും

ദേവസ്യാ മുല്ലക്കര സാർ

ല്ല. എന്നാൽ അനുസരണില്ലായ്മയുടെയും കബളിപ്പിക്കലിന്റെയും സുവിശേഷവിപരീതങ്ങളുടെയും വാക്കുകൾ.

**പ്രവൃത്തിക്കും ന്യായവിധി**

"അവനവൻ ശരീരത്തിലിരിക്കുമ്പോൾ ചെയ്തത് നല്ലതാകിലും തീയതാകിലും അതിന് തക്കവണ്ണം പ്രാപിക്കേണ്ടതിന് നാമെല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിനുമുമ്പാകെ വെളിപ്പെടേണ്ടതാകുന്നു" (2 കൊരി.5:10). ഏതാണ് ബൈബിളുദ്ദേശിക്കുന്ന പ്രവൃത്തി? ചീത്ത പ്രവൃത്തികളൊന്നും ഒഴിവാക്കുന്നില്ല. എന്നാൽ മാനസാന്തരത്തിലേക്കും സുവിശേഷത്തിന്റെ വളർച്ചയിലേക്കും നയിക്കാത്ത പ്രവൃത്തികളെയാണ് കൂടുതൽ വിവക്ഷിക്കുന്നത്. "ആകയാൽ കർത്താവ് വരുവോളം സമയത്തിനു മുമ്പേ ഒന്നും വിധിക്കരുത്. അവൻ ഇരുട്ടിൽ മറഞ്ഞിരിക്കുന്നത് വെളിച്ചത്താക്കി, ഹൃദയങ്ങളുടെ ആലോചനകളെ വെളിപ്പെടുത്തും; അന്ന് ഓരോരുത്തനും ദൈവത്തിങ്കൽ നിന്ന് പുകഴ്ചയുണ്ടാകും" (1 കൊരി.4:5). തെറ്റായ ആലോചനകൾക്കും, പരിശുദ്ധാത്മാവിൽ നിന്നല്ലാതെ പരിശുദ്ധാത്മാവിൽ നിന്നാണെന്ന് മറ്റുള്ളവർക്ക് തോന്നലുണ്ടാക്കിക്കൊടുത്തുകൊണ്ടുള്ള ദുരാലോചനകൾക്കും ന്യായവിധിയുണ്ടാകും. ദൈവഹിതപ്രകാരമല്ലാത്ത എല്ല രഹസ്യങ്ങൾക്കും ന്യായവിധിയുണ്ടാകും (സഭാ.12:1).

**പൗലൊസ് പ്രസംഗിച്ച സുവിശേഷം**

ന്യായപ്രമാണനീതീകരണമെന്നും സുവിശേഷത്തിൽ പറയുന്ന വിശ്വാസനീതീകരണമെന്നും നീതീകരണത്തെ രണ്ടായി തിരിക്കാം. സുവിശേഷം വിശ്വാസനീതീകരണത്തിന്റെ ഇരുപത്തിയേഴ് ഗ്രന്ഥങ്ങളുടെ സമാഹാരമാണ്. ന്യായപ്രമാണപ്രകാരമായിരിക്കും തങ്ങൾ വിധിക്കപ്പെടുകയെന്നാണ് പഴയനിയമവക്താക്കളായ യഹൂദന്മാരായ ഫരിസേയർ വിശ്വസിച്ചിരുന്നത്. എന്നിട്ടും അവർ ന്യായപ്രമാണങ്ങൾ മറ്റുള്ളവരോട് പറയുക മാത്രമേ ചെയ്യുമായിരുന്നുള്ളൂ. അനുസരിക്കില്ലായിരുന്നു അവ. അഥവാ ജീവിതത്തിൽ ന്യായപ്രമാണം വേണ്ടത്ര നടപ്പാക്കുകയില്ലായിരുന്നു.

**മാനദണ്ഡം - സുവിശേഷം**

പക്ഷേ ന്യായപ്രമാണം വാഗ്ദത്തം ചെയ്യുന്നത്, മരണമാണ്, അഥവാ ശിക്ഷയാണ്. എന്നാൽ സുവിശേഷം വാഗ്ദത്തം ചെയ്യുന്നത് ജീവനാണ്, സമൃദ്ധമായ ജീവനാണ് (യോഹ.10:10). രക്ഷിച്ച് രൂപാന്തരപ്പെടുത്തുന്നതാണ് സുവിശേഷം. കുറ്റവാളികളെ കണ്ടുപിടിക്കലാണ് ഫലങ്ങൾ. ശിക്ഷ പ്രഖ്യാപിക്കാനല്ലാതെ വിജയവും വിശുദ്ധീകരണവും പ്രഖ്യാപിക്കുവാൻ ന്യായപ്രമാണത്തിന് കഴിയുന്നില്ല. കുറ്റം ബോധ്യപ്പെടുത്തൽ അത്രതന്നെ. ന്യായപ്രമാണം ശിക്ഷിച്ച് അർദ്ധപ്രാണനായി അനേകരെ ഇട്ടേച്ച് പോകും. ക്ഷമിച്ച് മുറിവുകൾ വെച്ചുകെട്ടി സുഖപ്പെടുത്തി അയയ്ക്കും സുവിശേഷം. സുവിശേഷമാണ്, സുവിശേഷം വിശ്വസിക്കലാണ്, വിശ്വസിച്ച് ഏറ്റെടുക്കലാണ്, അവ അനുസരിക്കുന്നതാണ്, കൃപയിലേക്ക് നയിക്കപ്പെടുന്നത്. അങ്ങനെ മാത്രമേ കൃപയി

(ശേഷം 8-ാം പേജിൽ)



# സഹായകനായ പരിശുദ്ധാത്മാവ്



പാ. രാധാകൃഷ്ണൻ (ചർച്ച് ഓഫ് ഇറ്റേണിറ്റി, തൃപ്പൂണിത്തുറ)
ഫോൺ : 8086425080

**സ്വ**യംകൃതാനർത്ഥങ്ങളിൽ കുടുങ്ങിയ ലോകത്തെ രക്ഷിക്കാനാണ് ലോകരക്ഷിതാവായി യേശു വന്നത്. അത്, സർവ്വസ്രഷ്ടാവായ ദൈവത്തിന് മനുഷ്യനോടുള്ള ദയയും സ്നേഹവും തന്റെ കാരുണ്യാതിരേകത്താൽ പ്രകടമാക്കുവാനുള്ള സമീപനമായിരുന്നു. തന്റെ സൃഷ്ടിയായ മനുഷ്യൻ അധിവസിക്കുന്ന ഭൂമിയിലേക്ക് അവൻ ജഡം ധരിച്ചവനായി വന്ന് അവർക്കിടയിലൂടെ നടന്നുപോയി. ഘനഗംഭീരമായ ഇടിനാദത്തിനൊത്ത ശബ്ദത്തിനു പകരം അവന്റെ മദുവാക്കുകൾ, അത്യുഷ്ണത്തിൽ പെയ്തിറങ്ങി ഭൂമിയെ തണുപ്പിച്ച മഴയുടെ സാന്ത്വനത്തിലുമുപരിയായിരുന്നു. അവന്റെ ഒരു സ്പർശനം, അവർക്ക് കേവലം ആശ്വാസത്തിലുപരി സൗഖ്യവും വിടുതലുമായിത്തീർന്നു. തന്റെ ത്യാഗോജ്ജ്വലമായ മൂന്നരവർഷത്തോളമുള്ള ശുശ്രൂഷക്കൊടുവിൽ "തന്നെത്താൻ നമുക്കുവേണ്ടി കൊടുത്തു" (തീത്തോ.2:14), സകലത്തിലും നിവർത്തി വരുത്തി.

യെരുശലേമിലും പ്രാന്തപ്രദേശങ്ങളിലും ആ നാളുകളിൽ അവിടെ സംഭവിച്ച കാര്യങ്ങൾ അറിയാത്തവരായി ആരും ഉണ്ടാകാതെയിരിക്കുകയില്ല. എന്നാൽ, 'രണ്ടായിരം ആണ്ടുകൾക്കപ്പുറത്തുള്ളൊരീ വൻ മഹാത്യാഗത്തെ' പുറംലോകമറിയുന്നതെങ്ങനെ? മണൽകാറ്റുകൾ ആ രംഗവേദിയെ മൂടിപ്പുതപ്പിച്ചിരുന്നു; കാലം അവശേഷിപ്പിച്ച മൂകസാക്ഷികളായ സ്മാരകശിലകൾക്കും ദൈവത്തിന്റെ ഈ പ്രവൃത്തികളെക്കുറിച്ച് ഒന്നും വിവരിക്കുവാനറിഞ്ഞുകൂടാ. എന്നാൽ, കറുത്ത മഷിയിൽ കുത്തിക്കുറിച്ച ചുരുളുകൾക്കുള്ളിൽ സത്യം നിഗൂഢമായി ഒളിഞ്ഞിരിക്കുന്നുണ്ടായിരുന്നു: "ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല; ഞാൻ നിങ്ങളുടെ അടുക്കൽ വരും" (യോഹ.14:18). ഉൽകണ്ഠാകുലരായ ശിഷ്യന്മാരോട് യേശു അന്ന് പറഞ്ഞതിന് തുല്യപ്രാധാന്യം തന്നെ; അവൻ ഇന്നലെയും ഇന്നും എന്നും ഉള്ളവനാണ്. അവൻ വീണ്ടും പറയുന്നു: "എങ്കിലും, പിതാവ് എന്റെ നാമത്തിൽ അയയ്ക്കാനുള്ള പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ (സഹായകൻ) നിങ്ങൾക്ക് സകലവും ഉപദേശിച്ചുതരികയും ഞാൻ നിങ്ങളോട് പറഞ്ഞതൊക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും" (യോഹ.14:26). ഞാൻ നിങ്ങളോട് പറഞ്ഞതൊക്കെയും എന്നത് നമ്മെ സംബന്ധിച്ചെന്താണ്? പലയാവർത്തികളിൽ നാമും വചനം കേട്ടവരാണ്. എന്നാൽ ഒന്നും വേണ്ടതുപോലെ ഗ്രഹിച്ചിരിക്കില്ല; അതിനാൽ പലരും പഴയ അവസ്ഥയിൽ തന്നെ തുടരുന്നു.

സത്യം അറിഞ്ഞില്ലെങ്കിൽ ആർക്കും ദൈവം ഒരുക്കിയ ആത്മീയ സ്വാതന്ത്ര്യം ലഭിക്കില്ല. സത്യം അറിയാത്തവൻ വഴിതെറ്റിയ ആടായ് പെരുവഴിയിൽ തന്നെയാണ്. കർത്താവിനു മാത്രമേ ഇതിൽ നമ്മെ സഹായിക്കാൻ സാധിക്കൂ. വാഗ്ദത്തങ്ങളിൽ വിശ്വസ്തനായ ദൈവം അത് ചെയ്യും. ഈ യുഗത്തിൽ കർത്താവ് വാഗ്ദത്തം ചെയ്ത പരിശുദ്ധാത്മാവാണ് വിശ്വസിക്കുന്ന ഏവരുടെയും സഹായകൻ. സാക്ഷാൽ ഏകസത്യദൈവമായ 'യഹോവയുടെ നാമത്തിൽ' വന്നവനാണ് യേശു (യോഹ.5:43, 17:6); അതായത്, ദൈവത്തിന്റെ വാക്കും പ്രവൃത്തിയുമാണ് യേശുവിന്റേത്. അതിനാലാണ് യേശുവിനെക്കുറിച്ച് "അവൻ അദൃശ്യനായ ദൈവത്തിന്റെ സ്വരൂപം" എന്നും "അവനിലല്ലോ ദൈവത്തിന്റെ സർവ്വസമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നത്" (കൊലോ.1:15, 2:9) എന്നും എഴുതിയിരിക്കുന്നത്. ഇവിടെയിതാ യേശു തനിക്കായുള്ളവരോട് പരിശുദ്ധാത്മാവനെക്കുറിച്ച് പറയുന്നതും 'എന്റെ നാമത്തിൽ' അയയ്ക്കാനുള്ള പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ എന്നാണ് (But the Helper, the Holyspirit, whom the Father will send in my name). "പിതാവിന് അഥവാ ദൈവത്തിന് ഉള്ളതൊക്കെയും യേശുവിന്റേതുമായിരുന്നു" (യോഹ.16:15, 14:9, 10:30). "അവൻ (പരിശുദ്ധാത്മാവ്) എനിക്കുള്ളതിൽ നിന്നെടുത്ത് നിങ്ങൾക്ക് അറിയിച്ചുതരും" (യോഹ.16:14) എന്നും "അവൻ സ്വയമായി സംസാരിക്കാതെ താൻ കേൾക്കു

(ശേഷം 10-ാം പേജിൽ)

# നല്ല പ്രവൃത്തിയും ന്യായവിധിയും

ദേവസ്യാ മുല്ലക്കര സാർ

(6-ാം പേജിൽ നിന്നും തുടർച്ച)

ലേക്ക് നയിക്കപ്പെടുകയുള്ളു.

**യഹൂദന്റെ (ഫരിസേയത്വമുള്ളവരുടെ) മനസ്സ്**

പുറമേ ദൈവത്തെ പുകഴ്ത്തുകയും രഹസ്യമായി പാപത്തിൽ വീഴുകയും ചെയ്യുന്ന ഒരു അവസ്ഥ സ്വാഭാവികമായും മനുഷ്യനുണ്ട്. ആ അവസ്ഥ കൂടുതലാണ് യഹൂദനും യഹൂദവംശത്തിൽ പെട്ടാലും പെട്ടില്ലെങ്കിലും ഫരിസേയത്വമുള്ള എല്ലാവർക്കും. "ഹേയ് അന്യനെ ഉപദേശിക്കുന്നവനേ, നീ നിന്നെത്തന്നെ ഉപദേശിക്കാത്തതെന്ത്? മോഷ്ടിക്കരുത് എന്ന് പ്രസംഗിക്കുന്ന നീ മോഷ്ടിക്കുന്നുവോ? വ്യഭിചാരം ചെയ്യരുത് എന്ന് പറയുന്ന നീ വ്യഭിചാരം ചെയ്യുന്നുവോ? വിഗ്രഹങ്ങളെ വെറുക്കുന്ന നീ ക്ഷേത്രം കവർച്ച ചെയ്യുന്നുവോ? ന്യായപ്രമാണത്തിൽ പ്രശംസിക്കുന്ന നീ ന്യായപ്രമാണ ലംഘനത്താൽ ദൈവത്തെ അപമാനിക്കുന്നുവോ" (റോമ.2:21,22,23). ന്യായപ്രമാണം അനുസരിക്കുവാനുള്ളതാണ്. അനുസരിച്ചാൽ അത് പുതിയനിയമത്തിലെ കൃപാസ്നേഹമാകും."നീ കുരുടർക്ക് വഴി കാട്ടുന്നവൻ, ഇരുട്ടിലുള്ളവർക്ക് വെളിച്ചം, മൂഢരെ പഠിപ്പിക്കുന്നവൻ, ശിശുക്കൾക്ക് ഉപദേഷ്ടാവ് എന്ന് ഉറച്ചിരിക്കുന്നു" (റോമ.2:20).

"അവർ പറയുക മാത്രം ചെയ്യുന്നു. ഒന്നും പ്രവർത്തിക്കുന്നില്ല. അവർ ഘനമുള്ള ചുമടുകൾ കെട്ടി മനുഷ്യരുടെ തോളിൽ വെയ്ക്കുന്നു. അവർ ഒരു വിരൽകൊണ്ടുപോലും തൊടുന്നില്ല" (മത്താ.23:3,4). അവർ ദേവാലയത്തെ കള്ളന്മാരുടെ ഗുഹയാക്കുന്നു (മത്താ.20:13). ഭാര്യയെ ഉപേക്ഷിക്കുന്നതിലൂടെ അവർ വ്യഭിചാരികളായിതീരുന്നു (മത്താ.19:9).

**മനുഷ്യന്റെ ഒരു X-Ray**

"ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിതീർന്നു" (റോമ.3:23). "നീതിമാനാരുമില്ല. ഒരുത്തൻ പോലുമില്ല. ഗ്രഹിക്കുന്നവനില്ല. ദൈവത്തെ അന്വേഷിക്കുന്നവനുമില്ല. എല്ലാവരും വഴി തെറ്റി ഒരുപോലെ കൊള്ളരുതാത്തവരായിതീർന്നു. നന്മ ചെയ്യുന്നവനുമില്ല, ഒരുത്തൻ പോലുമില്ല. അവരുടെ തൊണ്ട തുറന്ന ശവക്കുഴി. നാവുകൊണ്ട് അവർ ചതിക്കുന്നു. സർപ്പവിഷം അവരുടെ അധരങ്ങൾക്കു കീഴെയുണ്ട്. അവരുടെ വായിൽ ശാപവും കയ്പ്പും നിറഞ്ഞിരിക്കുന്നു. അവരുടെ കാൽ രക്തം ചൊരിയുവാൻ ബദ്ധപ്പെടുന്നു. നാശവും അരിഷ്ടതയും അവരുടെ വഴികളിലുണ്ട്. സമാധാനമാർഗ്ഗം അവർ അറിഞ്ഞിട്ടില്ല. അവരുടെ ദൃഷ്ടിയിൽ ദൈവഭയമില്ല"(റോമ.3:10-18, ഉല്പ.6:5, 1 രാജാ.8:46, സങ്കീ.14:3, സങ്കീ.53:3, സദൃശ.20:9, സഭാ.7:20, യേശ.53:6, 64:6, മിഖാ.7:2, ഗലാ.3:22, 1 യോഹ.1:8, 5:19). ഒരു സാധാരണ മനുഷ്യന്റെ ആത്മാവിന്റെ X-Ray ഇങ്ങനെയിരിക്കുമെങ്കിൽ ബിഷപ്പ് ഫ്രാങ്കോ മുളയ്ക്കലിന്റേത് എത്രയോ ഭയാനകമായിരിക്കും?

**പാപരോഗി**

മനുഷ്യൻ, പാപം എന്ന തീരാരോഗം പിടിപെട്ടവനായി ദൈവതിരുമുമ്പിൽ നിൽക്കുന്നു എന്ന സത്യം ഈ തിരുവചനങ്ങളിലൂടെ നാമറിയുന്നു. ദൈവം എന്ന എല്ലാ ഡോക്ടർമാരുടെയും ഡോക്ടർ ശരീരവും മനസ്സും മുഴുവൻ രോഗനിർണ്ണയം നടത്തി (diagnosis) തന്റെ രക്തമെന്ന ആന്റിബയോട്ടിക് കൊടുത്ത് തന്റെ ആത്മാവിലൂടെ ശസത്രക്രിയ നടത്തി പൂർണ്ണവിടുതൽ നൽകുന്നു.

തുറന്ന ശവക്കുഴിയാകുന്ന തൊണ്ടയുമായി അവർ കള്ളം മാത്രം പറയുന്നു. പുറത്തുനിന്ന് മനുഷ്യന്റെയടുത്തേക്ക് എത്തുന്നതല്ല, അകത്തുനിന്ന് പുറത്തേക്ക് വരുന്നതാണ് മനുഷ്യനെ അശുദ്ധനാക്കുന്നത് (മർക്കോ.7:18-23). തൊണ്ട സംസാരിക്കാൻ മാത്രമല്ല വിഴുങ്ങുവാനും ഉപയോഗിക്കുന്നു. ഇരയെ വിഴുങ്ങുന്ന ചില മൃഗങ്ങളോ പാമ്പുകളോ ഉണ്ടല്ലോ.

സർപ്പവിഷം (അണലിവിഷം) അവരുടെ അധരങ്ങൾക്കു കീഴെയുണ്ട് (സങ്കീ.140:3, ഇയ്യോ.20:11, യേശ.11:8). മറ്റുള്ളവരിലേക്ക് കുത്തിവെയ്ക്കുന്ന അധികം വിഷമയമായ വാക്കുകളെയാണ് ഉദ്ദേശിക്കുന്നത്. കൊല്ലുന്ന പദങ്ങൾ, സർപ്പം വളഞ്ഞാണ് സഞ്ചരിക്കുന്നത്, ജീവിതത്തിലും വാക്കിലും വളവും പുളവുമുള്ളവർ. വായിലെ കയ്പ്പും, ശാപവും പക, കോപം, ഭിന്നത മുതലായവയെ കാണിക്കുന്നു. ഏറ്റവും ഭീകരം ദുഷിച്ച ആണയിടലും ദൈവദൂഷണം പറച്ചിലുമാണ്. ഉത്തമഗീതങ്ങളിൽ 5:16 -ൽ പറയുന്ന അവന്റെ വായ് ഏറ്റവും മധുരമായി ആയിരിക്കേണ്ട സ്ഥാനത്ത്, യാക്കോ.3:6-ൽ പറയുന്ന നരകത്തീ

# നല്ല പ്രവൃത്തിയും ന്യായവിധിയും

ദേവസ്യാ മുല്ലക്കര സാർ

കത്തിക്കുന്ന അവസ്ഥ സംജാതമാകും.

കാൽ രക്തം ചൊരിയുന്നതാണെന്ന് പറയുമ്പോൾ കൊലപാതകത്തിലേക്ക് നയിക്കുന്ന പാപസ്വഭാവമാണത്. ആദ്യമനുഷ്യന്റെ ആദ്യമകൻ കൊലയാളിയായില്ലേ? (ഉല്പ.4:5–8). എല്ലാ പാപങ്ങളുടെയും അടിസ്ഥാനകാരണം, ദൈവഭയം ഇല്ലായ്മയാണ്. യഹോവയോടുള്ള ഭയത്തെ ജ്ഞാനമെന്നാണ് സങ്കീർത്തകൻ വിളിക്കുന്നത് (സങ്കീ.111:11). "യഹോവഭക്തി ജ്ഞാനത്തിനറെ ആരംഭമാകുന്നു.

ഒരു വലിയ ജലപ്രളയം കേരളത്തിൽ 20018–ൽ ഓഗസ്റ്റിലുണ്ടായിട്ട് സാംസസ്ക്കാരിക സമന്വയ നേതാക്കന്മാരുൾപ്പെടെ ചാനൽ ശുശ്രൂഷക്കാരുൾപ്പെടെ ഒരാളും ദൈവഭയമുണ്ടാകേണ്ട കാര്യം പറയാതിരുന്നത് ബൈബിൾ പഠനത്തിന്റെ കുറവുകൊണ്ടുതന്നെയാണ്. മഴയും ബണ്ട് തുറക്കലുംകൊണ്ടാണ് വെള്ളപ്പൊക്കദുരിതമുണ്ടായതെന്നും നല്ലപോലെ എല്ലാ രാജ്യങ്ങളും കേന്ദ്രഗവൺമെന്റും സർക്കാരുദ്യോഗസ്ഥന്മാരും സഹകരിച്ചാൽ ഒരു പുതിയ കേരളമുണ്ടാക്കാമെന്ന് മുഖ്യമന്ത്രിയുൾപ്പെടെ പ്രമുഖരൊക്കെ പറഞ്ഞപ്പോൾ അവരൊക്കെ പറയേണ്ടിയിരുന്നത് ദൈവഭയമില്ലാതെ ജീവിച്ചതുകൊണ്ടാണെന്നും ഇനി ദൈവഭയത്തോടെ ജീവിക്കണമെന്നുമാണ്.

**ജഡത്തിന്റെ പ്രവൃത്തികൾ**

1. ദുർനടപ്പ് – ഒട്ടും ലൈംഗീകാരാജകത്വത്തിലേക്ക് മനസ്സാവാചാ കർമ്മണാ പോകരുത് – പോകുന്നതാണ് ദുർനടപ്പ്. സ്ത്രീയും പുരുഷനും ചിന്തകൊണ്ട് പോലും പാതിവ്രത്യം സൂക്ഷിക്കണം.

2. അശുദ്ധി – മരുന്നുവെച്ചു കെട്ടി സുഖപ്പെടാത്ത മുറിവിൽനിന്നും പഴുപ്പ് ഒഴുകിക്കൊണ്ടിരിക്കും, ദുർമണം വരും. ദൈവത്തെ സമീപിക്കാൻ മനുഷ്യനെ മടിയനാക്കുന്നത് ഹൃദയത്തിലെ അശുദ്ധി.

3. ദുഷ്കാമം – അടക്കമൊതുക്കമില്ലായ്മയുടെ സ്വഭാവത്തോടെ കാമാവേശം വാക്കിലും അവയവങ്ങളുടെ അശ്രദ്ധയോടെയുള്ള ചലനങ്ങളിലും കാണിക്കലാണ് ദുഷ്കാമം.

4. വിഗ്രഹാരാധന – മനുഷ്യനിർമ്മിതങ്ങളായ ദൈവങ്ങളെ വണങ്ങുകയോ ആരാധിക്കുകയോ ചെയ്യുന്നതാണ് വിഗ്രഹാരാധന.

5. ആഭിചാരം – മന്ത്രവാദം, കൂടോത്രം, ത്രീയേകദൈവത്തിനുള്ള വചനാധിഷ്ഠിതമല്ലാത്ത ജപമാല ചൊല്ലൽ ഉൾപ്പെടെയുള്ളവയൊക്കെയും ആഭിചാരത്തിൽ പെടുന്നു.

6. പക – സഹജീവികളോട് ശത്രുതാമനോഭാവത്താലുള്ള പെരുമാറ്റം.

7. പിണക്കം – മത്സരവും വൈരവും അവയോട് ബന്ധപ്പെട്ടുണ്ടാകുന്ന ശണ്ഠയും വഴക്കും

8. ജാരശങ്ക – തനിക്കില്ലാത്തത് മറ്റൊരാൾക്കുണ്ടാകുമ്പോഴുണ്ടാകുന്ന സംശയവും ദേഷ്യവും ഇടകലർന്ന ചീത്തവികാരം (അസൂയ)

9. ക്രോധം – കോപത്തിന്റെ ജ്വലനം അഥവാ സ്ഫോടനം

10. ശാഠ്യം – തൻകാര്യം ജയിക്കണമെന്ന വാശി.

11. ദ്വന്ദപക്ഷം – അനൈക്യം, ഇരുപക്ഷത്തും നിൽക്കുക.

12. ഭിന്നത – വിഭാഗീയത

13. അസൂയ – മറ്റുള്ളവരുടെ വിജയത്തിലുണ്ടാകുന്ന അസന്തുഷ്ടി

14. മദ്യപാനം – കുടിച്ച് കുടിച്ച് വീര്യം വർദ്ധിപ്പിക്കൽ

15. വെറിക്കൂത്ത് – അഴിഞ്ഞാടൽ

**ആത്മാവിന്റെ ഫലങ്ങൾ (ഗലാ.5:22,23).**

1. സ്നേഹം – കാൽവരിയിൽ വെളിപ്പെട്ടതുപോലെയുള്ള വികാരം (അഗാപ്പെ)

2. സന്തോഷം – ദൈവം മുഖാന്തരവും വചനം മുഖാന്തരവും ഉള്ള ആനന്ദം

3. സമാധാനം – ദൈവത്തോട് അങ്ങോട്ടും ദൈവത്തിന് ഇങ്ങോട്ടും വിശ്വാസികൾ തമ്മിൽ തമ്മിലുമുള്ള സമവായ അനുഭവം.

4. ദീർഘക്ഷമ – കഷ്ടങ്ങളിലും പീഢകളിലും എപ്പോഴും ക്ഷമിക്കാൻ കഴിയുന്നത്

5. ദയ, 6. കരുണ – കർത്താവിന് കുഞ്ഞുങ്ങളോടുള്ള മനോഭാവം പോലെയുള്ള നമ്മുടെ സ്വഭാവം.

7. പരോപകാരം – മറ്റുള്ളവരോട് തോന്നുന്ന ദയ മൂലമുള്ള പ്രവൃത്തി

8. സൗമ്യത – ശിഷ്യന്മാരുടെ കാൽ കഴുകിയ ക്രിസ്തുവിന്റെ മനസ്സ് അഥവാ ദൈവഹിതത്തിന് കീഴടങ്ങുക

9. ഇന്ദ്രിയജയം – വിശ്വാസിയുടെ ലൈംഗികവിജയം. വികാരവിചാരങ്ങളെ നിയന്ത്രിക്കാനുള്ള കഴിവ്. ഗലാത്യലേഖനത്തിൽ 5:24–ൽ ക്രിസ്തുയേശുവിനുള്ളവർ ജഡത്തെ അതിന്റെ രാഗമോഹങ്ങളോടെ ക്രൂശിച്ചിരിക്കുന്നു എന്ന് നാം കാണുന്നു. ഈ ജഡം മരിച്ചതെന്ന് എണ്ണണം. എന്നിട്ട് ആത്മാവിൽ നാം ജീവിക്കണം ●

# സഹായകനായ പരിശുദ്ധാത്മാവ്

പാ.രാധാകൃഷ്ണൻ

(7-ാം പേജിൽ നിന്നും തുടർച്ച)

ന്നത് സംസാരിക്കുകയും വരുവാനുള്ളത് നിങ്ങൾക്ക് അറിയിച്ചുതരികയും ചെയ്യും" (യോഹ.16:13) എന്നും പറയുന്നു.

ദൈവത്തിൽ നിന്നുമുള്ള രക്ഷയും സകല ആത്മീയനന്മകളും നമുക്ക് ഭൂമിയിൽ ആവിഷ്ക്കരിച്ച ദൈവം തന്നെയാകുന്ന ദൈവപുത്രനാണ് യേശു. സമ്പൂർണ്ണ മനുഷ്യനായ യേശുവിന്റെയുള്ളിൽ നിറഞ്ഞിരിക്കുന്ന ദൈവം (പിതാവ്) തന്നെയാണ് തന്റെ ആത്മാവിനാൽ (പരിശുദ്ധാത്മാവ്) യേശുവിൽ സകലതും ചെയ്യുന്നതും. ഒരേ സമയത്ത് സമ്പൂർണ്ണ ദൈവമായിരിക്കാനും സമ്പൂർണ്ണ മനുഷ്യനായിരിക്കാനും യേശുവിന് സാധിക്കുന്നത് എങ്ങനെയെന്ന നിഗൂഢത ദൈവാത്മാവിനാൽ അഥവാ പരിശുദ്ധാത്മാവിനാൽ മാത്രമേ മനുഷ്യർക്ക് ഗ്രഹിക്കുവാൻ സാധിക്കൂ (1 കൊരി.2:10). പരിശുദ്ധാത്മാവിനെ "മറ്റൊരു കാര്യസ്ഥൻ" (യോഹ.14:16) എന്നു പറയുന്നിടത്ത് അതിന്റെ മൂലഭാഷയിൽ ഗ്രീക്കിൽ 'പാരാക്ലിറ്റോസ്' (Parakletos) എന്നാണ് പറയുക. അതിന്, 'കൂടെ' എന്ന അർത്ഥത്തിൽ, അതേ ദൈവസ്വഭാവവും സമത്വവും ഉള്ളവൻ എന്നാണ് വിവക്ഷ. അല്ലാതെ, പിതാവെന്ന ദൈവത്തിൽ നിന്നും പുത്രനാം ദൈവത്തിലൂടെ വരുന്ന കേവലം ഒരു അസിസ്റ്റന്റ് എന്ന അർത്ഥത്തിലല്ല അവതരിപ്പിക്കുന്നത്. പിതാവും പുത്രനും പരിശുദ്ധാത്മാവും ആകുന്ന ഏകദൈവത്തിന്റെ ലക്ഷ്യം, സൃഷ്ടിയിൽ സകലതും നല്ലതെന്ന് കണ്ടതിൽ നിന്ന് (ഉല്പ.1:31) പിന്നെയും അതിന്റെ പൂർണ്ണതയിൽ, വീണ്ടെടുത്ത് വിശുദ്ധീകരിച്ച് ക്രിസ്തു മുഖാന്തരം ക്രിസ്തുവിൽ പൂർണ്ണത വരുത്തുക എന്നതാണ് (കൊലോ.1:20). സൃഷ്ടിയുടെ മകുടമായ, തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ച മനുഷ്യനിൽ ഒരു പാപരഹിതനായ പൂർണ്ണ മനുഷ്യനെ വാർത്തെടുക്കുക (റോമ.8:29,30, 2 കൊരി.3:18) എന്നതാണ് ദൈവത്തിന് - ക്രിസ്തുവിന്, ദൈവം തന്നെയാകുന്ന തന്റെ ആത്മാവിനാൽ, പരിശുദ്ധാത്മാവിനാൽ ചെയ്യുവാനുള്ളത്.

ദൈവം, ക്രിസ്തുവായ് ആവിഷ്ക്കരിച്ചിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായിട്ടൊന്നും പരിശുദ്ധാത്മാവാം ദൈവത്തിന് ഈ കാലയളവിൽ ചെയ്യുവാനില്ല. 'ദൈവത്തിനുള്ളതെല്ലാം പുത്രനിലുമുണ്ട്; ദൈവം നീതിപൂർണ്ണനും വിശുദ്ധിപൂർണ്ണനുമായിരിക്കുന്നതുപോലെയാണ് ക്രിസ്തുവും. മനുഷ്യനിലെ സകല അശുദ്ധിയും പാപവും ക്രൂശിലെ വചനാനുഭവത്തിലൂടെ യേശുവിൽ നീക്കി അവനിൽ നിറഞ്ഞ് അവനെ യേശുവിൽ ഒരു പൂർണ്ണമനുഷ്യനാക്കുക എന്ന മഹാദൗത്യമാണ് ഈ സഭായുഗത്തിൽ പരിശുദ്ധാത്മാവ് ചെയ്യുക (എഫേ.4:24, കൊലോ.3:10). മനുഷ്യന് ദൈവത്തോട് അടുക്കുവാനും ദൈവത്തെ ക്രിസ്തുവായി കൈക്കൊള്ളാനുമുള്ള സകല തടസ്സങ്ങളെയും ദൈവം യേശുവിൽ ക്രൂശിലെ യാഗത്തിനാലും മരണത്തിലൂടെയും നീക്കി, വിശ്വസിക്കുന്ന ഏത് മനുഷ്യനെയും നീതീകരിക്കുകയും (1 തിമൊ.3:16, റോമ.3:24), വിശുദ്ധീകരിക്കുകയും (എബ്രാ.10:14,15). ദൈവത്തോട് സമാധാനബന്ധമുണ്ടാക്കുകയും ചെയ്തു (റോമ.5:1).

ഉയിർത്തെഴുന്നേറ്റ, തേജസ്ക്കരിക്കപ്പെട്ട യേശു ആത്മശരീരമാണ്. വചനം മാംസം ധരിച്ചവൻ, ആത്മാവിനാൽ തേജസ്ക്കരിക്കപ്പെട്ട ശരീരം ധരിച്ചവനായി ഉയിർത്തു. അടച്ചിട്ട ജനവാതിലുകൾ തുറക്കാതെ ശിഷ്യന്മാരുടെ മുന്നിൽ അവൻ പ്രത്യക്ഷപ്പെട്ടത് നമുക്ക് മനസ്സിലാക്കുവാൻ ഒരു ഉദാഹരണം മാത്രം. "കർത്താവ് ആത്മാവാകുന്നു" (2 കൊരി.3:17). പരിശുദ്ധാത്മാവ് "കർത്താവിന്റെ ആത്മാവുമാണ്" (2 കൊരി.3:17). എന്നാൽ നാം വളരെ വ്യക്തമായി മനസ്സിലാക്കേണ്ട ഒരു കാര്യം, ദൈവം തന്റെ ആത്മാവിനെ നേരിട്ടല്ല ഒരുവനിലേക്ക് പകരുക. ഒരു ഗ്ലാസ്സ് നിറയെ ശുദ്ധജലം കുടിക്കുക എന്നതിലുപരി ഒരു ഗ്ലാസ്സ് നിറയെ പഴച്ചാർ കുടിക്കുക എന്നതുപോലെയുള്ള വ്യത്യാസം ഇവിടെയുണ്ട്. യേശു ഇന്നും എന്നും ദൈവപുത്രനും മനുഷ്യപുത്രനുമായി ജീവിക്കുന്നതുപോലെ നാമും നിത്യമായി ജീവിക്കണമെങ്കിൽ അവന്റെ 'ശരീരം ഭക്ഷിക്കുകയും രക്തം പാനം ചെയ്യുകയും വേണം,' അവനിൽ വളരുവാൻ. അഗ്രാഹ്യമായ ഈ വചനത്തെ യേശു ശിഷ്യന്മാർക്ക് വ്യാഖ്യാനിച്ചുകൊടുത്തു; "ശരീരം ഒന്നിനും ഉപകരിക്കുന്നില്ല, ആത്മാവാണ് ജീവൻ നൽകുന്നത്. ഞാൻ ഈ പറഞ്ഞ വാക്കുകൾ ആത്മാവും ജീവനുമാകുന്നു" (യോഹ.6:63). വചനമാകുന്ന കർത്താവും ആത്മാവാകുന്ന കർത്താവും തമ്മിലുള്ള അഭേദ്യതയെ ഇവിടെ കാണാം. രക്തമില്ലാത്ത ശരീരം നിർജ്ജീവമായിരിക്കുന്നതുപോലെ, പരിശുദ്ധാത്മാവിനെ കൂടാതെയുള്ള വചനപഠനവും ശുശ്രൂഷയും നിരർത്ഥകമായ

# സഹായകനായ പരിശുദ്ധാത്മാവ്

പാ.രാധാകൃഷ്ണൻ

സമയംപോക്കൽ മാത്രമാണ്.

ദൈവം സുവിശേഷത്തിലൂടെ പരിശുദ്ധാത്മാവിനാൽ ഒരു മനുഷ്യനെ സമീപിക്കവെ അവൻ മാനസാന്തരപ്പെട്ട് തുടങ്ങും. ഇത് ത്രിയേകദൈവത്തിന്റെ സമീപനമാണ്. പരിശുദ്ധാത്മാവ് ത്രീയേകദൈവമാണ്. നസ്രത്തിലെ മറിയത്തിന്റെമേൽ പരിശുദ്ധാത്മാവ് കടന്നു വരുന്നതുമുതൽ കാൽവരിയിലെ യേശുവിന്റെ യാഗമരണത്തിലൂടെയും അടക്ക ഉത്ഥാനത്തിലൂടെയും പരിശുദ്ധാത്മാവ് ഒരു മനുഷ്യനെ സുവിശേഷവചനത്തിലൂടെ കടത്തിവിടുമ്പോൾ അവൻ ഒരു പുതുമനുഷ്യനായി തീരുവാൻ അവന്റെ ഹൃദയം ഒരുക്കപ്പെടുന്നു. എന്നാൽ ഇത് തുടക്കം മാത്രമാണ്; പരിശുദ്ധാത്മാവ് മനുഷ്യനിൽ മാനസാന്തരത്തിലൂടെയും വീണ്ടുംജനനത്തിലൂടെയും ഒരു പുതിയ തുടക്കത്തിന്, വളർച്ചക്ക് തുടക്കം കുറിയ്ക്കുകയാണ്. ഒരു ദൈവപൈതൽ വളർന്ന് ദൈവത്തിന്റെ പുത്രനായി തീരുക എന്ന ക്രിസ്തു എന്ന ശിരസ്സോളമുള്ള വളർച്ചയ്ക്കായി, ലളിതാഹാരം വിട്ട് കട്ടിയുള്ള ആഹാരം കഴിച്ച് വളരുന്നതുപോലെ ദൈവാത്മാവിനാൽ നടത്തപ്പെടുക എന്ന പ്രായോഗിക ജീവിതത്തിൽ വളരേണ്ടതുണ്ട്.

കർത്താവായ യേശു അന്ന് ചെയ്തതുപോലെ ഇന്നും പരിശുദ്ധാത്മാവ് പ്രവർത്തിച്ചുകൊണ്ടേയിരിക്കുന്നു. ആത്മാവ് വചനത്തിലൂടെ ഇടപെടുന്നു, രോഗികളെ സൗഖ്യമാക്കുന്നു, ഭൂതങ്ങളെ പുറത്താക്കുന്നു. മരിച്ചവരെ ഉയിർപ്പിക്കുന്നു, പാപികൾ മാനസാന്തരപ്പെടുന്നു. സമ്പൂർണ്ണ വിടുതലുകൾ നടക്കുന്നു. വേദപുസ്തകത്തിലെ അപ്പൊസ്തലപ്രവൃത്തികൾ പരിശുദ്ധാത്മാവിന്റെ പ്രവർത്തികളാണ്. സത്യദൈവത്തെക്കുറിച്ച് വ്യക്തമായ അവബോധമില്ലാത്ത ഒരു ശുശ്രൂഷകൻ എങ്ങനെയാണ് ജനത്തിന് ത്രിത്വത്തെക്കുറിച്ച് സത്യപരിജ്ഞാനം നൽകുക. പരിശുദ്ധാത്മാവിനാൽ പുത്രനിലൂടെ മാത്രമേ ഒരു മനുഷ്യന് ദൈവത്തെ അറിയുവാൻ സാധിക്കുകയുള്ളൂ (2 യോഹ. 9,10) എന്നിരിക്കെ, ചിലർ പേരുകൊണ്ട് 'യഹോവ സാക്ഷികൾ' അല്ലെങ്കിലും പഴയനിയമ പുസ്തകത്താളുകളിലൂടെ മാത്രം സഞ്ചരിക്കുന്നതെന്തുകൊണ്ടാണ്. യേശുവിനെ ഘോഷിക്കാതെയുള്ള പരിശുദ്ധാത്മകൃപാവരശുശ്രൂഷകൾ എത്ര മാത്രം അപൂർണ്ണമാണെന്നും ചിലർ അറിയുന്നുവോ! വരങ്ങളും ഫലവും ഒരുപോലെ പുറപ്പെട്ടുവരണം; ഫലം ക്രിസ്തുവാണ് (ഗലാ.5:22,23), ക്രിസ്തുവിന്റെ ആന്തരികഭാവമാണ്. പരിശുദ്ധാത്മാവ് ദൈവപുത്രനെ മഹത്വപ്പെടുത്തുന്നു. ദൈവപുത്രനുള്ള സകല മഹത്വവും പിതാവായ ദൈവത്തിനുള്ള മഹത്വം തന്നെയാണ് (യോഹ.16:14, ഫിലി.2:11). പലരും ഇതിൽ, അടിസ്ഥാനം തെറ്റിയതിനാൽ പരാജയപ്പെടുന്നു.

യഥാർത്ഥ ആത്മീയജീവിതത്തിനായുള്ള ശക്തിസ്രോതസ്സാണ് പരിശുദ്ധാത്മാവ്. ക്രൈസ്തവ ആത്മീകമണ്ഡലത്തിൽ അനേകരും പരാജിതരായിത്തീരുവാനുള്ള കാരണം, ത്രിത്വത്തെക്കുറിച്ചും അതിൽ പരിശുദ്ധാത്മാവാം ദൈവത്തെക്കുറിച്ചുമുള്ള അറിവില്ലാത്തതിനാലും, എങ്ങനെയാണ് അഭിഷേകം പ്രാപിക്കുക എന്ന വ്യവസ്ഥകളറിഞ്ഞ് വിധേയപ്പെടാത്തതിനാലും ആണ്. ക്രൂശിതനായ ക്രിസ്തുവിന്റെ ദർശനവെളിപ്പാട് ലഭിക്കുന്ന ഒരു മനുഷ്യനിലാണ്, തന്റെ ഹൃദയത്തിന്റെ അത്യഗാധത്തിൽ നിന്നുയർത്തുന്ന മാനസാന്തരത്തിന്റെ നിലവിളിയിൽ ദൈവാത്മാവിന്റെ ഉൾപ്രവേശത്തിനുള്ള വഴിയൊരുക്കലുകൾ നടക്കുന്നത്. ദൈവഭയം അഥവാ ഭക്തി അവനെ പാപത്തിൽനിന്നും അകന്നുനിൽക്കാൻ പ്രാപ്തനാക്കും; അവന്റെ വാക്കിലും ജീവിതചര്യകളിലും മാറ്റം കണ്ടുതുടങ്ങുകയും ചെയ്യും. ദൈവകൃപ അവന്റെ ബുദ്ധിമണ്ഡലങ്ങളെ തൊട്ടുണർത്തി തുറക്കുകയും ദൈവാത്മാവ് സുവിശേഷത്തിന്റെ മർമ്മം വെളിപ്പെടുത്തിക്കൊടുക്കുകയും ചെയ്യും.

## പരിശുദ്ധാത്മാവാം ദൈവം

സാരാംശത്തിലും സത്തയിലും ശക്തിയിലും നിത്യതയിലും തുല്യരാണ് പിതാവും പുത്രനും പരിശുദ്ധാത്മാവും. പുസ്തകത്തിന്റെ ആരംഭം മുതൽ അവസാനം വരെയും – ഉല്പത്തി മുതൽ വെളിപ്പാട് പുസ്തകം വരെയും ദൈവത്തിന്റെ പുസ്തകത്തിൽ നിന്നും ആത്മാവിനാൽ കണ്ടെത്താവുന്ന ദൈവീകമർമ്മമാണിത്. ജലത്തിന്റെ മൂന്നവസ്ഥകളായ ഖരം, ദ്രാവകം, വാതകം എന്നീ പ്രകൃതിയുടെ ഉദാഹരണങ്ങളോ, ഒന്നിനെ ഒന്നുകൊണ്ട് മൂന്ന് പ്രാവശ്യം ഗുണിച്ചാൽ കിട്ടുന്ന ഫലം ഒന്നുതന്നെ എന്ന ഉദാഹരണത്തിലൂടെയോ ഗ്രഹിക്കാവുന്നതല്ല ത്രിത്വമർമ്മം. സൃഷ്ടിയിലും രക്ഷണ്യപ്രവൃത്തിയിലും പരിപാലനത്തിലും ത്രീയേകദൈവത്തിലെ മൂന്ന് ആളത്വങ്ങൾ ഒരുമിച്ച് പ്രവർത്തിക്കുന്നു എന്ന് കാണാവുന്നതാണ്. ഉല്പത്തിപുസ്തകം ആരംഭിക്കുന്നത് തന്നെ

# സഹായകനായ പരിശുദ്ധാത്മാവ്

പാ.രാധാകൃഷ്ണൻ

'ഏലോഹിം' (ദൈവം) എന്ന ബഹുവചനരൂപത്തിലാണ്. നമുക്ക് 'നമ്മുടെ ഛായയിലും സാദൃശത്തിലും മനുഷ്യനെ സൃഷ്ടിക്കാം' എന്ന ബഹുവചനപ്രയോഗത്തിലും ഈ വൈവിധ്യം കാണാം. ഇത്, ഉല്പ.1:1,2,3 വാക്യങ്ങളിൽ കാണുന്ന പിതാ, പുത്ര, പരിശുദ്ധാത്മാവു തന്നെ. പിതാവ് ദൈവമെന്ന് പറയുന്ന വചനഭാഗങ്ങൾ പഴനിയമത്തിലുടനീളവും പുതിയനിയമത്തിലുമുണ്ട് (യേശ.63:16, യിര.3:18,19, മലാ.1:6, യൂദാ. 1, റോമ.9:8, യോഹ.6:27, 8:37-39, 1 കൊരി.8:6, 1 പത്രൊ.1:2) പുത്രനും ദൈവമെന്ന് പഴയ-പുതിയനിയമത്തിൽ കാണാം (യേശ.9:6, 10:21, സങ്കീ.24:8, തീത്തോ.2:13, റോമ.9:5, കൊലോ.2:9, യോഹ.20:28, എബ്രാ.1:8, 1 യോഹ.5:20, യോഹ.1:1,2).

പരിശുദ്ധാത്മാവാം ദൈവത്തിന്റെ ആധികാരികത സുവ്യക്തമായി പുതിയനിയമത്തിലാണ് കാണുക. പഴയനിയമത്തിൽ പരിശുദ്ധാത്മാവിനെക്കുറിച്ച് 80 തവണയോളം പറയുമ്പോൾ പുതിയനിയമത്തിൽ പരിശുദ്ധാത്മാവിന്റെ സജീവത ശ്രദ്ധേയമാണ്. പുത്രനാം ദൈവം തന്റെമേൽ വന്ന് തന്നിൽ അധിവസിച്ച പരിശുദ്ധാത്മാവിനാലാണ് സകലതും നിവർത്തിയാക്കിയത് (യോഹ.19:30, മത്താ.3:16, 1 തിമൊ.3:16). ഞാൻ 'ഈ പറയുന്ന വാക്കുകൾ എന്റെ പിതാവിന്റേതാണെന്നും' 'പിതാവ് എന്നിൽ വസിച്ച് തന്റെ പ്രവൃത്തികൾ ചെയ്യുകയാണെന്ന്' യേശു പറയുമ്പോഴും 'എന്റെ പിതാവ് എപ്പോഴും പ്രവർത്തിക്കുന്നു ഞാനും പ്രവർത്തിക്കുന്നു' എന്നും പറയവേയും യേശു തന്നെയാണ് പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്നത്. മനുഷ്യൻ കേൾക്കുക കാണുക, യേശു പരിശുദ്ധാത്മാവിന്റെ അഭിഷേകത്താലും ശക്തിയാലും രോഗികളെ സൗഖ്യമാക്കുകയും അത്ഭുതങ്ങളും വീര്യപ്രവൃത്തികളും ചെയ്യുകയും പിശാചിനെ പുറത്താക്കുകയും നന്മ ചെയ്തുംകൊണ്ട് സഞ്ചരിച്ചത് (അപ്പൊ.10:38) ദൈവത്തിന്റെ കൂട്ടായ്മ പ്രവർത്തിയാണ്. ദൈവം ആത്മാവാകുന്നു (യോഹ.4:24). പുത്രൻ (കർത്താവ്) ആത്മാവാകുന്നു (2 കൊരി.3:17). പരിശുദ്ധാത്മാവ് ആത്മാവ് ആകുന്നു (യേശ.48:16).

പിതാവായ ദൈവം സർവ്വശക്തനായിരിക്കുന്നതുപോലെ (ഉല്പ.17:1) പുത്രനാം ദൈവവും സർവ്വശക്തനായിരിക്കുന്നതുപോലെ (എഫേ.1:20-23, എബ്രാ.1:3). പരിശുദ്ധാത്മാവും സർവ്വശക്തനായ ദൈവമാണെന്ന് വേദപുസ്തകം പഠിപ്പിക്കുന്നു (ഇയ്യോ.33:4, ഉല്പ.1:2, ലൂക്ക.1:35). ദൈവം സർവ്വവ്യാപിയായിരിക്കുന്നതുപോലെ (യിര.23:23,24, സദൃശ്.15:3) പുത്രനും സർവ്വവ്യാപിയാണ് (മത്താ.18:20, 28:20). പരിശുദ്ധാത്മാവും സർവ്വവ്യാപിയാണ് (സങ്കീ.139:7-10). ദൈവത്തിന്റെ സർവ്വജ്ഞാനം (സങ്കീ.94:10, ദാനി.2:22,23, റോമ.11:33) തന്നെയാണ് പുത്രനിലുമുള്ളത് (1 കൊരി.1:30, കൊലോ.2:3, യോഹ.16:30).

മുകളിൽ പ്രതിപാദിച്ചിരിക്കുന്നതുപോലെ തന്നെ പരിശുദ്ധാത്മാവ് ദൈവത്തിന്റെ ആത്മാവും (1 കൊരി.6:11, റോമ.8:9) അവൻ ജഡത്തിൽ വെളിപ്പെട്ടവനായ ക്രിസ്തുവിന്റെ ആത്മാവുമാണ് (റോമ.8:9, 1 പത്രൊ.1:11). ദൈവത്തിന്റെ എല്ലാ ഗുണങ്ങളും ത്രിത്വത്തിലൊരുപോലെയിരിക്കുമെങ്കിലും ഓരോരുത്തരും വേറെ വ്യക്തിത്വമുള്ള വ്യക്തികളാണ്. പിതാവ് പുത്രനെയും പുത്രൻ പിതാവിനെയും സംബോധന ചെയ്യുന്നതുപോലെ യേശുവും പരിശുദ്ധാത്മാവിനെ ഒരു വ്യക്തിയായിട്ട് അവതരിപ്പിക്കുന്നു. "അവൻ" (യോഹ.16:13, 15:26, 16:8) എന്ന് സംബോധന ചെയ്ത് പരിചെയപ്പെടുത്തുന്നത് കാണാം. യേശുവിന്റേതായ എല്ലാ വ്യക്തിപ്രഭാവങ്ങളും മറ്റൊരു കാര്യസ്ഥനായ പരിശുദ്ധാത്മാവ് പ്രകടമാക്കവെ ദൈവത്തിന്റെ പൂർണ്ണപ്രതിപുരുഷനായി പരിശുദ്ധാത്മാവ് സഭയിൽ ഇടപെടുന്നത് കാണാം.

സ്വന്തമായ ഇച്ഛാശക്തിയുള്ള (1 കൊരി.12:11) വനായ, വികാരങ്ങളുള്ളവനായ (എഫേ.4:30) പരിശുദ്ധാത്മാവ്, സഭയോട് - ദൈവജനത്തോട് സംസാരിക്കുകയും (യോഹ.15:26, 2 പത്രൊ.1:21) പഠിപ്പിക്കുകയും (യോഹ.14:26) നയിക്കുകയും (റോമ.8:14) വഴി നടത്തുകയും (യോഹ.16:13), കല്പിക്കുകയും (അപ്പൊ.8:29), വാദിക്കുകയും (ഉല്പ.6:3). പക്ഷവാദം നടത്തുകയും (റോമ.8:26) നിയോഗിച്ചയക്കുകയും (അപ്പൊ.13:4) അനുസരണത്തിലേക്ക് നടത്തുകയും (അപ്പൊ.10:19-20) ചെയ്യുന്ന ദൈവമാണ്. ഒരു മനുഷ്യനെ ക്രിസ്തുവിൽ വീണ്ടും ജനിപ്പിക്കുകയും (യോഹ.3:5,

# സഹായകനായ പരിശുദ്ധാത്മാവ്

പാ.രാധാകൃഷ്ണൻ

തീത്തോ.3:5, യോഹ.1:13). ക്രിസ്തുവിനെ മനുഷ്യന്റെ ആത്മാവിൽ പകർന്നു നൽകുകയും, (ഗലാ.4:6, ലൂക്ക.1:35), അവനെ ആത്മാവിൽ മുദ്രയിടുകയും (എഫേ.1:13), അവനിൽ അധിവസിക്കുകയും (1 കൊരി.6:19), ശക്തീകരിക്കുകയും (അപ്പൊ.1:8) തുടർന്ന് വിശുദ്ധീകരിക്കുകയും ചെയ്യുന്നതുമായ വിശുദ്ധിയുടെ ആത്മാവും (റോമ.1:14) പരിശുദ്ധാത്മാവു തന്നെയാണ്. യേശുവാകുന്ന സത്യം നമുക്ക് പകർന്നു തരുന്ന സത്യത്തിന്റെ ആത്മാവും (യോഹ.16:13) നിത്യജീവന്റെ ആത്മാവും (റോമ.8:2,11) സാക്ഷാൽ പരിശുദ്ധാത്മാവാം ദൈവം തന്നെയാണ്. പിതാവിൽ നിന്നും പുത്രനിലൂടെ പുറപ്പെട്ടു വരുന്നതായ ദൈവാത്മാവ് (അപ്പൊ.2:33) നമ്മെ ക്രിസ്തുവെന്ന തലയോളം വളർത്തുകയും പുനരുത്ഥാനത്തിന് പ്രാപ്തനാക്കുകയും ചെയ്യുന്നു.

**പരിശുദ്ധാത്മാവിനെ ലഭിക്കുന്നതെങ്ങനെ - വ്യവസ്ഥകൾ**

ആത്മാവാം ദൈവം സർവ്വവ്യാപിയെങ്കിലും മനുഷ്യന്റെയുള്ളിൽ വന്ന് അനുഭവവേദ്യമാകുമാറ് അധിവസിച്ചിരുന്നില്ല. ദൈവത്തിന്റെ കല്പനപ്രകാരമാണ് സമാഗമനകൂടാരവും ആലയവും നിർമ്മിച്ചിരുന്നത് എങ്കിലും, അവയിലൊന്നും അവൻ വസിച്ചിട്ടില്ല. പ്രാർത്ഥനയുമായി വരുന്ന ശരണാർത്ഥിയെ അനുഗ്രഹിക്കുമാറ് അവിടുത്തെ സാന്നിധ്യം പലപ്പോഴായി ഉണ്ടായിരുന്നു എന്നതല്ലാതെ. അവൻ ഇവയിലൊന്നും സ്ഥിരമായി വാസം ചെയ്തില്ല (1 രാജാ.8:27, അപ്പൊ.7:4, 7,50). ദൈവത്തിന് പ്രസാദകരമല്ലാതായിത്തീർന്ന ആലയആചാരാനുഷ്ഠാന വ്യവസ്ഥകളെ നീക്കിക്കൊണ്ട് ഒരു പുതിയ വ്യവസ്ഥിതിയെയും വാസസ്ഥലത്തെയും സ്ഥാപിക്കുന്നതിനെക്കുറിച്ച് യേശു തന്റെ ശിഷ്യന്മാരോട് വെളിപ്പെടുത്തി (യോഹ.2:13-22, മത്താ.16:18,21). സകല അശുദ്ധിയെയും നീക്കി പഴയതിനെ തച്ചുടച്ച് പുതിയ ഒന്നിനെ വാർത്തെടുക്കുന്നതിന്റെ ചിത്രമാണ്, ക്രിസ്തുവിന്റെ യാഗമരണത്തിലൂടെയും അടക്ക-ഉത്ഥാനത്താലും ദൃശ്യമാകുന്നത് (തീത്തോ.2:14). വിശ്വസിക്കുന്ന ഏതൊരു മനുഷ്യനേയും ക്രിസ്തു ഈ വചനാനുഭവത്തിലൂടെ കടത്തിവിട്ട് അതായത് ക്രിസ്തുയേശു ചെയ്തതൊക്കെയും വിശ്വസിക്കുന്ന നാമോരോരുത്തർക്കും പകരമായി ചെയ്തതാണെന്ന വിശ്വാസബോധ്യം വരുത്തി, അവനെ ഒരുക്കി ദൈവത്തിന് അധിവസിക്കുമാറുള്ള ഒരു ശിഷ്യനാക്കി - വിശുദ്ധമനുഷ്യ സമൂഹമാക്കി തീർക്കുന്നു; ഇതാണ് ദൈവത്തിന്റെ സഭ. സഭ എന്ന ദേവാലയം പണിയുന്നത് കർത്താവിന്റെ ആത്മാവാണ്. സമർപ്പിതരായിത്തീരുന്ന ഓരോ വിശുദ്ധരെയും, കർത്താവ് തന്റെ സഭയോട് ഒരു ആത്മീയ ശിലയായി ചേർത്തു നിർത്തി പണിതുയർത്തുന്നു. അങ്ങനെ പരിശുദ്ധാത്മാവിനാൽ ത്രീയേക ദൈവം അധിവാസം ചെയ്യുന്ന ഒരു മന്ദിരമായി സഭ തീരുന്നു (2 കൊരി.6:16, 2 കൊരി.3:16, 6:19,20).

കാര്യഗൗരവത്തിലേക്ക് കടക്കട്ടെ. വസ്തുതകൾ ഇങ്ങനെയൊക്കെയാണെങ്കിലും നാമോരോരുത്തരും എങ്ങനെയാണ് ഇതിന്റെ ഭാഗമാവുക. സ്വർഗ്ഗസ്ഥനായ ദൈവം (1 രാജാ.8:30, മത്താ.6:9) മനുഷ്യന്റെയുള്ളിൽ വസിക്കുന്നതെങ്ങനെ; സർവ്വവ്യാപിയായവൻ ഇതെങ്ങനെ സാധ്യമാക്കും? സ്ഥലകാലങ്ങളുടെ പരിമിതവൃത്തത്തിനുള്ളിൽ കുടുങ്ങിക്കിടക്കുന്ന മനുഷ്യനെ അതിൽ നിന്നും വിടുവിച്ച് നീതിയുടെയും വിശുദ്ധിയുടെയും പാതയിൽ നടത്തി, ഒടുവിൽ നിത്യതയുടെ അനന്തവിഹായസ്സിലേക്ക് കരേറ്റുവാനാണ് യേശു വന്നത് (യോഹ.14:6). മനുഷ്യർക്കിത് തീർത്തും അസാധ്യമെങ്കിലും വിശ്വസിക്കുന്ന ഏതൊരുവനും പരിശുദ്ധാത്മാവിനാലിത് സുസാധ്യമാണ്. പാപിയായൊരു മനുഷ്യനിൽ പാപത്തിന്റെ ആത്മാവാണുള്ളത്; പാപമോചനം ലഭിക്കുന്നവരിൽ വിമോചകനായ ദൈവം വന്ന് വസിക്കും. പരിശുദ്ധാത്മാവിനെ ലഭിക്കണമെങ്കിൽ ദൈവം നൽകുന്ന വിശ്വാസമെന്ന വചനവ്യവസ്ഥക്ക് വിധേയപ്പെടേണ്ടതുണ്ട്. എന്നാൽ, ദൈവം ഈ വ്യവസ്ഥകൾക്കെല്ലാം ഉപരിയായിട്ടുള്ളവനാണെന്നും അറിയേണ്ടതുണ്ട്. വചനവ്യവസ്ഥകൾ ഏതൊക്കെയെന്ന് നോക്കാം; അനുസരിക്കുന്നവർക്ക് അഭിഷേകം ലഭിക്കുന്നു.

**1. മാനസാന്തരവും സ്നാനവും**

ദൈവത്തിന്റെ സ്വന്തം ജനമായിരുന്ന യഹൂദൻ വ്യതശുദ്ധിയോടെ സമാഗമനകൂടാരത്തിലേക്കും ദേവാലയത്തിലേക്കും പ്രവേശിക്കുമായിരുന്നു. എന്നാൽ ദൈവം തന്റെ സ്വന്തം കൈകൊണ്ട് നിർമ്മിച്ച സഭ എന്ന ദേവാലയത്തിലേക്ക് പ്രവേശിക്കണമെ

# സഹായകനായ പരിശുദ്ധാത്മാവ്

പാ.രാധാകൃഷ്ണൻ

ങ്കിൽ ന്യായപ്രമാണവ്യവസ്ഥകളാൽ സാധ്യമല്ല. സുവിശേഷം കേൾക്കവേ, അജ്ഞതയുടെ കാലത്തുണ്ടായിരുന്ന തന്റെ സകല പാപങ്ങളെയുമോർത്ത് മാനസാന്തരപ്പെടുകയും വിശ്വാസത്താൽ യേശുവിന്റെ രക്തത്താൽ കഴുകൽ പ്രാപിക്കുകയും ചെയ്യുന്ന ഒരു വ്യക്തിക്ക് മാത്രമേ ക്രിസ്തുവാകുന്ന വാതിലിലൂടെ യഥാർത്ഥ സഭയിൽ ചേരുവാൻ കഴിയുകയുള്ളു. അവന്റെ ഉള്ളിലേ ആത്മാവ് ഉൾവസിക്കുകയുള്ളു. ക്രൂശിൽ യേശു തന്റെ ശരീരമെന്ന വിരി കീറിയപ്പോൾ തന്നെ യെരുശലേം ദേവാലയത്തിന്റെ തിരശ്ശീല മുകളറ്റം മുതൽ കീഴറ്റം വരെ കീറിപ്പോയതിന്റെ ചരിത്രം സുവിശേഷത്തിൽ വരച്ചുവെച്ചിട്ടുണ്ട് (മത്താ.27:51, അപ്പൊ.10:19). എന്നാൽ ദൈവത്തിന്റെ ആലയം സ്വർഗ്ഗീയ യെരുശലേം സഭയാണ്; അതിവിടെ പണിതുകൊണ്ടിരിക്കുകയാണ് (1 കൊരി.3:10, എഫേ.2:20-22, 1 പത്രൊ.2:4,5, വെളി.2:2,3).

എല്ലാവരും പാപത്തിൻകീഴിൽ അകപ്പെട്ടവരാണെന്ന വചനസത്യം (ഗലാ.3:22) നിലനിൽക്കവേയാണ്, യേശുവിന്റെ വരവിന് മുന്നോടിയായി മാനസാന്തരത്തിന്റെ സന്ദേശവുമായി സ്നാപകയോഹന്നാൻ കടന്നുവരുന്നത്. വരുവാനുള്ളവൻ അടുത്തെത്തിയെന്ന് കേട്ടവർ പലരും സ്നാപകനാൽ മാനസാന്തരസ്നാനമെടുത്തെങ്കിലും, മശിഹായാകുന്ന യേശു അവരുടെ നടുവിൽ കടന്നുവന്ന്, അവരുടെ വ്യവസ്ഥിതികളെ മാറ്റി, മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിക്കണമെന്ന് പറഞ്ഞപ്പോൾ അവർ ഏവരും അവനെ തള്ളിക്കളഞ്ഞു (യോഹ.1:11). എന്നാൽ കർത്താവിനെ അനുഗമിച്ചവരായ ഒരു കൂട്ടം അവനിൽ വിശ്വസിക്കുകയും വാഗ്ദത്തത്തിൻ പരിശുദ്ധാത്മാവിനായി കാത്തിരിക്കുകയും ചെയ്തു (യോവേ.2:28, യെഹ.36:26, ലൂക്ക. 24:49). പെന്തക്കൊസ്ത്നാളിൽ അഭിഷേകശക്തി പ്രാപിച്ച പത്രൊസിന്റെ കന്നിപ്രസംഗം പരിശുദ്ധാത്മാവിന്റെ ശക്തിപ്രകടനമായിരുന്നു. പത്രൊസിലൂടെ പുറപ്പെട്ടുവന്ന ഇരുതലമൂർച്ചയുള്ള വാളെന്നപോലെയുള്ള സുവിശേഷത്തിന്റെ ശക്തി, കേട്ടുനിന്ന യഹൂദന്മാരുടെ നെഞ്ചകത്തെ കുത്തിത്തുളച്ചു. ഞങ്ങൾ ഇനി എന്തു ചെയ്യണമെന്ന അവരുടെ ചോദ്യത്തിന് പത്രൊസ് പറഞ്ഞ മറുപടിയാണ് ഏവർക്കുമുള്ള പരിശുദ്ധാത്മാഭിഷേകത്തിനുള്ള വാതിൽ തുറവി. "നിങ്ങൾ മാനസാന്തരപ്പെട്ട് നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുവൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേൽക്കുവിൻ; എന്നാൽ പരിശുദ്ധാത്മാവെന്ന ദാനം ലഭിക്കും" (അപ്പൊ.2:38).

ഒരു മനുഷ്യൻ ദൈവത്താൽ രക്ഷിക്കപ്പെടാനുള്ള ത്രീയേകദൈവത്തിന്റെ കല്പനയാണ് മാനസാന്തരവും സ്നാനവും (മത്താ.28:19, ലൂക്ക.13:3, മർക്കോ.16:16) ന്യായവിധിയുടെ അഗ്നിപ്രളയത്തെ ക്രൂശിൽ ജയിച്ചവനായ യേശു, പരിശുദ്ധാത്മാവിനെ നൽകുന്നത് ആർക്കാണെന്നാൽ, പാപകരമായ പഴയ ജീവിതത്തെ പാടെയുപേക്ഷിച്ചുകൊണ്ട് ദൈവത്തിലേക്ക് തിരിയുകയും വിശുദ്ധജലസ്നാനത്തിലൂടെ ക്രിസ്തുവിന്റെ മരണ-അടക്ക ഉത്ഥാനങ്ങളോ സ്നാനത്താൽ താദാത്മ്യം പ്രാപിച്ച് ചേരുകയും ചെയ്യുന്നവർക്കാണ് പുതിയ സൃഷ്ടിയാകണമെങ്കിൽ, പുതുജനനം പ്രാപിക്കണമെങ്കിൽ, മാനസാന്തരപ്പെട്ട്, പാപ,ശാപ, ന്യായവിധിയെ നീക്കിയ ക്രൂശിലെ രക്ഷയിലേക്ക് സ്നാനപ്പെട്ട് വരണം; അഹന്തയുടെ കുന്നുകൾ തകരണം, പാപത്തിന്റെ ഗർത്തങ്ങൾ നികത്തപ്പെടണം, ക്രിസ്തുവാകുന്ന നേർവഴിയിലൂടെ ചരിക്കണം. രാജാധിരാജാവ് നമ്മിലേക്ക് വരണമെങ്കിൽ നാം കർത്താവിന് നമ്മെ വിട്ടുകൊടുക്കണം.

## 2. വിശ്വാസത്തോടെയുള്ള അനുസരണം

സമസ്സ്ത മനുഷ്യഹൃദയങ്ങളെയും അറിയുന്നവനാണ് കർത്താവ്. ആരൊക്കെ തന്നെ അനുഗമിക്കുമെന്നും തന്റെ കല്പനയെ അനുസരിക്കുമെന്നും, സ്വന്തം ആഗ്രഹത്താൽ ആരൊക്കെ യേശുവിനെ പിന്തുടരുമെന്നും, പിന്മാറിപോകുമെന്നും കർത്താവറിയുന്നു (ലൂക്ക.9:57-62, യോഹ.6:60,61,66). ഗലീലാ കടൽപ്പുറത്തുവെച്ച് യേശു പത്രൊസിനെയും അന്ത്രയോസിനെയും യാക്കോബിനെയും യോഹന്നാനെയും, "എന്റെ പിന്നാലെ വരുവിൻ ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കാം" (മത്താ.4:19) എന്നു പറഞ്ഞ് വിളിച്ചപ്പോൾ അവർ കർത്താവിനെ അനുഗമിച്ചു. അവർ കർത്താവിൽ നിന്നും പിന്നീടൊരിക്കലും മാറിപ്പോയില്ല. അവർ ഏവരും പ്രത്യേകിച്ചും പന്ത്രണ്ട് ശിഷ്യന്മാരും (യൂദാസൊഴികെ) കർത്താവിന്റെ വാക്കിൻപ്രകാരം

# സഹായകനായ പരിശുദ്ധാത്മാവ്

പാ.രാധാകൃഷ്ണൻ

അനുസരണത്തോടെ പ്രാർത്ഥിച്ച് കാത്തിരുന്ന് പെന്തക്കൊസ്ത് നാളിൽ പരിശുദ്ധാത്മാഭിഷേകം പ്രാപിച്ചവരായിതീർന്നു. അവർ ക്രിസ്തുവിനുവേണ്ടി ആത്മാക്കളെ നേടുവാനായി ലോകത്തിന്റെ നാനാഭാഗത്തേക്കും പോകുന്നവരായി; ഒടുവിൽ നിത്യതയുടെ ഓഹരിക്കാരുമായിത്തീർന്നു.

അനുസരണം ബലിയേക്കാൾ ശ്രേഷ്ഠമാണ്. തന്നെ അനുസരിക്കുന്നവർക്കാണ് പരിശുദ്ധാത്മാവിനെ ലഭിക്കുക എന്ന് വേദപുസ്തകം പറയുന്നു (അപ്പൊ.5:32). വിശ്വാസികൾ അനുസരണമുള്ളവരാകവെയാണ് അവർക്ക് ആത്മാവിനാലുള്ള ആത്മീകവളർച്ചയുണ്ടാകുന്നത്. അവർ കർത്താവിന്റെ കല്പനയനുസരിച്ച് മുന്നേറണമെങ്കിൽ പരിശുദ്ധാത്മാവിന്റെ അഭിഷേകവും ശക്തിയും പ്രാപിക്കണം. ദൈവകൃപ ഒരുവനെ ഇതിനായി സഹായിക്കുന്നു. അപ്പൊസ്തലന്മാർക്ക് കൃപയാൽ ആ പദവി ലഭിച്ചത് "അവന്റെ നാമത്തിനായി സകല ജാതികളുടെയും ഇടയിൽ വിശ്വാസത്തിന് അനുസരണം വരുത്തേണ്ടതിന്" എന്ന് റോമ.1:6-ൽ കാണാം. കർത്താവിനോട് അനുസരണത്തോടെ, മുന്തിരിത്തണ്ടിനോട് ശാഖ ചേർന്ന് നിൽക്കുന്നതുപോൽ നിന്നാൽ മാത്രമേ അഭിഷേകത്താൽ അകം നിറയുകയുള്ളു; അത് കർത്താവിന്റെ വചനത്തെ എല്ലാം തന്നെയും അനുസരിക്കേണം എന്നുതന്നെയാണ്. കൂട്ടായ്മ ആചരിക്കലും, വചനപഠനവും വിശ്വാസപ്രവൃത്തിയും എല്ലാം തന്നെ. ഓരോരുത്തർക്കും ബോധിച്ചതുപോലെ നടക്കാതിരിക്കുവാനാണ് കർത്താവ് ശുശ്രൂഷകരെ പ്രത്യേകിച്ചും ഇടയന്മാരെ സഭയിൽ ആക്കിവെച്ചിരിക്കുന്നത്. "നിങ്ങളെ നടത്തുന്നവരെ അനുസരിച്ച് കീഴടങ്ങിയിരിപ്പിൻ" (എബ്രാ.13:17) എന്ന് വചനം കല്പിക്കുന്നു. ദൈവമായിരുന്നിട്ടും ദൈവസമത്വം മുറുകെ പിടിക്കാതെ മനുഷ്യനായി ദാസരൂപത്തിലായി മരണത്തോളം താണ് അനുസരണം തികഞ്ഞവനായതുകൊണ്ടാണ് നാമേവർക്കും നിത്യരക്ഷയ്ക്കായി നിത്യജീവനെ ലഭിക്കുവാനിടയാകുന്നത് (ഫിലി.2:5-8, എബ്രാ.5:8-9). ക്രിസ്തുവിൽ ദൈവപിതാവിനെ നാം അനുസരിക്കുന്നില്ലെങ്കിൽ നമുക്കാർക്കും പരിശുദ്ധാത്മാവിനെ പ്രാപിക്കാതെ ദൈവപുത്രന്മാരായി വളരുവാൻ സാധിക്കില്ല. അനുസരണത്തോടെയുള്ള അനുദിനജീവിതത്താലാണ് (ലൂക്ക.9:23) നാം "ആത്മാവ് നിറഞ്ഞവരായി" (എഫേ.5:18) തീരുന്നത്.

### 3. ദാഹിക്കണം

സത്യദൈവത്തെക്കുറിച്ച് അവബോധമുണ്ടായി തുടങ്ങുന്ന ഒരു വിശ്വാസി ജീവനുള്ള ദൈവത്തിനായി നിരന്തരം ദാഹിക്കുന്നവനാകണം (സങ്കീ.42:2). ലോകത്തിന്റെ അഭിരുചികളിൽ കുടുങ്ങിപ്പോയ മനുഷ്യനെ യഥാർത്ഥ ജീവജലത്തിന്റെ ഉറവയായ യേശുവിലേക്ക് ദൈവം ആകർഷിച്ചുകൊണ്ടേയിരിക്കുന്നു. "വെള്ളമില്ലാത്ത കിണറുകളേ, പൊട്ടക്കിണറുകളേ തന്നെ കുഴിച്ചിരിക്കുന്ന" (യിര.2:13) ലോകവും മതങ്ങളും ജനത്തെ തൃപ്തിലഭിക്കാത്തതുകൊണ്ട് ഭക്ഷിപ്പിക്കുകയും പാനം ചെയ്യിപ്പിക്കുകയും ചെയ്യുന്നു. യേശു എന്ന സത്യദൈവത്തെ അറിഞ്ഞില്ലെങ്കിൽ അവർ പിന്നെയും ദാഹം തീർക്കാൻ ഈ ലോകത്തിന്റെ പാപക്കിണറുകളിലേക്ക് ഇറങ്ങും - ഒടുവിൽ വിശന്ന് ദാഹിച്ച് മരിക്കും! യേശുവാണ് ജീവന്റെ അപ്പവും ദാഹജീവജലവും (യോഹ.6:48, 4:14). ഞാൻ ഈ പറയുന്നത് വിശ്വസിക്കുന്നവന്റെ, ദാഹിക്കുന്നവന്റെയുള്ളിൽനിന്നും നിറഞ്ഞൊഴുകുന്ന ജീവജലനദിയാകുന്ന പരിശുദ്ധാത്മാവിനെക്കുറിച്ചാണ്, ആത്മാവും ജീവനുമാകുന്ന വചനത്തെക്കുറിച്ചുമാണ്. സുവിശേഷത്തിലെ സമരിയാക്കാരി ജഡത്തിന്റെ ദാഹം തീർക്കുവാൻ പാപത്തിലേക്ക് പോയവളാണ് - ഇത് ലോകത്തിന്റെ ചിത്രമാണ്. മനുഷ്യന്റെ അന്തർദാഹം തീർക്കുവാൻ, തൃപ്തിവരുത്തുവാൻ ഈ ലോകത്തിൽ യാതൊരു സംവിധാനവുമില്ല; സകലത്തിനും തൃപ്തി വരുത്തുന്ന പരിശുദ്ധാത്മാവിനായി യേശുവിനെ സ്വീകരിക്കുക എന്നതുമാത്രമാണ് - അവനായി ദാഹിക്കുക - എന്നതു മാത്രമാണ് വഴി (യോഹ.7:17-38, യെശ.55:1-3). വിശ്വാസി, അവന്റെ ആത്മീയ അധരങ്ങൾ തുറന്ന് വായ് വിസ്താരത്തിൽ തുറന്നാൽ ദൈവം അവനെ നിറയ്ക്കും (സങ്കീ.81:10).

### 4. ചോദിക്കുക

"ചോദിക്കുവിൻ" (മത്താ.7:7) എന്നത് കർത്താവ് പഠിപ്പിച്ചതാണ്. "ചോദിക്കുന്ന ഏവനും ലഭിക്കുന്നു" (മത്താ.7:8). ആരെ, ആരോടാണ് എന്താണ് ചോദിക്കേണ്ടത്? ആരോടാണ് ചോദിക്കേണ്ടത് എന്നതിലെ ചോദിക്കലിന് പ്രസക്തിയില്ല. വേദപുസ്തകത്തിനകത്ത് കയറി കാര്യങ്ങൾ

# സഹായകനായ പരിശുദ്ധാത്മാവ്

പാ.രാധാകൃഷ്ണൻ

ഗ്രഹിച്ചുകൊണ്ട് ചോദിക്കാൻ ഒരു വിശ്വാസിക്ക് മാത്രമേ സാധിക്കുകയുള്ളു. "അവർ കേട്ടിട്ടില്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും, അവർ വിശ്വസിക്കാത്തവനെ എങ്ങനെ വിളിച്ചപേക്ഷിക്കും" (റോമ:10:14) എന്നും വചനം. ലോകം സത്യദൈവത്തെ കാണുകയോ അറിയുകയോ ചെയ്യായ്കയാൽ അതിന് അവനെ ലഭിക്കുവാൻ കഴിയുന്നതല്ല (യോഹ.14:17). ഇവിടെ ചോദിക്കുകയും ലഭിക്കുകയും ചെയ്യേണ്ടുന്നത് പരിശുദ്ധാത്മാവിനെയാണെന്ന് യേശു പഠിപ്പിക്കുന്നു. ലോകം സത്യദൈവത്തെ അറിയുന്നില്ലെങ്കിലും, വിശ്വാസിക്ക് പരിശുദ്ധാത്മാവിന്റെ അഭിഷേകം കൂടിയേ തീരൂ; എങ്കിലേ ക്രിസ്തുവിന്റെ സാക്ഷിയാകാൻ സാധിക്കൂ. യേശുവിൽ ദൈവത്തെ അറിയുന്ന ഒരുവൻ (യോഹ.14:9) യേശുവിന്റെ നാമത്തിൽ ദൈവത്തോട് ചോദ്ച്ചാൽ, അവിടുന്ന് അനുഗ്രഹവും അഭിഷേകവും നൽകും. "എങ്കിൽ സ്വർഗ്ഗസ്ഥനായ പിതാവ് തന്നോട് യാചിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ എത്രയധികം കൊടുക്കും'' (ലൂക്ക.11:13, മത്താ.7:11).

ദൈവത്തെ അറിയുന്ന ദൈവമനുഷ്യൻ ദൈവത്തോട് എന്നും പ്രാർത്ഥിക്കുന്നവനാകണം; അവൻ രക്ഷിക്കപ്പെട്ടാലും അഭിഷേകം ലഭിച്ചാലും, ദൈവത്തോട് എന്നും പ്രാർത്ഥിക്കുന്നവനാകണം – അന്നന്നുള്ള ആഹാരവും ജലവും അവൻ അവനിൽ നിന്നും വാങ്ങണം; നാം ആരും നമ്മിൽ തന്നെ മതിയായവരല്ല. യഥാർത്ഥ ആത്മീയൻ അനുദിനം ആത്മാവിൽ വിശപ്പും ദാഹവുമുള്ളവനായിരിക്കും. വിശക്കാത്തവന് ഭക്ഷണത്തിന്റെ ആവശ്യമില്ല, ദാഹിക്കാത്തവന് ജലവും. നാം ഏവരും ദൈവാത്മാവിനായി എന്നും ദാഹിക്കണം. ദൈവത്തോട് നിരന്തരം ചോദിക്കണം. ഒരു വിശ്വാസിക്ക് ആത്മീയകാര്യങ്ങൾ പരമപ്രധാനം എന്നിരിക്കെ തന്നെ, നമുക്കാവശ്യമായ സകല ഭൗതീകനന്മകളും പ്രാർത്ഥനയ്ക്കുത്തരമായി നൽകുന്നതും കർത്താവുതന്നെ. ഒരു ശിഷ്യൻ അഥവാ ക്രിസ്ത്യാനി തന്റെ ജീവിതം മുഴുവനും സർവ്വാംഗങ്ങളും ദൈവത്തിന് സമർപ്പിക്കണം. കർത്താവിനോട് വിധേയത്വമുള്ളവനാകണം (റോമ.6:132); ഇവിടെ കർത്താവ് പരിശുദ്ധാത്മാവിനെ നൽകി പാപത്തിന്മേൽ ജയം വരിക്കാൻ അവനെ സഹായിക്കും. പാപം ചെയ്യുന്ന ആർക്കും ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ സാധിക്കുകയില്ലെന്ന് പരിശുദ്ധാത്മാവ് പഠിപ്പിക്കുന്നുണ്ട് (1 കൊരി.6:8–11).

കർത്താവിനോട് എന്നും പ്രാർത്ഥിക്കുന്ന ശിഷ്യന്മാരായിരിക്കണം നാമെല്ലാവരും. അപ്പൊസ്തലന്മാർ കർത്താവിന്റെ വാക്കിനെ അനുസരിച്ചുകൊണ്ട് എങ്ങും പിൻവാങ്ങിപോകാതെ വിശ്വാസത്തോടുകൂടി നിരന്തരം പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോഴാണ് അവർ പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിലും ശക്തിയിലും നിറഞ്ഞത് (അപ്പൊ.1:14, 2:1,4, 4:24,31). പാപത്തെ ജയിക്കുവാൻ നമുക്കായി പ്രാണത്യാഗം ചെയ്ത നമ്മുടെ രക്ഷകനായ കർത്താവിനെ നാമെന്നും ഏതു നിമിഷവും ഓർക്കണം. നമുക്കാർക്കും കൈകാര്യം ചെയ്യുവാൻ സാധിക്കാത്ത കാര്യമാണ് പാപം. ഹൃദയത്തിലെ പാപത്തെക്കുറിച്ച് ഏവർക്കും ഈ അറിവുണ്ടായിരിക്കണം. പാപബോധത്തിൽനിന്നുമാണ് ദൈവത്തോടുള്ള യാചനയുണ്ടാകുന്നത്. പുറംമനുഷ്യന്റെ അവയവങ്ങളെ അശുദ്ധനാക്കിക്കളയുന്ന പാപത്തെ ജയിക്കുവാൻ കർത്താവിന്റെ ആത്മാവിനാൽ മാത്രമേ സാധിക്കുകയുള്ളു. പൂർവ്വ കാലങ്ങളിൽ ദൈവജനത്തിന്റെ കല്പനാലംഘനത്താലുള്ള പാപത്തിന്റെ കാരണംകൊണ്ട്, കർത്താവിനാൽ ക്രൂശിൽ പാപമോചനം വരുത്തുംവരേക്കും ആർക്കും പരിശുദ്ധാത്മാവിനെ ഉൾവസിക്കുമാറ് നൽകിയിരുന്നില്ല എന്നതിനാലാണ് ഈ കൃപായുഗത്തിൽ "ജനമല്ലാത്ത നമ്മെ സ്വന്തമാക്കിയ (1 പത്രൊ.2:10) കർത്താവിന്റെ മഹാകരുണയെയോർത്ത് നാം എത്ര അവിടുത്തെ സ്തുതിച്ചാലും മതിവരുമോ?

## അധിവസിക്കുന്ന സഹായകനായ പരിശുദ്ധാത്മാവ്

പഴയനിയമപാഠപുസ്തകത്തിൽ നിന്നും നാം പരിശുദ്ധാത്മാവിനെക്കുറിച്ച് മനസ്സിലാക്കുന്നത്, ദൈവാത്മാവ് പഴയനിയമകാല ജനത്തിലനേകർക്ക് ജീവൻ നൽകിയെന്നും അവരുടെമേൽ ശക്തിയായി വന്നിരുന്നു എന്നുമാണ്; എന്നാൽ അവൻ ജനത്തിന്റെയുള്ളിൽ ജീവനായി വസിച്ചില്ല. അവരിൽ എന്നേക്കുമുള്ള ഒരു ജീവനും ശക്തിയുമില്ലായിരുന്നു. ദൈവം തിരഞ്ഞെടുത്ത പ്രവാചകന്മാരിലും ന്യായാധിപന്മാരിലും രാജാക്കന്മാരിലും പുരോഹിതന്മാരിലും അവരുടെ 'മേൽ' അഭി

# സഹായകനായ പരിശുദ്ധാത്മാവ്

പാ.രാധാകൃഷ്ണൻ

ഷേകം അയച്ചു; അവരുടെ ഹൃദയത്തോട് ദൈവം ഇടപെടുകയും ചെയ്തു. "ശമുവേൽ തൈലക്കൊമ്പ് എടുത്ത് അവന്റെ സഹോദരന്മാരുടെ നടുവിൽ വെച്ച് അവനെ അഭിഷേകം ചെയ്തു. യഹോവയുടെ ആത്മാവ് അന്നുമുതൽ ദാവീദിന്റെമേൽ വന്നു" (1 ശമു.16:13). മറ്റൊരു ഉദാഹരണമാണ് സമാഗമനകൂടാരത്തിന്റെ പണിക്കായി, അവയിലെ സകല ഉപകരണങ്ങളുമുണ്ടാക്കുവാനായി "ദൈവം പരിശുദ്ധാത്മാവിനാൽ ബസലേലിനും ഒഹാലിയാബിനും ജ്ഞാനവും ബുദ്ധിയും അറിവും സകലവിധ സാമർത്ഥ്യവും കൊണ്ട് നിറച്ചിരുന്നു" (പുറ.31:1-11) എന്നത്. യിസ്രയേൽജനത്തെ മരുഭൂമിയിലൂടെ നയിക്കുവാൻ മോശെയുടെ മേൽ പകർന്ന അഭിഷേകത്തിൽനിന്നും എഴുപത് മൂപ്പന്മാരുടെമേൽ (upon them) പകരുന്നതും കാണാം. സംഖ്യ.11:16-25 - ൽ ന്യായാധിപന്മാരായ ഗിദയോന്റെമേലും ശിംശോന്റെമേലും ആത്മാവിന്റെ ശക്തി വന്നപ്പോൾ ഉള്ള അവരുടെ ശുശ്രൂഷയെപ്പറ്റി, വീരശൂര പരാക്രമങ്ങളെക്കുറിച്ച് ന്യായധിപന്മാരുടെ പുസ്കത്തിൽ കാണാം (ന്യായാ.3:10, 6:34, 11:29, 13:25). പുതിയനിയമത്തിൽ മറിയത്തിന്റെമേലും സെഖര്യാവിന്റെമേലും സ്നാപകയോഹന്നാന്റെമേലും പരിശുദ്ധാത്മാവ് വന്നതായി നാം വായിക്കുന്നു. ഒടുവിൽ കർത്താവായ യേശുവിന്റെമേൽ തന്നെയും പരിശുദ്ധാത്മാവിന്റെ അത്യന്തശക്തി വരുന്നതായും ആത്മാവിന്റെ ശക്തിയാൽ തന്റെമേലുള്ള മഹാനിയോഗത്തിലേക്കിറങ്ങി തിരിക്കുന്നതായും കാണാം.

യേശു പ്രഖ്യാപിക്കുവോളം അന്നുവരെയും ആരുടെയുള്ളിലും പരിശുദ്ധാത്മാവ് ജീവനായി വന്നിരുന്നില്ല. "എന്നാൽ ഞാൻ പിതാവിനോട് ചോദിക്കും, അവൻ സത്യത്തിന്റെ ആത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോടുകൂടെ ഇരിക്കേണ്ടതിന് നിങ്ങൾക്ക് തരും........... അവൻ നിങ്ങളോടുകൂടെ വസിക്കുകയും നിങ്ങളിലിരിക്കുകയും ചെയ്യുന്നതുകൊണ്ട് അവനെ അറിയുന്നു" (യോഹ.14:16-17). ശക്തി നൽകുക മാത്രമല്ല. അവരുടെയുള്ളിൽ അവരോടുകൂടെ വസിക്കുകയും ചെയ്യുന്നു (2 പത്രൊ.1-3-4). കർത്താവിന്റെ ക്രൂശിതമരണത്തിന് മുമ്പേ തന്നെ മറ്റൊരു വാഗ്ദത്തംകൂടി അവിടുന്ന് നൽകുന്നുണ്ട്. "പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരും എന്ന് (അപ്പൊ.1:8). യേശു പുനരുത്ഥാനത്തിനുശേഷം സ്വർഗ്ഗത്തിലേക്ക് - പിതാവിങ്കലേക്ക് കയറിപ്പോകുന്നതിനു മുമ്പേ ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ടുകൊണ്ട് അവരുടമേലൂതി അവരോട് പരിശുദ്ധാത്മാവിനെ കൈക്കൊള്ളുവിൻ (യോഹ.20:22) എന്നു പറഞ്ഞു. മരണത്തെ ജയിച്ചെഴുന്നേറ്റ് ജീവനെ കൈക്കൊള്ളലാണിത്. ക്രിസ്തു മരണത്തെ ജയിച്ച് ഇന്നും ജീവിക്കുന്നു എന്ന വെളിപ്പാടാണ് 'ജീവൻ.' അതിനാലാണ് പുത്രനിൽ വിശ്വസിക്കുന്നവന് നിത്യജീവനുണ്ട് (യോഹ.3:36) എന്ന് ദൈവവചനം പറയുന്നത്. ദൈവത്തിന്റെ നിശ്വസനം ആണ് ജീവൻ.

ഉല്പ.2:7-ൽ ദൈവം ആദത്തിന്റെമേൽ നിശ്വസിച്ചപ്പോൾ അവൻ ജീവനുള്ള ദേഹിയായിത്തീർന്നു. എന്നാൽ ഒടുക്കത്തെ ആദമായ യേശു "ജീവിപ്പിക്കുന്ന ആത്മാവായിതീർന്നു (1 കൊരി.15:45). യേശു നമ്മുടെയുള്ളിൽ നിത്യജീവനെയാണ് പകരുന്നത്. അതിനാലാണ്, പരിശുദ്ധാത്മാവിനെ വാഗ്ദത്തം ചെയ്തപ്പോൾ "സത്യത്തിന്റെ ആത്മാവെന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോടുകൂടെയിരിക്കേണ്ടതിന് നിങ്ങൾക്ക് തരും" എന്ന് (യോഹ.14:16) പറഞ്ഞത്. സത്യം യേശുവാണ്; സത്യത്തിന്റെ ആത്മാവ് യേശുവിന്റെ ആത്മാവാണ് (യോഹ.14:6, റോമ.8:9). മേൽ പ്രസ്താവിച്ചതിൽ നിന്നും വിശ്വാസിയുടെ ഉള്ളിലും മേലും ആത്മാവിനെ ലഭിക്കുന്നു (in and upon you). യേശുവിന്റെ ഉത്ഥാനത്തിനുശേഷം അൻപത് നാൾ അവർ കർത്താവിന്റെ വാഗ്ദത്തത്തിനായി കാത്തിരുന്നു (ലൂക്ക.24:49). പെന്തക്കൊസ്ത് നാളിൽ പരിശുദ്ധാത്മാവ് അവരുടെമേൽ വന്ന് നിറഞ്ഞു. ഇത് പരിശുദ്ധാത്മാവിന്റെ പുറമേയുള്ള ശുശ്രൂഷയ്ക്കായിട്ടാണ് (അപ്പൊ.2:4).

പരിശുദ്ധാത്മാവിന്റെ ആന്തരികമായ ഇടപെടലും ബാഹ്യമായുള്ള സമീപനവും രണ്ടും കർത്താവിന്റെ മഹത്വത്തിനായുള്ള ആത്മാവിന്റെ പ്രവൃത്തി തന്നെ. ഒരുവന്റെയുള്ളിൽ പരിശുദ്ധാത്മാവ് കടന്നുവരവെ നിത്യജീവനെ പ്രദാനം ചെയ്യുകയും ആത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യും (ഗലാ.5:22,23). 'മേൽ' പകരുന്ന അഭിഷേകശക്തി കൃപാവരങ്ങളോടുകൂടിയുള്ള ശുശ്രൂഷയാൽ ക്രിസ്തുവിനെ സാക്ഷിക്കുന്നതിനുമായിട്ടാണ് (യോ

# സഹായകനായ പരിശുദ്ധാത്മാവ്

പാ.രാധാകൃഷ്ണൻ

ഹ.15:26). അപ്പൊസ്തലന്മാർ അകമെയും പുറമെയും അഭിഷേകം പ്രാപിച്ചത്. അതാണ് 'നിങ്ങളോ ഏറെ താമസിയാതെ പരിശുദ്ധാത്മാവുകൊണ്ട് സ്നാനം ഏൽക്കും എന്ന് പറഞ്ഞത് (അപ്പൊ.1:5). അവർ മുന്നമേ വിശ്വാസത്താൽ ജീവൻ പ്രാപിച്ചു; ശേഷം ശക്തിയും. നൂറ്റിയിരുപത് പേർക്കും ഇതിനുള്ള സൗഭാഗ്യം ലഭിക്കുന്നു. അപ്പൊ.8-ൽ 'ശമര്യർ ദൈവവചനം (യേശു) കൈക്കൊണ്ടു' (അപ്പൊ.8:14, യോഹ.1:12) എന്നു കാണാം. അവർ യേശുവിൽ വിശ്വസിക്കവേ ഉള്ളിൽ യേശു വരുന്നു -ജീവൻ ലഭിക്കുന്നു. എന്നാൽ പരിശുദ്ധാത്മാവ് അവരുടെ മേൽ വസിച്ചിരുന്നില്ല. പത്രൊസും യോഹന്നാനും അവരുടെമേൽ കൈ വെച്ചു പ്രാർത്ഥിച്ചപ്പോൾ പരിശുദ്ധാത്മാവ് അവരുടെമേൽ വന്നു.

ക്രിസ്തു ഉള്ളിൽ വസിച്ചിട്ടുള്ളതും പുറംമനുഷ്യനെ കാത്തുസൂക്ഷിച്ചും ശക്തിപ്രാപിച്ചുമുള്ള ആത്മീയജീവിതത്തെക്കുറിച്ചാണ് റോമ.8-ലും 1 യോഹ.4-ലും 1 കൊരി.6-ലും പ്രതിപാദിക്കുന്നത്. നാം ഉള്ളിൽനിന്നും പുറപ്പെടുന്ന ഫലങ്ങളാലും അഭിഷേകശക്തിയാൽ പ്രകടമാകുന്ന ആത്മവരങ്ങളാലും ക്രിസ്തുവിനെ സാക്ഷിക്കണം. ഇവ രണ്ടുമാണ് 1 കൊരി.12 മുതൽ 14 വരെയുള്ള അദ്ധ്യായങ്ങളിൽ കാണുക. 12-ഉം 14-ഉം അദ്ധ്യായങ്ങളിൽ ആത്മാവിന്റെ കൃപാവരശുശ്രൂഷയെ കാണാം. അവയ്ക്ക് മദ്ധ്യേ 13-ാം അദ്ധ്യായം ആത്മഫലമാകുന്ന സ്നേഹത്തെക്കുറിച്ച് മാത്രം പ്രതിപാദിക്കുന്നു. വരങ്ങളും ഫലങ്ങളും ഒത്തുചേർന്നുള്ള ശുശ്രൂഷാജീവിതമാണ് തീർത്തും വിജയകരമായിത്തീരുന്നത്. ആത്മാവ് ഉള്ളിൽ അധിവസിക്കാതെ ബാഹ്യമായി മാത്രം പ്രവർത്തിക്കുന്നത് വലിയ അപകടങ്ങളെ കൊണ്ടുവന്നേക്കാം.

പെന്തക്കൊസ്ത് നാളിൽ പത്രൊസിന്റെ പ്രസംഗം കേട്ട് സ്നാനമേറ്റവർ ഏറെയും പുറമേ ആത്മാവിന്റെ ശക്തിയാൽ നിറഞ്ഞവരായിരുന്നു. അവരിൽ ആത്മാവിന്റെ ഉൾവാസം ലഭിച്ചവർ ഏറെയുണ്ടായിരുന്നില്ല. അപ്പൊ.6-ൽ ശിഷ്യന്മാരുടെയിടയിൽ പിറുപിറുക്കലുകൾ ഉണ്ടായിരുന്നതായി കാണാം. വാക്യം 3-ൽ അവരുടെയിടയിൽ ശുശ്രൂഷയ്ക്കായിട്ട് ആത്മാവും ജ്ഞാനവും നിറഞ്ഞ നല്ല സാക്ഷ്യമുള്ള ഏഴുപേരെ തിരെഞ്ഞെടുത്ത് അപ്പൊസ്തലന്മാർ അവരുടെമേൽ കൈവെച്ച് പരിശുദ്ധാത്മാവിനെ പകരുന്നതായി കാണാം. പഴയനിയമഭക്തന്മാർക്ക് പലർക്കും വീണ്ടുംജനനത്തെക്കുറിച്ച് യാതൊന്നും അറിയില്ലായിരുന്നു. ഉദാഹരണമാണ് യഹൂദന്മാരെ പഠിപ്പിച്ചിരുന്ന റബ്ബിയായ നിക്കെദോമോസ്. കൊരീന്ത്യർ 'ഒരു കൃപാവരത്തിലും കുറവില്ലാത്തവർ' (1 കൊരി.1:7) ആയിരുന്നെങ്കിലും അവരെ ''ജഡികന്മാരെന്നും'' (1 കൊരി.3:1) പൗലൊസ് വിളിക്കുന്നു.

പരിശുദ്ധാത്മാവിന്റെ ഉൾവാസം വിശുദ്ധജീവിതത്തിന് വളരെ അത്യാവശ്യമാണ്. യേശുവാകുന്ന വചനത്തെ ഉൽക്കൊണ്ടുള്ള വചനശുശ്രൂഷയാൽ മാത്രം അനേകം ആത്മാക്കളെ നേടുവാൻ സാധിച്ചെന്ന് വരുകയില്ല; അതോടുകൂടി ആത്മാവിന്റെ ശക്തിപ്രകടനങ്ങളും കൃപാവരശുശ്രൂഷയും വേണം. യേശുവിന്റെ ശുശ്രൂഷ ഇതിൽ തികവുറ്റതാണ് (അപ്പൊ.10:38). പൗലൊസിന്റെ ജീവിതവും തികച്ചും അവ്വിധം തന്നെയായിരുന്നു. എന്നാൽ പൗലൊസാകട്ടെ കൊരീന്ത്യരോട് എല്ലാം ഉപേക്ഷിച്ച് പോരുവാനല്ല പറയുന്നത്. "സകലവും ഉചിതമായും ക്രമത്തിലും നടക്കട്ടെ" (1 കൊരി.14:40) എന്ന് കൊരീന്ത്യരെ സ്നേഹത്തോടെ ഉപദേശിക്കുകയാണ് ചെയ്യുന്നത്. കൃപാവരശുശ്രൂഷ പരിശുദ്ധാത്മാവിന്റെ വരദാനമാണ്. "ഭാഷാവരത്തെ തടയരുത്" (1 കൊരി.14:39). പിന്നീട് പൗലൊസ് അവരോട് "ഇനി അതിശ്രേഷ്ഠമായ ഒരു മാർഗ്ഗം ഞാൻ നിങ്ങൾക്ക് കാണിച്ചുതരാം" (1 കൊരി.12:31). പരിശുദ്ധാത്മാവിനാലും ശക്തിയാലുമുള്ള - വരത്താലും ഫലത്താലുമുള്ള ജീവിതമാണ്- ക്രിസ്തീയജീവിതത്തെ വിജയപ്രദമാക്കുക. പരിശുദ്ധാത്മാവ് ഒരുവനിൽ പകരേണ്ടുന്ന, 'സ്നേഹം' എന്ന ഫലം ഇല്ലെങ്കിൽ "എനിക്കൊരു പ്രയോജനവുമില്ല" (1 കൊരി.13:1-3, ഗലാ.5:22-23) എന്ന് പൗലൊസ് സാക്ഷിക്കുന്നു. മറിച്ച് വരങ്ങൾ മാത്രമാണ് ശുശ്രൂഷയിലെങ്കിൽ അതുവഴി അഹങ്കരിക്കുവാനും പരാജയപ്പെടുവാനും സാധ്യതയേറെയാണ്. രണ്ടും ചേർന്ന മുഴു ക്രിസ്തുവിനെയാണ് കർത്താവ് നമുക്ക് വിഭാവനം ചെയ്യുന്നത്.

എവിടെയാണ് ചട്ടവും ക്രമവും തെറ്റിപ്പോകുന്നതെന്ന് നോക്കാം. പഴയനിയമത്തിൽ തന്നെയും നോക്കാം. ലേവ്യ.14:14-17-ൽ ''അകൃത്യയാഗത്തിന്റെ രക്തമെടുത്ത് ശുദ്ധീകരണം

# സഹായകനായ പരിശുദ്ധാത്മാവ്

പാ.രാധാകൃഷ്ണൻ

കഴിയുന്നവന്റെ വലതുചെവിക്കുമേലും വലതുകൈയുടെ പെരുവിരലിന്മേലും വലതുകാലിന്റെ പെരുവിരലിന്മേലും പുരട്ടണം. ശേഷം പുരോഹിതൻ എണ്ണ ഇതേ സ്ഥാനങ്ങളിൽ പുരട്ടണം എന്നു കാണാം. എന്നാണ് ഇതിന്റെ പൂർത്തീകരണം. ആദ്യം ക്രൂശ് നമ്മിൽ പ്രവർത്തിക്കണം. ക്രിസ്തുവിന്റെ രക്തത്താൽ നമ്മിലെ പഴയമനുഷ്യൻ നീങ്ങിപ്പോകണം. രക്തത്തിന്റെ സമീപനം യേശുവോട് ചേർന്ന് നാമും മരിച്ചതിനെ കാണിക്കുന്നു; ശേഷം എണ്ണ അഭിഷേകം നമ്മിൽ ക്രിസ്തുവിന്റെ ജീവനെ പകർന്നതായി കാണിക്കുന്നു. കൊരീന്ത്യർ ഈ ആന്തരികജീവനെ സ്വീകരിക്കാതെ ജഡികന്മാരായതിനെക്കുറിച്ച് നാം കണ്ടുകഴിഞ്ഞു. "പരിശുദ്ധാത്മാവുണ്ടെന്നുപോലും ഞങ്ങൾ കേട്ടിട്ടില്ല''(അപ്പൊ.19:2). എഫേസൂസിലെ ഒരുപറ്റം ജനത്തെയും നാം കണ്ടുമുട്ടുന്നുണ്ട്.

ക്രൂശിന്റെ വചനത്താലും മാനസാന്തരത്താലുമുള്ള പരിശുദ്ധാത്മാവ് ഒരുവനിൽ അധിവസിക്കവെ അഥവാ ഉൾപ്രവേശിക്കവെ അവനിൽ ദൈവീക ജീവനാണ് കടന്നുവരുന്നത്; ഇത് വീണ്ടുംജനനവുമായി ബന്ധപ്പെട്ടതും രക്ഷയുടെ പ്രാരംഭവുമാണ്. ഉള്ളിലെ ആത്മാവ് അവനിലെ പഴയ ആദത്തെ നീക്കി ഒരു പുതുമനുഷ്യനാക്കുകയും നീതീകരണം നടത്തുകയും ചെയ്യുന്നു. തുടർന്നുള്ള അഭിഷേകത്താലുള്ള നിറവ് ജയകരമായ ഒരു മുന്നേറ്റത്തിലേക്ക് നയിക്കുകയും പുതുജീവനെ വർദ്ധിപ്പിക്കുകയും ചെയ്യും. ക്രൂശിന്റെ പ്രവൃത്തികളിലൂടെ വിശുദ്ധീകരണത്തിലേക്ക് നയിക്കുകയും ചെയ്യുന്നു; അങ്ങനെ ജീവന്റെ പക്വതയുള്ള ഒരു ആത്മീയത കർത്താവ് വളർത്തിയെടുക്കുകയും ആത്മീയജീവിതസാഫല്യം വരുത്തുകയും ചെയ്യും. പരിശുദ്ധാത്മാവിന്റെ കാര്യസ്ഥതയില്ലാതെ, സഹായമില്ലാതെ, മദ്ധ്യസ്ഥതയില്ലാതെ നമുക്കൊന്നും ചെയ്യുവാൻ സാധ്യമല്ല. അതാണ് കർത്താവ് യോഹ.15:5-ൽ പറയുന്നത് : ''എന്നെ പിരിഞ്ഞ് നിങ്ങൾ ക്കൊന്നും ചെയ്യുവാൻ കഴിയുകയില്ല." അവൻ സാക്ഷാൽ മുന്തിരിവള്ളിയും നാം കൊമ്പുമായിരിക്കുന്നതുപോലെയുള്ള മനോഹരമായ മറ്റൊരവതരണമാണ് സങ്കീ.133:1-3-ൽ നാം കാണുക. മഹാപുരോഹിതനായ "അഹരോന്റെ തലയിലെ അഭിഷേകതൈലം വസ്ത്രത്തിന്റെ വിളുമ്പിലേക്ക് നീണ്ടുകിടക്കുന്ന താടിയിലേക്ക് ഒഴുകുന്നതുപോലെയാണ് സഹോദരങ്ങളൊത്തൊരുമിച്ച് വസിക്കുന്നത്; അത് എത്ര ശുഭവും മനോഹരവുമാണ്, സീയോൻ പർവ്വതത്തിൽ പെയ്തിറങ്ങുന്ന ഹെർമ്മോന്യ മഞ്ഞുപോലെയുമാണത്. ദൈവം അനുഗ്രഹവും ശാശ്വതവുമായ ജീവനും (നിത്യജീവൻ) അവിടെയാണ് കല്പിച്ചിരിക്കുന്നത്. നമ്മുടെ മഹാപുരോഹിതൻ യേശുക്രിസ്തുവാണ്. അവനാണ് സഭയുടെ തല; അവന്റെ ശരീരമാകുന്നു നാം (എബ്രാ .7:24, എഫേ.1:23,കൊളോ.1:18). നമുക്ക് നമ്മളാൽ അഭിഷിക്തരാകാൻ സാധ്യമല്ല. "അഭിഷേകതൈലം വിശുദ്ധമാണ് (പരിശുദ്ധാത്മാവ്) അത് മനുഷ്യന്റെ മേൽ ഒഴിക്കരുത്" (പുറ.30:22). നാം ക്രിസ്തുവിലാണ് അഭിഷകം പ്രാപിക്കുക. അവിടുത്തെ വചനം (ഹെർമ്മോന്യ) മഞ്ഞുപോലെയാണ് (ആവ.32:2). സുവിശേഷത്തിലൂടെ മഹാദൈവമാകുന്ന ക്രിസ്തുവിനെ അറിയുന്നതിനൊപ്പം തന്നെയാണ് അഭിഷേകം നമ്മിലേക്ക് ഒഴുകി നിറയുക (ഗലാ.3:5, അപ്പൊ.10:44). അവിടുത്തെ വചനവും അഭിഷേകവും (യോഹ.6:63) നമ്മെ അവനിൽ പൂർണ്ണതയുള്ളവരാക്കുന്നു. മഹാസ്നേഹമാകുന്ന അവിടുന്ന് പുത്രനായി ആത്മാവായി നമ്മിൽ വന്നു നിറയുകയും (1 യോഹ.4:8, കൊളോ.1:13, റോമ.5:5) ഏകശരീരമാകുന്ന ക്രിസ്തുവിന്റെ വിശുദ്ധജനം അഥവാ സഭ ഗാഢമായ സഹോദരസ്നഹത്താൽ ക്രിസ്തുവുമായി ഒന്നായിത്തീരുകയും എന്നുമെന്നേക്കും അവനോടുകൂടെ ജീവിക്കുകയും ചെയ്യും (കൊളോ.3:14,15, 1 പത്രൊ.1:22, സങ്കീ.133:1-3).

ദൈവം ശില്പിയായി നിർമ്മിച്ചതും അടിസ്ഥാനങ്ങളുള്ളതുമായ വിശുദ്ധസഭ, ദൈവം മനുഷ്യരോടുകൂടെ വസിക്കുന്ന കൂടാരമാകുന്ന സഭ, ഇതാ നാം അതിലാകുന്നു, അതിന്റെ ഭാഗഭാക്കുകളാകുന്നു; ത്രിത്വം ഒന്നായിരിക്കുന്നതുപോലെ നാമും അവനോടുകൂടെ ഒന്നായിരിക്കുന്നു. "മുമ്പിലത്തേതിനേക്കാൾ വലുതായിരിക്കുന്നു അതിന്റെ മഹത്വം" (ഹഗ്ഗ.2:3-9); ഇതിലേക്ക് ദൂതന്മാർപോലും കുനിഞ്ഞ് നോക്കുന്നു. പരിശുദ്ധാത്മാവ് നാമേവരിലും നിറവിന്റെ നിറവിൽ നിറയുവാനും ക്രിസ്തുവിൽ പരിപൂർണ്ണരാകുവാനും അനുഗ്രഹിക്കട്ടെ ●





പാ.ടോമിച്ചൻ വട്ടപ്പാറയിൽ (ചർച്ച് ഓഫ് ഇറ്റേണിറ്റി കോട്ടയം, 9744655214)


**ഒ**രു യാഥാർത്ഥ ക്രിസ്തുവിശ്വാസി എപ്പോഴും ദൈവീകസാന്നിധ്യത്തിന്റെ കീഴിലായിരിക്കണം. അവൻ എപ്പോഴും ദൈവത്തിന്റെ സാന്നിധ്യത്തിനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കണം. സാന്നിധ്യം അനുഭവിച്ചറിയുന്നതിനുവേണ്ടിയുള്ള ഒരു ദാഹം, ഒരു നിർബ്ബന്ധബുദ്ധി എപ്പോഴും അവനിലുണ്ടാകണം.

**ദൈവം ആർക്കാണ് തന്റെ സാന്നിധ്യം അറിയിച്ചുകൊടുക്കുന്നത്, അല്ലെങ്കിൽ പകർന്നുകൊടുക്കുന്നത്?**

മോശ യഹോവയോട് പറഞ്ഞതെന്തെന്നാൽ; ഈ ജനത്തെ കൂട്ടിക്കൊണ്ട് പോക എന്ന് എന്നോട് കലിപിച്ചുവല്ലോ; എങ്കിലും ആരെ എന്നോടുകൂടെ അയക്കുമെന്ന് അറിയിച്ചുതന്നില്ല; എന്നാൽ ഞാൻ നിന്നെ അടുത്തറിഞ്ഞിരിക്കുന്നു; എനിക്ക് നിന്നോട് കൃപ തോന്നിയിരിക്കുന്നു എന്ന് നീ അരുളിച്ചെയ്തിട്ടുണ്ടല്ലോ. ആകയാൽ എന്നോട് കൃപയുണ്ടെങ്കിൽ നിന്റെ വഴി എന്നെ അറിയക്കേണമെ; നിനക്ക് എന്നോട് കൃപയുണ്ടാകുവാൻ തക്കവണ്ണം ഞാൻ നിന്നെ അറിയുമാറാകട്ടെ; ഈ ജാതി നിന്റെ ജനമെന്നോർക്കേണമെ. അതിന് അവൻ; എന്റെ സാന്നിധ്യം നിന്നോടുകൂടെ പോരും. ഞാൻ നിനക്ക് സ്വസ്ഥത നൽകും എന്നരുളിച്ചെയ്തു (പുറ.33:12–14).

ദൈവകൃപ ലഭിച്ചവർക്കും ദൈവം അടുത്തറിഞ്ഞവർക്കുമാണ് ദൈവം തന്റെ സാന്നിധ്യം അറിയിച്ചുകൊടുക്കുന്നതെന്ന് ഈ വാകൃങ്ങളിൽ നിന്ന് നമുക്ക് മനസ്സിലാക്കാം. യഹോവ മോശയ്ക്കു കൊടുത്ത വാക്കുപോലെ തന്നെ പകൽ മേഘസ്തംഭമായും രാത്രി അഗ്നിതൂണായും ദൈവീകസാന്നിധ്യം ഇസ്രയേൽമക്കളോടുകൂടെയുണ്ടായിരുന്നു.

**ദൈവീകസാന്നിധ്യം ലഭിച്ചവർക്ക് അതോടൊപ്പം എന്തെല്ലാം ലഭിക്കുന്നു?**

**1. സന്തോഷത്തിന്റെ പരിപൂർണ്ണത**

"നിന്റെ സന്നിധിയിൽ സന്തോഷപരിപൂർണ്ണതയും നിന്റെ വലതുഭാഗത്ത് എന്നും പ്രമോദങ്ങളും ഉണ്ട്'' (സങ്കീ.16:11).

**2. സമാധാനം**

"സമാധാനം ഞാൻ നിങ്ങൾക്ക് തന്നേച്ചുപോകുന്നു; എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് തരുന്നു. ലോകം തരുന്നതുപോലെയല്ല ഞാൻ നിങ്ങൾക്ക് തരുന്നത്" (യോഹ.14:27).

**3. വിശ്രമം**

''അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായുള്ളോരെ, നിങ്ങൾ എന്റെയടുക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും" (മത്താ.11:28).

ദൈവീകസാന്നിധ്യം ലഭിച്ചവർക്ക് ജീവിതത്തിൽ മറ്റൊന്നും ആവശ്യമില്ല. അനുഗ്രഹത്തിന്റെ പരിപൂർണ്ണത തന്നിലൂടെ വിശ്വാസിക്ക് ലഭിക്കുന്നു. ദൈവത്തെ പ്രസാദിപ്പിക്കുന്നതുകൊണ്ട് ദൈവകരങ്ങളിൽ നിന്ന് അനുഗ്രഹങ്ങൾ പ്രാപിക്കുന്നതാണ് ദൈവത്തിനിഷ്ടം.

ദൈവീകസാന്നിധ്യം നമുക്കെങ്ങനെ അറിയാം?

"ആദി മുതലുള്ളതും ഞങ്ങൾ കേട്ടതും സ്വന്ത കണ്ണുകൊണ്ട് കണ്ടതും ഞങ്ങൾ നോക്കിയതും ഞങ്ങളുടെ കൈ തൊട്ടതുമായ ജീവന്റെ വചനം സംബന്ധിച്ച്, ജീവൻ പ്രത്യക്ഷമായി ഞങ്ങൾ കണ്ടു സാക്ഷീകരിക്കുകയും പിതാവിനോട് കൂടെയിരുന്ന് ഞങ്ങൾക്ക് പ്രത്യക്ഷമായ നിത്യജീവനെ നിങ്ങളോട് അറിയിക്കുകയും ചെയ്യുന്നു"

(1 യോഹ.1:1–2).

''യഹോവ നല്ലവനെന്ന് രുചിച്ചറിയുവിൻ" (സങ്കീ.34:8).

ഈ വചനങ്ങളിൽ നിന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത് ദൈവീകസാന്നിധ്യമെന്നത് കേവലം അദൃശ്യമായ ഒരു അനുഭവമല്ല. അത് നമുക്ക് കാണാനും കേൾക്കുവാനും സ്പർശിക്കുവാനും (tangible) രുചിച്ചറിയുവാനും മണത്തറിയുവാനും സാധിക്കുന്ന ഒന്നാണ്. പൂർണ്ണഹൃദയത്തോടെ വിശുദ്ധിയോടെ തന്നെ അന്വേഷിക്കുന്നവർക്കു മുമ്പിൽ ദൈവം തന്റെ സാന്നിധ്യത്തെ അയയ്ക്കുക തന്നെ ചെയ്യും. പൂർണ്ണമായും നമ്മുടെ പഞ്ചേന്ദ്രിയങ്ങൾകൊണ്ട് അനുഭവിച്ചറിയാൻ പറ്റുന്ന ദൈവീകസാന്നിധ്യത്തിനായി നാം കാത്തിരിക്കണം,

# ദൈവീകസാന്നിധ്യം

പാ. ടോമിച്ചൻ വട്ടപ്പാറ

പ്രാർത്ഥിക്കണം.

സ്വന്തജനത്തിന്റെ ഇടയിൽ തള്ളപ്പെട്ടവനായി ഒറ്റപ്പെട്ടവനായി നിന്നിരുന്ന സമയത്താണ് ദൈവം ഹൊറേബിൽ വെച്ച് കത്തുന്ന മുൾപ്പടർപ്പിൽ മോശയ്ക്ക് പ്രത്യക്ഷനായത്. അതേ, ജീവിതത്തിൽ ഒറ്റപ്പെടൽ അനുഭവപ്പെടുന്നുണ്ടെങ്കിൽ മുള്ളിന്റെ അനുഭവങ്ങളുണ്ടാകുന്നുണ്ടെങ്കിൽ ദൈവം നമുക്കായി ഒരു തീ കരുതിയിരിക്കുന്നു. ദൈവം തന്റെ സാന്നിധ്യം നമ്മെ അറിയിക്കാൻ പോകുന്നു. കഷ്ടതകളുടെയും ശോധനകളുടെയും നടുവിൽ തളർന്നുപോകാതെ അതിൽ നിന്ന് വിടുവിക്കുന്ന ദൈവീകസാന്നിധ്യത്തിനായി കാത്തിരിക്കണം.

തന്നെ യാഗം കഴിക്കാനുള്ള വിറക് യിസഹാക്ക് ചുമന്നതുപോലെ നാമും നമ്മുടെ ഭാരങ്ങളും ചുമന്നുകൊണ്ടിരിക്കുന്നു. യിസഹാക്കിനെ ദൈവം വിടുവിച്ചതുപോലെ നമ്മെയും അവൻ വിടുവിക്കും. യിസഹാക്കിന്റെ ജീവിതത്തിലെ ആ സംഭവം അവന് അവന്റെ ആത്മീയജീവിതത്തിൽ ചൂട് പകരുവാനിടയാക്കിയെങ്കിൽ നമ്മുടെ ഭാരങ്ങളും ദു;ഖങ്ങളും എല്ലാം നമ്മെ കത്തിച്ച് നമുക്ക് ചൂട് പകരുവാൻ ദൈവം തന്നതാണ്. അപ്പോൾ ആ കഷ്ടതകളിലും ദു:ഖങ്ങളിലും സന്തോഷിച്ചുകൊൾക. അവൻ തന്റെ സാന്നിധ്യം നമ്മെ അറിയിക്കാൻ പോകുന്നു. ഒരു ഭക്തൻ തന്റെ രക്ഷകനായ ക്രിസ്തുവിനെ ജീവിത്തിലുടനീളം അനുഭവിച്ചാസ്വദിച്ചുകൊണ്ടിരിക്കും.

**ഒരു വിശ്വാസിക്ക് ലഭിക്കുന്ന അവകാശങ്ങൾ**

(PRIVILEGES OF A BELIEVER)

"ആദി മുതലുള്ളതും ഞങ്ങൾ കേട്ടതും സ്വന്തം കണ്ണുകൊണ്ട് കണ്ടതും ഞങ്ങൾ നോക്കിയതും ഞങ്ങളുടെ കൈ തൊട്ടതുമായ ജീവന്റെ വചനം സംബന്ധിച്ച് – ജീവൻ പ്രത്യക്ഷമായി, ഞങ്ങൾ കണ്ടു സാക്ഷീകരിക്കുകയും പിതാവിനോടുകൂടെയിരുന്ന് ഞങ്ങൾക്ക് പ്രത്യക്ഷമായ നിത്യജീവനെ നിങ്ങളോട് അറിയിക്കുകയും ചെയ്യുന്നു – ഞങ്ങൾ കണ്ടും കേട്ടുമുള്ളത് നിങ്ങൾക്ക് ഞങ്ങളോട് കൂട്ടായ്മ ഉണ്ടാകേണ്ടതിന് നിങ്ങളോടും അറിയിക്കുന്നു. ഞങ്ങളുടെ കൂട്ടായ്മയോ പിതാവിനോടും അവന്റെ പുത്രനായ യേശുക്രിസ്തുവിനോടും ആകുന്നു. നമ്മുടെ സന്തോഷം പൂർണ്ണമാകുവാൻ ഞങ്ങളിത് നിങ്ങൾക്കെഴുതുന്നു.

ദൈവം വെളിച്ചമാകുന്നു; അവനിൽ ഇരുട്ട് ഒട്ടുമില്ല എന്നുള്ളത് ഞങ്ങൾ അവനോട് കേട്ട് നിങ്ങളോട് അറിയിക്കുന്ന ദൂതാകുന്നു. അവനോട് കൂട്ടായ്മ ഉണ്ട് എന്ന് പറയുകയും ഇരുട്ടിൽ നടക്കുകയും ചെയ്താൽ നാം ഭോഷ്ക് പറയുന്നു; സത്യം പ്രവർത്തിക്കുന്നുമില്ല. അവൻ വെളിച്ചത്തിലിരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ നമുക്ക് തമ്മിൽ കൂട്ടായ്മയുണ്ട്; അവന്റെ പുത്രനായ യേശുവിന്റെ രക്തം സകലപാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു"(1 യോഹ.1:1–7).

യോഹന്നാൻ അപ്പൊസ്തലൻ ഈ വാക്യങ്ങളിലൂടെ ഒരു വിശ്വാസിക്ക് ലഭിക്കുന്ന അവകാശങ്ങളെപ്പറ്റി പറഞ്ഞിരിക്കുന്നു.

1. സകലവും കണ്ട് സാക്ഷീകരിക്കുന്നു. അവനിൽ നിത്യജീവൻ വ്യാപരിക്കുന്നു.
2. ദൈവമക്കളുമായി കൂട്ടായ്മയുണ്ടാകുന്നു.
3. പിതാവിനോടും പുത്രനോടും കൂട്ടായ്മയുണ്ടാകുന്നു.
4. പരിപൂർണ്ണ സന്തോഷം ലഭിക്കുന്നു.
5. ദൈവത്തോടുകൂടെ വിശുദ്ധിയിൽ നടക്കാൻ സാധിക്കുന്നു (sacred walk with God).
6. പാപത്തിൽ നിന്ന് ശുദ്ധീകരണം ലഭിക്കുന്നു.

നാം വെളിച്ചത്തിൽ നടക്കുമ്പോൾ യേശുവിന്റെ രക്തം നമ്മെ കഴുകിക്കൊണ്ടിരിക്കുന്നു. ജഡത്തിന്റെ പ്രവൃത്തികളെ മരിപ്പിച്ച് ആത്മാവിന്റെ സ്വരമനുസരിച്ച് ആത്മാവു നടത്തുന്ന വഴികളിൽ നടന്ന് ആത്മീകവർദ്ധന പ്രാപിക്കുന്നവനാണ് വെളിച്ചത്തിൽ നടക്കുന്നവനും ദൈവത്തോട് കൂട്ടായ്മ ആചരിക്കുന്നവനും. ഹാനോക്ക് മുന്നൂറ്റിയറുപത്തഞ്ച് സംവത്സരം ദൈവത്തോട് കൂടെ നടന്നു. വക്രതയുള്ള തലമുറകൾക്ക് നടുവിലും കുടുംബജീവിതത്തിന്റെ തിരക്കുകളിൽക്കിടയിലും ദൈവത്തോടുകൂടെ നടന്ന ഹാനോക്ക് നമുക്ക് മാതൃകയാണ്.

**വചനം; തീ, പാറയെ തകർക്കുന്ന ചുറ്റിക**

"എന്റെ വചനം തീ പോലെയും പാറയെ തകർക്കുന്ന ചുറ്റികപോലെയുമല്ലയോ എന്ന് യഹോവയുടെ അരുളപ്പാട്" (യിര.23:9).

ദൈവത്തിന്റെ വചനം മനുഷ്യന്റെ ഹൃദയങ്ങളെ കത്തിക്കുന്നതാണ്. പാറപോലെ ഉറച്ചുപോയ മനുഷ്യന്റെ ചിന്തകളെയും ധാരണകളെയും തകർത്തുടയ്ക്കുന്ന ചുറ്റികയാണ് അത്.

''അഗ്നിനാവുകൾപോലെ പിളർന്നിരിക്കുന്ന നാവുകൾ അവർക്ക് പ്രത്യക്ഷമായി അവരിൽ ഓരോരുത്തന്റെ

# ദൈവീകസാന്നിധ്യം

പാ. ടോമിച്ചൻ വട്ടപ്പാറ

മേൽ പതിഞ്ഞു" എല്ലാവരും പരിശുദ്ധാത്മാവ് നിറഞ്ഞവരായി ആത്മാവ് അവർക്ക് ഉച്ചരിപ്പാൻ നൽകിയതുപോലെ അന്യഭാഷകളിൽ സംസാരിച്ചുതുടങ്ങി" (അപ്പൊ.2:3,4).

**"അങ്ങനെതന്നെ നാവും ചെറിയ അവയവം എങ്കിലും വളരെ വമ്പുപറയുന്നു. കുറഞ്ഞ തീ എത്ര വലിയ കാടുകത്തിക്കുന്നു; നാവും ഒരു തീ തന്നെ; അത് നമ്മുടെ അംഗങ്ങളുടെ കൂട്ടത്തിൽ അനീതിലോകമായി ദേഹത്തെ മുഴുവൻ മലിനമാക്കി ജീവചക്രത്തിന് തീ കൊളുത്തുകയും നരകത്താൽ അതിന് തീ പിടിക്കുകയും ചെയ്യുന്നു"** (യാക്കോ.3:5,6).

നാവ് അനീതിയുടെയും പാപത്തിന്റെയും ഒരു ഉറവിടമാണ് എങ്കിൽപോലും പരിശുദ്ധാത്മനിയോഗമുള്ള അഭിഷേകമുള്ള നാവ് ഹൃദയത്തിലെ നിരാശകളെയും ദു:ഖങ്ങളെയും എല്ലാം കത്തിച്ചുകളയുന്നു. ആദിമനൂറ്റാണ്ടിൽ അപ്പൊസ്തലന്മാരുടെമേൽ പരിശുദ്ധാത്മാവ് വന്നപ്പോൾ ആദ്യം അവരുടെ നാവിന്മേലാണ് തൊട്ടത്; ദൈവവചനത്താൽ അനേകരുടെ ജീവിതത്തിലെ ദു:ഖഭാരങ്ങൾ കത്തിച്ചുമാറ്റുവാൻ.

**തീ ശുശ്രൂഷകളെ വെളിപ്പെടുത്തുന്നു**

മരുഭൂമിയിൽവെച്ച് യേശുവിന് നേരിട്ട തീ പോലത്തെ പരീക്ഷകൾ യേശുവിന്റെ ശുശ്രൂഷാജീവിതത്തിന്റെ മാറ്റുകൂട്ടുവാൻ സഹായിച്ചു.

തീ ന്യാവിധിയെക്കുറിച്ച് ബോധം വരുത്തുന്നു.

"ചൂളപോലെ കത്തുന്ന ഒരു ദിവസംവരും; അപ്പോൾ അഹങ്കാരികളൊക്കെയും സകല ദുഷ്പ്രവൃത്തിക്കാരും താളടിയാകും" (മലാ.4:1).

അഭിഷേകമാകുന്ന തീയെ സ്വീകരിക്കാത്തവരെല്ലാം ന്യായവിധിയുടെ തീയിൽ അകപ്പെടേണ്ടിവരും. നമ്മുടെ ദൈവം ദഹിപ്പിക്കുന്ന അഗ്നിയാണെന്ന് എബ്രാ.12:29-ൽ പറയുന്നു.

**തീ ആത്മീയക്ഷീണങ്ങൾ മാറ്റും**

നമ്മുടെ ആത്മീയജീവിതത്തെ വചനമാകുന്ന തീയാൽ എപ്പോഴും കത്തിച്ചുകൊണ്ടിരിക്കുക. വിശ്വസിച്ചുകൊണ്ട് വചനമേറ്റെടുക്കുന്നവരിൽ ദൈവത്തിന്റെ വചനം അതിന്റെ പ്രവൃത്തി തികയ്ക്കാതെ മടങ്ങുകയില്ല. "ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമുള്ളതായി ഇരുവായ്ത്തലയുള്ള ഏത് വാളിനേക്കാളും മനൂർച്ചയേറിയതും പ്രാണനെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേർപെടുവിക്കുംവരെ തുളച്ചുചെല്ലുന്നതും ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും വിവേചിക്കുന്നതുമാകുന്നു" (എബ്രാ.4:12).

വചനത്താൽ മുറിവേറ്റവനെ അഭിഷേകം സൗഖ്യമാക്കും. വചനത്താൽ ഹൃദയത്തിന് മുറിവേൽക്കുന്നത് അനുഗ്രഹമാണ്. വചനം വാളുപോലെ മുറിവേൽപ്പിക്കുന്നുണ്ടെങ്കിലും ആ മുറിവിനെ ഉണക്കുവാൻ വേണ്ടതായ അഭിഷേകതൈലം അതിന്റെ വശങ്ങളിലുണ്ട്.

ദൈവത്തിൽനിന്ന് അഭിഷേകം / അനുഗ്രഹം പ്രാപിക്കുവാൻ നാം വില കൊടുക്കണം.

1. കാത്തിരിക്കേണം
2. മുഴങ്കാലിൽ നിൽക്കണം
3. പ്രാർത്ഥിക്കണം
4. ശുദ്ധീകരണം പ്രാപിക്കണം

**ദൈവം നമ്മെ വിളിച്ചത് എന്തിനുവേണ്ടിയാണ്?**

"എന്റെ മകനെ, ക്രിസ്തുയേശുവിലുള്ള കൃപയാൽ ശക്തിപ്പെടുക. നീ പല സാക്ഷികളുടെ മുമ്പാകെ എന്നോടു കേട്ടതെല്ലാം മറ്റുള്ളവരെ ഉപദേശിപ്പാൻ സമർത്ഥരായ വിശ്വസ്ത മനുഷ്യരെ ഭരമേൽപ്പിക്കുക. ക്രിസ്തുയേശുവിന്റെ നല്ല ഭടനായി നീയും എന്നോടുകൂടെ കഷ്ടം സഹിക്ക. പട ചേർത്തവനെ പ്രസാദിപ്പിക്കേണ്ടതിന് യാതൊരു പടയാളിയും ജീവനകാര്യങ്ങളിൽ ഇടപെടാതിരിക്കുന്നു. ഒരുത്തൻ മല്ലുകെട്ടിയാലും ചട്ടപ്രകാരം പോരായ്കിൽ കിരീടം പ്രാപിക്കയില്ല. അദ്ധ്വാനിക്കുന്ന കൃഷിക്കാരൻ ആദ്യഫലം അനുഭവിക്കേണ്ടത് ..................... അതുകൊണ്ട് ക്രിസ്തുയേശുവിലുള്ളവിലുള്ള രക്ഷ നിത്യതേജസ്സോടുകൂടെ വ്രതന്മാർക്കു കിട്ടേണ്ടതിനു ഞാൻ അവർക്കായി സകലവും വഹിക്കുന്നു" (2 തിമൊ.2:1-10).

**1. ദൈവമക്കളായി മാറുവാൻ**

ജഡപ്രകാരം പിതാവിൽനിന്നും മാതാവിൽനിന്നും ജനിച്ചപോലെ വചനത്താലും ആത്മാവിനാലും പുതുജനനം പ്രാപിച്ച് ദൈവരാജ്യത്തിന് അവകാശികളും ദൈവമക്കളുമായി തീരുവാനാണ് ദൈവം നമ്മെ വിളിച്ചത്.

**2. സാക്ഷിയാകുവാൻ**

"എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട് യെരുശലേമിലും യഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികളാകും" (അപ്പൊ.1:8).നാം നമ്മുടെ അയൽപക്കങ്ങളിലും ദൈവം നമ്മെ ആക്കിവെച്ചിരിക്കുന്ന സ്ഥലത്തും നമ്മെ കൊണ്ടുപോകുന്ന സ്ഥലങ്ങളിലും യേശുവിന്റെ സാക്ഷ്യം

# ദൈവീകസാന്നിധ്യം

പാ. ടോമിച്ചൻ വട്ടപ്പാറ

അറിയിക്കണം. വചനമറിയിക്കണം. സുവിശേഷം പറയണം. അത് യേശുവിന്റെ കല്പനയാണ്.

**3. വിശ്വസ്ത മനുഷ്യനായിത്തീരാൻ**

ദൈവീകകാര്യങ്ങളിൽ ഉത്തരവാദിത്വമുള്ളവരായിരിക്കണം ഓരോ ദൈവപൈതലും. അതിനായിട്ടാണ് ദൈവം നമ്മെ വിളിച്ചത്.

**4. പടയാളിയാകുവാൻ**

"ഒടുവിൽ കർത്താവിലും അവന്റെ അമിതബലത്തിലും ശക്തിപ്പെടുവിൻ. പിശാചിന്റെ തന്ത്രങ്ങളോട് എതിർത്തുനിൽപ്പാൻ കഴിയേണ്ടതിന് ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊൾവിൻ. നമുക്ക് പോരാട്ടമുള്ളത് ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ. അതുകൊണ്ട് നിങ്ങൾ ദുർദ്ദിവസത്തിൽ എതിർപ്പാനും സകലവും സമീപിച്ചിട്ട് ഉറച്ചുനിൽപ്പാനും കഴിയേണ്ടതിന് ദൈവത്തിന്റെ സർവ്വായുധവർഗ്ഗം എടുത്തുകൊൾവിൻ. നിങ്ങൾ അരയ്ക്ക് സത്യം കെട്ടിയും നീതിയെന്ന കവചം ധരിച്ചും സമാധാനസുവിശേഷത്തിനുള്ള ഒരുക്കം കാലിനു ചെരുപ്പാക്കിയും എല്ലാറ്റിനും മീതെ ദുഷ്ടന്റെ തീയമ്പുകളെയൊക്കെ കെടുത്തുവാൻ തക്കതായ വിശ്വാസമെന്ന പരിചയെടുത്തുകൊണ്ടും നിൽപ്പിൻ. രക്ഷ എന്ന ശിരസ്ത്രവും ദൈവവചനം എന്ന ആത്മാവിന്റെ വാളും കൈക്കൊൾവിൻ" (എഫേ.6:10-18). ആത്മീയയുദ്ധക്കളത്തിൽ ദൈവം നമ്മുടെ പക്ഷത്തുണ്ടെങ്കിൽ വിജയം സുനിശ്ചിതമാണ്.

5. അദ്ധ്വാനിക്കുന്ന കൃഷിക്കാരനാകുവാൻ, യേശുവിനുവേണ്ടി ശിഷ്യന്മാരെ നേടുന്നതിനാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത്. ഓരോ വിശ്വാസിയും ദൈവവചനത്തിന് സാക്ഷ്യം പറഞ്ഞുകൊണ്ട് ശിഷ്യന്മാരെ നേടുകതന്നെ വേണം. അപ്പോൾ ദൈവം പ്രതിഫലം തരും.

**6. മല്ലു കെട്ടുന്നവരാകുവാൻ**

**7. വ്രതനാകുവാൻ**

ഈലോകജീവിതത്തിലെ ജഡികമോഹങ്ങളിൽ അകപ്പെടാതെ വ്രതമെടുത്ത് മണവാളനായ യേശുവിനുവേണ്ടി കാത്തിരിക്കുവാൻ നമ്മെ വിളിച്ചിരിക്കുന്നു.

**യേശു ആരാണ്?**

"അയ്യോ, ജാതികൾ തിരുമുമ്പിൽ വിറയ്ക്കത്തക്കവണ്ണം നിന്റെ നാമത്തെ വൈരികൾക്ക് വെളിപ്പെടുത്തുവാൻ തീയിൽ ചുള്ളി കത്തുന്നതുപോലെയും തീകൊണ്ട് വെള്ളം തിളയ്ക്കുന്നതുപോ


Cheque And Drafts ചെക്കുകളും ഡ്രാഫ്റ്റുകളും
അയക്കേണ്ട വിലാസം:

Devasia mullakkara
PB. No.1
Cherupuzha(P.O)
Kannur(Dist), Kerala
Pin Code: 670 511
Ph: 04985 213999

ദേവസ്യാ മുല്ലക്കര, PB.No.1
ചെറുപുഴ P.O
കണ്ണൂർ (ജില്ല), കേരള.
പിൻകോഡ്: 670 511.
Ph:04985-213999

e-mail: ekmoffice@gmail.com

മണിയോർഡറുകൾ അയക്കുമ്പോൾ തുക ട്രസ്റ്റിന്, ചർച്ചിന്, ഓൾഡേജ് ഹോമിന് എന്നത് വേർതിരിച്ച് എഴുതുക. അഡ്രസ്സിൽ ഫോൺ നമ്പർ കൂടി ഉറപ്പുവരുത്തുന്നത് ഉപകാരപ്രദമായിരിക്കും.
NB: NEFT വഴി തുക അയച്ച വിവരം മുകളിൽ കൊടുത്തിരിക്കുന്ന ഇ-മെയിലിലോ, വിലാസത്തിലോ, ഫോൺ നമ്പറിലോ അറിയിക്കുക.
(ചെക്കുകളിൽ ദേവസ്യാ മുല്ലക്കര എന്നോ ചർച്ച് ഓഫ് ഇറ്റേണിറ്റി എന്നോ ഏതെങ്കിലും ഒന്നുമാത്രം എഴുതുക)

# ദൈവീകസാന്നിധ്യം

പാ. ടോമിച്ചൻ വട്ടപ്പാറ

ലെയും മലകൾ നിന്റെ മുമ്പിൽ ഉരുകി പോകത്തക്കവണ്ണം നീ ആകാശം കീറി ഇറങ്ങിവന്നെങ്കിൽ കൊള്ളാമായിരുന്നു" (യേശ.64:1,2).

തന്റെ നാമത്തെ ശത്രുക്കൾക്ക് വെളിപ്പെടുത്തിക്കൊടുക്കുന്ന ദൈവം

"നീ അല്ലാതെ ഒരു ദൈവം, തന്നെ കാത്തിരിക്കുന്നവനുവേണ്ടി പ്രവർത്തിക്കുന്നത് പണ്ട് മുതൽ ആരും കേട്ടിട്ടില്ല, ഗ്രഹിച്ചിട്ടില്ല. കണ്ണുകൊണ്ട് കണ്ടിട്ടുമില്ല" (യേശ.64:4).

തന്നെ കാത്തിരിക്കുന്നവർക്കു വേണ്ടി പ്രവർത്തിക്കുന്ന ദൈവം

"മിസ്രയീമിലുള്ള എന്റെ ജനത്തിന്റെ കഷ്ടത ഞാൻ കണ്ടു; ഊഴിയവിചാരകന്മാർ നിമിത്തമുള്ള അവരുടെ നിലവിളിയും കേട്ടു. ഞാൻ അവരുടെ സങ്കടങ്ങൾ അറിയുന്നു" (പുറ.3:7).

കഷ്ടത കാണുന്ന ദൈവം

നിലവിളി കേൾക്കുന്ന ദൈവം

"ഇങ്ങോട്ട് അടുക്കരുത്. നീ നിൽക്കുന്ന സ്ഥലം വിശുദ്ധഭൂമിയാകയാൽ കാലിൽ നിന്നും ചെരുപ്പ് അഴിച്ച് കളക എന്ന് കല്പിച്ചു" (പുറ.3:5).

പരിശുദ്ധനായ ദൈവം

(ചെരുപ്പഴിച്ച് കളക :- ലോകവുമായുള്ള ജഡപ്രകാരമുള്ള ബന്ധുക്കളുമായുള്ള ബന്ധം അവസാനിപ്പിക്കുക).

"അവരെ മിസ്രേമ്യരുടെ കയ്യിൽ നിന്ന് വിടുവിപ്പാനും ആ ദേശത്തു നിന്ന് നല്ലതും വിശാലവുമായ ദേശത്തേക്ക്, പാലും തേനുമുള്ള ദേശത്തേക്ക്, കാനാന്യർ, ഹിത്യർ, അമോര്യർ, ഫെരീസ്യർ, ഹിവ്യർ, യെബൂസ്യർ എന്നിവരുടെ സ്ഥലത്തേക്ക് അവരെ കൊണ്ടുപോകുവാനും ഞാനിറങ്ങി വന്നിരിക്കുന്നു" (പുറ.3:8).

സമൃദ്ധിയിൽ നടത്തുന്ന ദൈവം

"ഞാൻ സകല ജഡത്തിന്റെയും ദൈവമായ യഹോവയാകുന്നു. എനിക്ക് കഴിയാത്ത വല്ല കാര്യവുമുണ്ടോ?" (യിര.32:27).

സകലവും സാധ്യമാക്കുന്ന ദൈവം

**യഹോവാഭക്തി**

"നിന്റെ ഭക്തന്മാർക്കുവേണ്ടി നീ സംഗ്രഹിച്ചതും നിന്നിൽ ആശ്രയിക്കുന്നവർക്കു വേണ്ടി മനുഷ്യപുത്രന്മാർ കാൺകെ നീ പ്രവർത്തിച്ചതുമായ നിന്റെ നന്മയെത്ര വലുതാകുന്നു" (സങ്കീ.31:19).

ഭക്തിയുള്ളവൻ:

ദൈവത്തെ ഭയമുള്ളവൻ:

ദൈവത്തെ ബഹുമാനമുള്ളവൻ:

ദൈവത്തെ സ്നേഹിക്കുന്നവൻ:

ദൈവത്തെ ആരാധിക്കുന്നവൻ:

ദൈവത്തെ അനുസരിക്കുന്നവൻ:

"ബാലസിംഹങ്ങളും ഇര കിട്ടാതെ വിശന്നിരിക്കും; യഹോവയെ ആശ്രയിക്കുന്നവർക്കോ ഒരു നന്മക്കും കുറവില്ല" (സങ്കീ.34:10).

"നന്മയും കരുണയും എന്റെ ആയുഷ്ക്കാലമൊക്കെയും എന്നെ പിന്തുടരും; ഞാൻ യഹോവയുടെ ആലയത്തിൽ ദീർഘകാലം വസിക്കും" (സങ്കീ.23:6).

യഹോവഭക്തന്മാർക്ക് ഒന്നിനും മുട്ടുണ്ടാകയില്ല. ദൈവം അവർക്കായി അനുഗ്രഹങ്ങളും നന്മകളും സംഗ്രഹിച്ചിരിക്കുന്നു.

"ഞാൻ അവരെ മിസ്രയീം ദേശത്തു നിന്നും പുറപ്പെടുവിക്കുമെന്നും ഞാൻ അവർക്കുവേണ്ടി നോക്കിവെച്ചിരുന്നതും പാലും തേനുമൊഴുകുന്നതും സർവ്വദേശങ്ങളുടെയും മഹത്വമായിരിക്കുന്നതുമായ ദേശത്തിലേക്ക് അവരെ കൊണ്ടുവരുമെന്നും ആ നാളിൽ കൈ ഉയർത്തി സത്യം ചെയ്തു" (എസെ.20:6).

ദൈവം തന്നെ സ്നേഹിക്കുന്നവർക്കുവേണ്ടി നല്ലതൊന്നിനെ നോക്കിവെച്ചിരിക്കുന്നു. അത് തക്കസമയത്ത് ഭക്തന്മാരുടെ കൈകളിൽ എത്തിക്കുന്നു. "എന്റെ പാനപാത്രത്തിന്റെയും അവകാശത്തിന്റെയും പങ്ക് യഹോവയാകുന്നു. നീ എനിക്കുള്ള ഓഹരിയെ പരിപാലിക്കുന്നു" (സങ്കീ.16:5).

ദൈവം നമുക്കുള്ളതിനെ പരിപാലിക്കുന്നു.

റോമ.2:4 : ദൈവത്തിന്റെ ദയ മാനസാന്തരത്തിലേക്ക് നയിക്കുന്നു

2 കൊരി.3:18 : നാം ക്രിസ്തുവിന്റെ തേജസ്സ് പ്രാപിക്കണം

**ദൈവീകസാന്നിധ്യം പ്രാപിക്കുവാൻ എന്തു ചെയ്യണം?**

1. പ്രാർത്ഥിക്കണം
2. ആരാധിക്കണം

"ദൈവമേ നിർമ്മലമായ ഒരു ഹൃദയം എന്നിൽ സൃഷ്ടിച്ച് സ്ഥിരമായ ഒരു ആത്മാവിനെ എന്നിൽ പുതുക്കേണമെ."ആരാധിക്കുമ്പോൾ നിർമ്മലമായ ഹൃദയത്തോടെ ആരാധിക്കണം. സ്ഥിരതയുള്ളവരായിരിക്കണം.

ദൈവീകസാന്നിധ്യമുള്ള മനുഷ്യൻ മുമ്പിലുള്ള പ്രശ്നങ്ങളെയും തടസ്സങ്ങളെയും ഗൗനിക്കില്ല.

മോശയ്ക്കു മുമ്പിലുണ്ടായിരുന്ന ചെങ്കടലിനെയും പിമ്പിൽ ഉണ്ടായിരുന്ന ശത്രുസൈന്യത്തെയും മോശ ഭയപ്പെട്ടില്ല . അവയുടെ നടുവിൽ വെളിപ്പെട്ട ദൈവീകസാന്നിധ്യത്തെയാണ് മോശ അനുഭവിച്ചത് ●



# ന്യായപ്രമാണത്തിന്റെ നിഴലോ, സ്നേഹപ്രമാണത്തിന്റെ പൊരുളോ?

പാ. ബാബു പയറ്റനാൽ (ചർച്ച് ഓഫ് ഇറ്റേണിറ്റി ഇരിട്ടി, 9846848950)

### എന്താണ് മോശയുടെ ന്യായപ്രമാണം?

പഴയനിയമപുസ്തകങ്ങൾ മുഴുവനും മോശയുടെ ന്യായപ്രമാണമല്ല. യഹോവയായ ദൈവം തന്റെ പ്രവാചകനായ മോശ മുഖാന്തരം ഈജിപ്തിൽനിന്ന് വിടുവിച്ചുകൊണ്ടുവന്ന തന്റെ സ്വന്തം ജനമായ യിസ്രയേലിന് കൊടുത്ത ചട്ടങ്ങളെയും വിധികളെയും കല്പനകളെയുമാണ് പൊതുവെ മോശയുടെ ന്യായപ്രമാണം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

### പത്ത് കല്പനകൾ ന്യായപ്രമാണമാണോ?

അതേ. ഒരു യിസ്രയേല്യന് ദൈവത്തോടും മനുഷ്യരോടുമുള്ള ബന്ധം എങ്ങനെയായിരിക്കണമെന്ന് ന്യായപ്രമാണം (ന്യായങ്ങളും അന്യായങ്ങളും) വിശദീകരിക്കുന്നു. യഹൂദപണ്ഡിതന്മാരുടെ കണക്കനുസരിച്ച് മൊത്തം 613 കല്പനകളാണ് ന്യായപ്രമാണത്തിലുള്ളതെങ്കിലും ദൈവം സ്വന്ത കൈകളാൽ മോശയ്ക്കെഴുതിക്കൊടുത്ത ആദ്യത്തെ പത്ത് കല്പനകളാണ് ഏറെ പ്രാധാന്യം അർഹിക്കുന്നത്. ഈ പത്ത് കല്പനകളിൽ ആദ്യത്തെ നാലെണ്ണം ദൈവത്തോടുള്ള ഒരു ഇസ്രയേല്യന്റെ ബന്ധവും ബാക്കി ആറെണ്ണം മനുഷ്യരോടുള്ള അവന്റെ ബന്ധവും എങ്ങനെയായിരിക്കണമെന്ന് വിവരിക്കുന്നു. ഈ പത്ത് കല്പനകളുടെ ന്യായമായ വിശദീകരണമാണ് പുറകെ വരുന്ന അറുനൂറ്റിമൂന്ന് കല്പനകൾ.

### മോശയുടെ ന്യായപ്രമാണം നീങ്ങിപ്പോയോ?

പുതിയ ഒരു നിയമം വരുമ്പോൾ സ്വാഭാവികമായും പഴയത് അസാധുവാക്കപ്പെടും എന്നതാണ് നിയമം. ന്യായപ്രമാണത്തിന്റെ കാര്യത്തിലും ഇത് ബാധകമാണ്. യേശുക്രിസ്തു കാൽവരിക്രൂശിൽ സകലതും നിവർത്തിയാക്കിയപ്പോൾ മോശയുടെ ന്യായപ്രമാണവും നിവൃത്തിയായി. എന്തുകൊണ്ടെന്നാൽ മത്താ.5:17,18 “ഞാൻ ന്യായപ്രമാണത്തെയോ പ്രവാചകന്മാരെയോ നീക്കേണ്ടതിന് വന്നു എന്ന് നിരൂപിക്കരുത്; നീക്കുവാനല്ല നിവർത്തിപ്പാനത്രേ ഞാൻ വന്നത്. സത്യമായിട്ട് ഞാൻ നിങ്ങളോട് പറയുന്നു: ആകാശവും ഭൂമിയും ഒഴിഞ്ഞുപോകുംവരെ സകലവും നിവർത്തിയാകുവോളം ന്യായപ്രമാണത്തിൽ നിന്ന് ഒരു വള്ളിയെങ്കിലും പുള്ളിയെങ്കിലും ഒരുനാളും ഒഴിഞ്ഞുപോകയില്ല” (സകലവും നിവർത്തിയാകുവോളം എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുക). ന്യായപ്രമാണത്തിൽനിന്ന് ഒരു വള്ളിയെങ്കിലും പുള്ളിയെങ്കിലും ഒഴിഞ്ഞുപോകയില്ല. യേശുക്രിസ്തു ക്രൂശിൽ കിടന്നുകൊണ്ട് അന്ത്യമൊഴിയായി പറഞ്ഞത് “സകലതും നിവർത്തിയായി” എന്നാണ് (യോഹ.19:30). യേശു പുളിച്ച വീഞ്ഞ് കുടിച്ചശേഷം: ‘‘എല്ലാം നിവർത്തിയായി” എന്നും പറഞ്ഞ് തല ചായ്ച്ച് ആത്മാവിനെ ഏല്പിച്ചുകൊടുത്തു.

### പുതിയനിയമവിശ്വാസികൾ മോശയുടെ ന്യായപ്രമാണത്തിൽ നിന്ന് ഒഴിവുള്ളവരാകുന്നതെങ്ങനെ?

അങ്ങനെ യേശുക്രിസ്തു ന്യായപ്രമാണത്തെ നീക്കാതെ അതിനെ പൂർത്തീകരിച്ച് നമ്മെ മോശയുടെ ന്യായപ്രമാണത്തിൽ നിന്ന് ഒഴിവുള്ളവരാക്കിയിരിക്കുന്നു. ഇപ്പോഴൊ നമ്മെ പിടിച്ചടക്കിയിരുന്ന ന്യായപ്രമാണം സംബന്ധിച്ച് മരിച്ചിരിക്കകൊണ്ട് അക്ഷരത്തിന്റെ പഴക്കത്തിലല്ല ആത്മാവിന്റെ പുതുക്കത്തിൽ തന്നെ സേവിക്കേണ്ടതിന് നാം ന്യായപ്രമാണത്തിൽ നിന്ന് ഒഴിവുള്ളവരായിരിക്കുന്നു (റോമ.6:7).

നമുക്ക് വിരോധവും പ്രതികൂലവുമായിരുന്ന കയ്യെഴുത്ത് മോശയുടെ ന്യായപ്രമാണമാണോ?

യേശുക്രിസ്തു അതിനെ മായ്ച്ച് ക്രൂശിൽ തറച്ച് നടുവിൽ നിന്ന് നീക്കിക്കളഞ്ഞോ? അതേ. “അതിക്രമങ്ങളൊക്കെയും നമ്മോട് ക്ഷമിച്ച ചട്ടങ്ങളാൽ നമുക്ക് വിരോധവും പ്രതികൂലവുമായിരുന്ന കയ്യെഴുത്ത് (മോശയുടെ ന്യായപ്രമാണം) മായ്ച്ച് ക്രൂശിൽ തറച്ച് നടുവിൽനിന്നും നീക്കിക്കളഞ്ഞു” (കൊളോ.2:14). അതുകൊണ്ട് ന്യായപ്ര

# ന്യായപ്രമാണത്തിന്റെ നിഴലോ, സ്നേഹപ്രമാണത്തിന്റെ പൊരുളോ?

പാ. ബാബു പയറ്റനാൽ

മാണം ക്രിസ്തു നിവർത്തിച്ചു എന്ന് പറയുന്നതും ന്യായപ്രമാണം ക്രിസ്തുവിൽ നീങ്ങിപ്പോയി എന്ന് പറയുന്നതും ഒരുപോലെ ശരിയായ കാര്യമാണ്.

**മോശയുടെ ന്യായപ്രമാണവും യേശുക്രിസ്തുവിന്റെ സ്നേഹപ്രമാണവും തമ്മിലുള്ള വ്യത്യാസങ്ങൾ?**

മോശയുടെ ന്യായപ്രമാണം മനുഷ്യന്റെ ഓരോ പ്രവൃത്തിയെയും കുറ്റം വിധിക്കുകയല്ലാതെ നമ്മോട് സഹതാപം കാണിക്കുകയില്ല. പാപം ചെയ്യുന്ന ഒരുവൻ തന്റെ പാപത്തിന്റെ ശിക്ഷ ഒരു ശുദ്ധിയുള്ള മൃഗത്തിന്റെമേൽ ചുമത്തി തന്റെ പാപത്തിന് പരിഹാരം വരുത്തുകയാണ് മോശയുടെ ന്യായപ്രമാണത്തിൽ ചെയ്യുന്നത്. ലേവ്യാ.1:4-ൽ "അവൻ ഹോമയാഗത്തിന്റെ തലയിൽ കൈവെയ്ക്കേണം; എന്നാൽ അത് അവനുവേണ്ടി പ്രായശ്ചിത്തം വരുത്തുവാൻ അവന്റെ പേർക്ക് സുഗ്രാഹ്യമാകും.

എന്നാൽ ഈ പാപരിഹാരബലികൾ യേശുക്രിസ്തുവിന്റെ ക്രൂശുമരണത്തിലൂടെയുള്ള ഏകപാപപരിഹാരബലിയുടെ നിഴലായിരുന്നു. അതുകൊണ്ടാണ് യേശുക്രിസ്തു പറഞ്ഞത് **"ഞാൻ ന്യായപ്രമാണത്തെയും പ്രവാചകന്മാരെയും നീക്കാനല്ല, നിവർത്തിക്കാനാണ് വന്നത്"** എന്ന്. മിശിഹായെക്കുറിച്ച് പ്രവാചകന്മാരിലൂടെയുള്ള പ്രവചനങ്ങളധികവും യേശുക്രിസ്തുവിൽ നിവർത്തിയായി. **"നാം പാപം സംബന്ധിച്ച് മരിച്ച് നീതിക്ക് ജീവിക്കേണ്ടതിന് അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ട് ക്രൂശിന്മേൽ കയറി; അവന്റെ അടിപ്പിണരാൽ നിങ്ങൾക്ക് സൗഖ്യം വന്നിരിക്കുന്നു"** (1 പത്രൊ.2:24). അതുകൊണ്ട് ഇനിയും പാപപരിഹാരത്തിനായി യാഗങ്ങളിൽ, കുർബ്ബാനകളിൽ ആശ്രയിക്കേണ്ട ആവശ്യമില്ല. യഥാർത്ഥ യാഗമായ കുർബാനയായി കാൽവരിക്രൂശിലെ ഏകബലിയാൽ യഥാർത്ഥ യാഗവസ്തുവായ യേശുക്രിസ്തു "ലോകത്തിന്റെ പാപം ചുമന്ന് നീക്കിയ ദൈവ


## പ്രാർത്ഥനാ സഹായങ്ങൾക്കും കത്തിടപാടുകൾക്കും

*എറണാകുളം അഡ്രസ്സ്:*
ദേവസ്യാ മുല്ലക്കര, കൂടാരം വില്ല,
ഹൗസ് നമ്പർ 70, പുളിക്കില്ലം
വെസ്റ്റ് റോഡ്, ചെമ്പുമുക്ക്,
കൊച്ചി-682 030.
കേരള, സൗത്ത് ഇന്ത്യ.
0484-4033178

*ഹെഡ്ഡ് ഓഫീസ് അഡ്രസ്സ്:*
ദേവസ്യാ മുല്ലക്കര, PB.No.1
ചെറുപുഴ P.O
കണ്ണൂർ (ജില്ല), കേരളം.
പിൻകോഡ്: 670 511.
04985-213999

ദേവസ്യാ മുല്ലക്കര സാർ

പ്രാർത്ഥനാ സഹായങ്ങൾക്ക് വിളിക്കുക

സമയം: രാവിലെ 7 മുതൽ 9 വരെ
9947955111
(Time 7 am- 9am)

e-mail: ekmoffice@gmail.com
our official website: www.churchofeternity.org

# ന്യായപ്രമാണത്തിന്റെ നിഴലോ, സ്നേഹപ്രമാണത്തിന്റെ പൊരുളോ?

പാ. ബാബു പയറ്റനാൽ

ത്തിന്റെ കുഞ്ഞാടായ യേശുക്രിസ്തു അവനിൽ ആശ്രയിക്കുകയാണ് പാപരിഹാരത്തിനായുള്ള ഏകമാർഗ്ഗം! "അവരുടെ പാപങ്ങളെയും അകൃത്യങ്ങളെയും ഞാൻ ഇനി ഓർക്കയുമില്ല (എബ്രാ.10:17,18) എന്നരുളിച്ചെയ്യുന്നു. എന്നാൽ ഇവയുടെ മോചനമുള്ളേടത്ത് ഇനിമേൽ പാപങ്ങൾക്കുവേണ്ടി ഒരു യാഗവും ആവശ്യമില്ല. മാത്രമല്ല എബ്രാ.10:11–ന്യായപ്രമാണം വരുവാനുള്ള നന്മകളുടെ നിഴലല്ലാതെ കാര്യങ്ങളുടെ സാക്ഷാൽ സ്വരൂപമല്ലായ്കകൊണ്ട് ആണ്ടുതോറും ഇടവിടാതെ കഴിച്ചുവരുന്ന അതേ യാഗത്താൽ അടുത്തുവരുന്നവർക്ക് സൽഗുണപൂർത്തിവരുത്തുവാൻ ഒരുനാളും കഴിവുള്ളതല്ല. ഇതിൽ നിന്ന് ആദ്യത്തെ നിയമം കുറവുള്ളതായിരുന്നു എന്ന് തെളിയുന്നു.

**എന്താണ് മോശയുടെ ന്യായപ്രമാണത്തിന്റെ കുറവ്?**

ന്യായപ്രമാണത്താൽ ആരും ദൈവസന്നിധിയിൽ നീതീകരിക്കപ്പെടുന്നില്ല. (ഗലാ.3:11) എന്നാൽ ന്യായപ്രമാണത്താലാരും ദൈവസന്നിധിയിൽ നീതീകരിക്കപ്പെടുന്നില്ല എന്നത് സ്പഷ്ടം; നീതിമാൻ വിശ്വാസത്താൽ ജീവിക്കും എന്നല്ലോ ഉള്ളത്. ന്യായപ്രമാണത്തിന് കഴിയാത്തതിനെ (സാധിപ്പാൻ) ദൈവം തന്റെ പുത്രനിലൂടെ പാപത്തിന് പരിഹാരം വരുത്തി സാധ്യമാക്കി. റോമ.8:3– ജഡത്താലുള്ള ബലഹീനത നിമിത്തം ന്യായപ്രമാണത്തിന് കഴിയാഞ്ഞതിനെ (സാധിപ്പാൻ) ദൈവം തന്റെ പുത്രനെ പാപജഡത്തിന്റെ സാദൃശ്യത്തിലും പാപം നിമിത്തവും അയച്ചു, പാപത്തിന് ജഡത്തിൽ ശിക്ഷ വിധിച്ചു. ന്യായപ്രമാണത്തിന്റെയും പ്രവാചകന്മാരുടെയും കാലം യോഹന്നാൻ വരെയായിരുന്നു. അന്നുമുതൽ ദൈവരാജ്യത്തെ സുവിശേഷിച്ചുവരുന്നു; എല്ലാവരും ബലാൽക്കാരേണ അതിൽ കടപ്പാൻ നോക്കുന്നു (ലൂക്ക.16:16). വാസ്തവത്തിൽ ന്യായപ്രമാണത്തിനല്ല, അതനുസരിക്കാൻ വിധിക്കപ്പെട്ട മനുഷ്യർക്കായിരുന്നു കുറവുണ്ടായിരുന്നത്. "ന്യായപ്രമാണം ആത്മീകമെന്ന് നാമറിയുന്നുവല്ലോ; ഞാനോ ജഡമയൻ, പാപത്തിന് ദാസനായി വിൽക്കപ്പെട്ടവൻ തന്നെ. ഞാൻ പ്രവർത്തിക്കുന്നത് ഞാനറിയുന്നില്ല; ഞാൻ ഇച്ഛിക്കുന്നതിനെയല്ല പകയ്ക്കുന്നതിനെയത്രെ ചെയ്യുന്നത് (റോമ.7:14,15). "അയ്യോ, ഞാൻ അരിഷ്ടമനുഷ്യൻ1 ഈ മരണത്തിന് അധീനമായ ശരീരത്തിൽനിന്ന് എന്നെ ആർ വിടുവിക്കും? (റോമ.7:24). ഇത് മോശയുടെ ന്യായപ്രമാണത്തിന്റെ പിടിയിലമർന്ന് ഒരു പാപിയായ മനുഷ്യന്റെ വിലാപമാണ്. ഇത് രക്ഷിക്കപ്പെട്ട് വിശുദ്ധജീവിതം നയിക്കുന്ന പൗലൊസപ്പൊസ്തലന്റെ വീണ്ടുംജനിച്ചതിന്റെ ശേഷമുള്ള അവസ്ഥയല്ല. മോശയുടെ ന്യായപ്രമാണത്തിൻകീഴിലുള്ള അവസ്ഥയാണ്. എന്നാല് ഈ വചനം ചിലർ തെറ്റിദ്ധരിച്ച് തങ്ങൾ ബലഹീനരാണ് എന്ന് പറഞ്ഞ് പാപം ചെയ്യുന്നതിനെ ന്യായീകരിക്കുന്നു. "നാം ജഡത്തിലായിരുന്നപ്പോൾ ന്യായപ്രമാണത്താലുളവായ പാപരാഗങ്ങൾ മരണത്തിന് ഫലം കായ്ക്കത്തക്കവണ്ണം നമ്മുടെ അവയവങ്ങളിൽ വ്യാപരിച്ചുപോന്നു (റോമ.7:5). ആരെങ്കിലും പാപജീവിതം തുടരാൻ ആഗ്രഹിക്കുന്നുവെങ്കിൽ നിങ്ങൾക്ക് എപ്പോഴും ഇപ്രകാരം ഈ വിലാപം വിലപിച്ചുകൊണ്ടിരിക്കാം. ഇതിനായി സാത്താൻ നിങ്ങളുടെ മനസ്സ് കുരുടാക്കി വേണ്ട സഹായങ്ങൾ ചെയ്തുതരും. എന്നാൽ ക്രിസ്തുയേശുവിന്റെ സ്നേഹപ്രമാണത്തിൻകീഴിൽ വിശുദ്ധജീവിതം നയിക്കുന്നവർ ഉയർത്തിപിടിക്കേണ്ടതിതാണ്. "പാപങ്ങളെ നീക്കുവാൻ അവൻ പ്രത്യക്ഷനായി എന്ന് നിങ്ങളറിയുന്നു; അവനിൽ പാപമില്ല. അവനിൽ വസിക്കുന്നവനാരും പാപം ചെയ്യുന്നില്ല. പാപം ചെയ്യുന്നവനാരും അവനെ കണ്ടിട്ടില്ല, അറിഞ്ഞിട്ടുമില്ല'' (1 യോഹ.3:5,6). "പാപം ചെയ്യുന്നവൻ പിശാചിന്റെ മകനാകുന്നു. പിശാച് ആദിമുതൽ പാപം ചെയ്യുന്നുവല്ലോ. പിശാചിന്റെ പ്രവൃത്തികളെ അഴിപ്പാൻ തന്നെ ദൈവപുത്രൻ പ്രത്യക്ഷനായി. ദൈവത്തിൽ നിന്ന് ജനിച്ചവൻ ആരും പാപം ചെയ്യുന്നില്ല; അവന്റെ വിത്ത് അവനിൽ വസിക്കുന്നു; ദൈവത്തിൽനിന്ന് ജനിച്ചതിനാൽ അവന് പാപം ചെയ്യുവാൻ കഴിയുകയുമില്ല (1 യോഹ.3:8,9).

ന്യായപ്രമാണത്തിൻകീഴുള്ള ഒരു മനുഷ്യന്റെ വിലാപമാണോ, അയ്യോ, ഞാൻ അരിഷ്ടമനുഷ്യൻ എന്ന പൗലൊസ് അപ്പൊസ്തലന്റെ വിലാപം? അതേ. ജഡംകൊണ്ട് പഴയനിയമം അനുസരിച്ച് പരാജയപ്പെട്ട പഴയനിയമ മനുഷ്യൻ ജഡത്തിന്റെ നിസ്സഹായത തിരിച്ചറിഞ്ഞ് ആത്മാവിൽ നിലവിളിച്ചതിന്റെ മറുപടി എന്നോണം അക്ഷരത്തിന്റെ പ്രമാണം മാറ്റി ആത്മാവിന്റെ പ്രമാണവുമായി ക്രിസ്തു കാല

# ന്യായപ്രമാണത്തിന്റെ നിഴലോ, സ്നേഹപ്രമാണത്തിന്റെ പൊരുളോ?

പാ. ബാബു പയറ്റനാൽ

ത്തിന്റെ തികവിൽ മനുഷ്യനായി പിറന്നു. "എങ്കിലും എന്റെ ബുദ്ധിയുടെ പ്രമാണത്തോട് പോരാടുന്ന വേറൊരു പ്രമാണം ഞാൻ എന്റെ അവയവങ്ങളിൽ കാണുന്നു; അത് എന്റെ അവയവങ്ങളിലുള്ള പാപപ്രമാണത്തിന് എന്നെ ബദ്ധനാക്കിക്കളയുന്നു'' (റോമ.7:23,24). അപ്പോൾ സ്വാഭാവികമായും ഉയരുന്ന ഒരു ചോദ്യമാണ് പത്ത് കല്പനകൾ നമ്മൾ അനുസരിക്കണമോ? പത്ത് കല്പനകളിൽ നിന്നും പുതിയനിയമസഭയ്ക്ക് ആവശ്യമായിട്ടുള്ളതെല്ലാം പുതിയനിയമത്തിൽ എടുത്തെഴുതിയിരിക്കുന്നു. മത്തായി എഴുതിയ സുവിശേഷം 5-മുതൽ 7-വരെയുള്ള അദ്ധ്യായങ്ങളിലും മറ്റ് ചില ഭാഗങ്ങളിലുമായി ന്യായപ്രമാണത്തിലെ ഒൻപത് കല്പനകളും യേശുക്രിസ്തു നൽകുന്നുണ്ട്. ശബ്ബത്ത് മാത്രമാണ് കർത്താവ് നമ്മോട് ആചരിക്കാൻ പറയാത്തത്. അതിനു കാരണം ശബ്ബത്തും ക്രിസ്തുവിൽ നീങ്ങിപ്പോകേണ്ടിയിരുന്ന ഒരു നിഴൽ ആയിരുന്നതിനാലാണ്. "അതുകൊണ്ട് ഭക്ഷണപാനീയങ്ങൾ സംബന്ധിച്ചോ പെരുന്നാൾ വാവ് ശബ്ബത്ത് എന്നീ കാര്യത്തിലോ ആരും നിങ്ങളെ കുറ്റം വിധിക്കരുത്. ഇവ വരുവാനിരുന്നവയുടെ നിഴലത്രേ; ദേഹം എന്നതോ ക്രിസ്തുവിനുള്ളത്" (കൊളോ.2:16,17).

**യേശുക്രിസ്തു അക്ഷരത്തിനകത്തെ ആത്മാവിനെ പുറത്തുകൊണ്ടുവരികയായിരുന്നോ?**

അതേ. യേശുക്രിസ്തു അക്ഷരത്തിനകത്തെ ആത്മാവിനെ പുറത്തുകൊണ്ടുവരികയായിരുന്നു. ''അവൻ ഞങ്ങളെ പുതിയനിയമത്തന്റെ ശുശ്രൂകന്മാരാകുവാൻ പ്രാപ്തരാക്കി; അക്ഷരത്തിന്റെ ശുശ്രൂഷകന്മാരല്ല, ആത്മാവിന്റെ ശുശ്രൂഷകന്മാരത്രേ; അക്ഷരം കൊല്ലുന്നു, ആത്മാവോ ജീവിപ്പിക്കുന്നു'' (2 കൊരി.3:6). യേശുക്രിസ്തു തന്റെ രക്തം കൊണ്ടെഴുതിയ പുതിയ ഉടമ്പടി സ്ഥാപിക്കുന്നതോടുകൂടി മോശ കാളക്കുട്ടിയുടെ രക്തം തളിച്ചുകൊണ്ട് സ്ഥാപിച്ച പഴയ നിയമം കേവലം ശിശുപാലകനായി മാറുകയാണ്. പക്വതയെത്തിയ മക്കൾ ഇനി ശിശുപാലകന്റെ കീഴിലല്ല. "ക്രിസ്തുവിനെക്കുറിച്ച് ഇങ്ങനെയല്ലോ പഠിച്ചത്. മുമ്പിലത്തെ നടപ്പ് സംബന്ധിച്ച് ചതിമോഹങ്ങളാൽ വഷളായിപ്പോകുന്ന പഴയ മനുഷ്യനെ ഉപേക്ഷിച്ച് നിങ്ങളുടെയുള്ളിലെ ആത്മാവ് സംബന്ധമായി പുതുക്കം പ്രാപിച്ച് സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിച്ചുകൊള്ളുവിൻ" (എഫേ.4:21-24).

**വിശ്വാസികൾ തെറ്റിപ്പോകുന്നത് എന്തുകൊണ്ട്?**

ദൈവവചനവും ദൈവശക്തിയും അറിയാത്തതുകൊണ്ട് (മർക്കോ.12:24) - യേശു അവരോട് പറഞ്ഞത് : "നിങ്ങൾ തിരുവെഴുത്തുകളെയും ദൈവശക്തിയെയും അറിയായ്കകൊണ്ടല്ലയോ തെറ്റിപ്പോകുന്നത്?" ഒരുത്തൻ ഒന്നിൽ തെറ്റിയാൽ എല്ലാറ്റിലും കുറ്റക്കാരനാകുമോ? അതേ. ഒന്നിൽ തെറ്റിയാൽ എല്ലാറ്റിലും തെറ്റി. "ഒരുത്തൻ ന്യായപ്രമാണം മുഴുവൻ അനുസരിച്ചുനടന്നിട്ടും ഒന്നിൽ തെറ്റിയാൽ അവൻ സകലത്തിനും കുറ്റക്കാരനായിത്തീർന്നു" (യാക്കോ.2:10). "ആകയാൽ ഈ ഏറ്റവും ചെറിയ കല്പനകളിൽ ഒന്നഴിക്കുകയും മനുഷ്യരെ അങ്ങനെ പഠിപ്പിക്കുകയും ചെയ്യുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും ചെറിയവൻ എന്ന് വിളിക്കപ്പെടും; അവയെ ആചരിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവനോ സ്വർഗ്ഗരാജ്യത്തിൽ വലിയവൻ എന്ന് വിളിക്കപ്പെടും'' (മത്താ.5:19).

**ഇപ്പോൾ നമുക്കുള്ളത് ആരുടെ ന്യായപ്രമാണം? ക്രിസ്തുവിന്റെ ന്യായപ്രമാണം**

"തമ്മിൽ തമ്മിൽ ഭാരങ്ങളെ ചുമപ്പിൻ; ഇങ്ങനെ ക്രിസ്തുവിന്റെ ന്യായപ്രമാണം നിവർത്തിപ്പിൻ" (ഗലാ.6:2) പുതിയനിയമവിശ്വാസിയുടെ ന്യായവിധി എങ്ങനെ? ഞാൻ വിശ്വസിക്കുന്നത് ഒരു പുതിയനിയമവിശ്വാസിയെ സംബന്ധിച്ചിടത്തോളം പഴയനിയമപുസ്തകങ്ങളിൽ നിന്ന് ഒരു കല്പനപോലും നമ്മെ ന്യായം വിധിക്കുന്നതിന് എടുക്കപ്പെടുന്നില്ല. പുതിയനിയമവിശ്വാസിയെ ന്യായം വിധിക്കുന്നത് പുതിയനിയമത്തിലെ സത്യവചനങ്ങളാണെന്ന് വചനം നമ്മെ ഓർമ്മപ്പെടുത്തുന്നു. "എന്റെ വചനം കൈക്കൊള്ളാതെ എന്നെ തള്ളിക്കളയുന്നവനെ ന്യായം വിധിക്കുന്നവനുണ്ട്; ഞാൻ സംസാരിച്ച വചനം തന്നെ ഒടുക്കത്തെ നാളിൽ അവനെ ന്യായം വിധിക്കും (യോഹ.12:48).

**പഴയനിയമത്തോട് നമ്മുടെ സമീപനം എങ്ങനെയായിരിക്കണം?**

പഴയനിയമം നാം വായിക്കരുത്, പഠിക്കരുത്, പഴയനിയമത്തിലെ ഒരു കാര്യവും പ്രസംഗിക്കരുത് എന്നു പറയുന്നത് ശരിയായ കാര്യമല്ല. എന്തുകൊണ്ടെന്നാൽ പുതിയനിയമം പൊരുളും പഴയനിയമം നിഴലുമായതുകൊണ്ട് നാം പുതിയനി

# ന്യായപ്രമാണത്തിന്റെ നിഴലോ, സ്നേഹപ്രമാണത്തിന്റെ പൊരുളോ?

പാ. ബാബു പയറ്റനാൽ

യമം പ്രസംഗിക്കുമ്പോൾ പഴയനിയമത്തിലെ പല സംഭവങ്ങളിൽനിന്നും, പ്രവചനങ്ങളിൽ നിന്നും, വചനങ്ങളിൽ നിന്നും പുതിയനിയമത്തെ നാം സ്ഥാപിക്കേണ്ടതായുണ്ട്. "യഹോവയുടെ പുസ്തകത്തിൽ അന്വേഷിച്ച് വായിച്ചുനോക്കുവിൻ; അവയിലൊന്നും കാണാതെയിരിക്കുകയില്ല; ഒന്നിനും ഇണയില്ലാതെയിരിക്കുകയുമില്ല; അവന്റെ വായല്ലോ കല്പിച്ചത്; അവന്റെ ആത്മവാത്രേ അവയെ കൂട്ടി വരുത്തിയത്" (യേശ.34:16). എന്നാൽ പുതിയനിയമം വായിക്കുകയും പഠിക്കുകയും ചെയ്യുന്നതുപോലെ തന്നെ പഴയനിയമവും വായിക്കുകയും പഠിക്കുകയും ചെയ്യുന്നത് ആവശ്യമാണ്. പഴയനിയമപുസ്തകങ്ങളിൽനിന്ന് എല്ലാം തന്നെ നമ്മുടെ നിത്യജീവനാവശ്യമായിട്ടുള്ളതെല്ലാം അനേകം വചനസന്ദേശങ്ങൾ, ദൂതുകൾ നമുക്ക് ലഭിക്കുന്നുണ്ട്. "മോശ തുടങ്ങി സകല പ്രവാചകന്മാരിൽനിന്നും എല്ലാ തിരുവെഴുത്തുകളിലും തന്നെക്കുറിച്ചുള്ളത് അവർക്ക് വ്യാഖ്യാനിച്ചുകൊടുത്തു'' (ലൂക്ക.24:17).

**സുവിശേഷം പ്രസംഗിക്കപ്പെടുന്നതിന്റെ പരമപ്രധാനമായ ഉദ്ദേശം?**

ഒരുവൻ പഴയനിയമത്തിലെ കാര്യങ്ങൾ തന്നെ എപ്പോഴും പ്രസംഗിച്ചുകൊണ്ടിരിക്കുന്നുവെങ്കിൽ ആ ആത്മാവിനെ സംശയിക്കേണ്ടതുണ്ട്. എന്തുകൊണ്ടെന്നാൽ സുവിശേഷം പ്രസംഗിക്കപ്പെടുന്നതിന്റെ പരമപ്രധാനമായ ഉദ്ദേശ്യം കേൾക്കുന്നവർ പരിശുദ്ധാത്മാവിനെ പ്രാപിച്ച് മാനസാന്തരപ്പെട്ട് പാപങ്ങളെ ഏറ്റുപറഞ്ഞ് ഉപേക്ഷിച്ച് വീണ്ടുംജനിച്ച് പാപം ചെയ്യുന്നത് നിർത്തി വിശുദ്ധജീവിതം നയിക്കുക എന്നുള്ളതുതന്നെയാണ്. പഴയനിയമത്തിലെ കാര്യങ്ങൾതന്നെ പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ പരിശുദ്ധാത്മസ്നാനം ഉണ്ടാകുന്നതായി കാണപ്പെടുന്നില്ല. "ഞാൻ ഇതൊന്നുമാത്രം നിങ്ങളോട് ഗ്രഹിപ്പാൻ ഇച്ഛിക്കുന്നു; നിങ്ങൾക്ക് ആത്മാവ് ലഭിച്ചത് ന്യായപ്രമാണത്തിന്റെ പ്രവൃത്തിയാലോ വിശ്വാസത്തിന്റെ പ്രസംഗം കേട്ടതിനാലോ?" (ഗലാ.3:2). "ഞാൻ സംസാരിച്ചുതുടങ്ങിയപ്പോഴേക്ക് പരിശുദ്ധാത്മാവ് ആദിയിൽ നമ്മുടെമേലെന്നപോലെ അവരുടെ മേലും വന്നു. അപ്പോൾ ഞാൻ : യോഹന്നാൻ വെള്ളംകൊണ്ട് സ്നാനം കഴിപ്പിച്ചു; നിങ്ങൾക്കോ പരിശുദ്ധാത്മാവുകൊണ്ട് സ്നാനം ലഭിക്കും എന്ന് കർത്താവ് പറഞ്ഞ വാക്ക് ഓർത്തു" (അപ്പൊ.11:15,16).

**ബൈബിളിലെ ലേഖനങ്ങൾ ദൈവവചനം തന്നെയാണോ?**

അതേ. ലേഖനങ്ങൾ ദൈവവചനമല്ലെങ്കിൽ ദൈവവചനമായ ബൈബിളിൽ ഉൾപ്പെടുത്തേണ്ട ആവശ്യമുണ്ടോ? മത്തായി, മർക്കോസ്, ലൂക്കോസ്, യോഹന്നാൻ എഴുതിയ സുവിശേഷവചനങ്ങൾ യേശുക്രിസ്തു യഹൂദ ന്യായപ്രമാണ പശ്ചാത്തലത്തിൽ സംസാരിച്ചിട്ടുള്ളതാണ് എന്ന് നാം മനസ്സിലാക്കണം. ഈ വചനങ്ങൾ നാം പഠിപ്പിക്കുകയും പ്രമാണിക്കുകയും ചെയ്യുന്നതുപോലെ തന്നെ ഈ സുവിശേഷത്തിനപ്പുറത്ത് അപ്പൊസ്തലപ്രവൃത്തി മുതൽ വെളിപ്പാട് വരെയുള്ള പുസ്തകങ്ങളിലാണ് പുതിയനിയമസഭയ്ക്കുള്ള ഉപദേശങ്ങളും നിയമങ്ങളുമെഴുതിയിരിക്കുന്നത് എന്ന കാര്യവും നാം പ്രത്യേകം ശ്രദ്ധിക്കണം. അപ്പൊസ്തലപ്രവൃത്തിമുതൽ വെളിപ്പാടു വരെയുള്ള പുസ്തകങ്ങളും പരിശുദ്ധാത്മാവിൽ ക്രിസ്തുശിഷ്യന്മാരാൽ എഴുതപ്പെട്ട സത്യസുവിശേഷം തന്നെയാണ്.

**ചിലർ ലേഖനങ്ങളിലെ പല ദൈവവചനങ്ങളും മന:പൂർവ്വം അവഗണിക്കുന്നത് എന്തുകൊണ്ട്?**

ചിലരാകട്ടെ ലേഖനങ്ങൾക്ക് യാതൊരു പ്രാധാന്യവും കൊടുക്കുന്നില്ല. ലേഖനങ്ങൾ എന്തോ സപ്ലിമെന്ററി (അവർക്ക് ആവശ്യമുള്ളത് മാത്രമെടുത്താൽ മതി) എന്നുള്ള ഭാവമാണ് പല പാരമ്പര്യസംഘടനാ സഭയിലെ ആളുകൾക്കുമുള്ളത്! അതിന്റെ കാരണം ഈ ലേഖനങ്ങളിലെഴുതപ്പെട്ടിരിക്കുന്ന പല വചനങ്ങളും ഇന്നത്തെ പല പാരമ്പര്യസഭകൾക്കും അനുസരിക്കാൻ കഴിയാത്തതുകൊണ്ട് അവർ അത് പഠിപ്പിക്കുന്നില്ല, പ്രസംഗിക്കുന്നില്ല എന്നതാണ് വാസ്തവം. പാപത്തിന്റെ മേൽ വിജയമുള്ള (പാപത്തിൽ നിന്ന് സ്വാതന്ത്ര്യം ലഭിച്ച) ഒരു ജീവിതം പുതിയനിയമം നമുക്ക് വാഗ്ദാനം ചെയ്യുന്നു. "നിങ്ങൾ ന്യായപ്രമാണത്തിനല്ല, കൃപയ്ക്കത്രേ അധീനരാകയാൽ പാപം നിങ്ങളുടെമേൽ കർതൃത്വം നടത്തുകയില്ല" (റോമ.6:14). "എന്നാൽ നിങ്ങൾ പാപത്തിന്റെ ദാസന്മാരായിരുന്നുവെങ്കിലും നിങ്ങളെ പഠിപ്പിച്ച ഉപദേശരൂപത്തെ ഹൃദയപൂർവ്വം അനുസരിച്ച് പാപത്തിൽ നിന്ന് സ്വാതന്ത്ര്യം ലഭിച്ച് നീതിക്ക് ദാസന്മാരായിതീർന്നതുകൊണ്ട് ദൈവത്തിന് സ്തോത്രം" (റോമ.6:7,18) ●



# ജീവനുള്ള ദൈവത്തിന്റെ സഭ

പാ. രാജു ഐസക് (ചർച്ച് ഓഫ് ഇറ്റേണിറ്റി, അടിമാലി, 9744756060)

**ബൈ**ബിളിന്റെ ഗ്രീക്കുമൂല ഭാഷയിലെ എക്ലേസിയ (Ecclesia) എന്ന പദമാണ് സഭ എന്ന് ബൈബിളിൽ പരിഭാഷപ്പെടുത്തിയിരിക്കുന്നത്. "വിളിച്ചു വേർതിരിക്കപ്പെട്ടവരുടെ സമൂഹം" എന്ന് അർത്ഥം.

അപ്പൊ.2-ൽ പെന്തക്കൊസ്ത് വരെ സഭയേക്കുറിച്ച് വാക്യങ്ങളൊന്നും കാണുന്നില്ല. പെന്തക്കൊസ്തിലായിരുന്നല്ലോ സഭയുടെ പിറവി. സഭ അഥവാ എക്ലേസിയ എന്ന വാക്ക് ആദ്യമായി നാം കാണുന്നത് മത്താ.16:18-ലാണ് അവിടെ കർത്താവ് പത്രൊസിനോട് അരുളിച്ചെയ്യുന്നു "നീ പത്രൊസ് (പെട്രോസ് - ഗ്രീക്ക് = ചെറിയ പാറ) ആകുന്നു. ഈ പാറമേൽ (പെട്രാ - വൻപാറ, താൻതന്നെ എന്ന അർത്ഥത്തിൽ) ഞാൻ എന്റെ സഭയെ പണിയും - "ഞാൻ പണിതു" എന്നല്ല പണിയുകയാണ് എന്നുമല്ല ഞാൻ പണിയും എന്നാണ് അവിടെ പറഞ്ഞത്. മൂലവാക്യം ഭാവിയിൽ ചെയ്യാൻ പോകുന്നതിനെയാണ് സൂചിപ്പിക്കുക. സഭയെക്കുറിച്ചുള്ള അടുത്ത പരാമർശം മത്താ.18:17-ലാണ്. സഭയിലെ വ്യക്തിപരമായ തെറ്റുകളെയും അച്ചടക്കത്തെയും കുറിച്ചുള്ള ഉപദേശത്തിലാണിത്. ഇവിടെയും വളരെ വ്യക്തമായി സഭയുടെ ഭാവികാലത്തെ സൂചിപ്പിച്ചിരിക്കുന്നു. അപരാധിയായ സഹോദരന്റെ കാര്യം സഭയുടെ മുമ്പിൽതന്നെ അവതരിപ്പിക്കപ്പെടുന്നു.

പെന്തക്കൊസ്തിൽ പിറവി കൊണ്ട സഭ കേവലം ഒരു ജനസമൂഹമല്ല, ക്രിസ്തുവിനെ അനുഗമിച്ച വിശ്വാസികളുടെ കൂട്ടമാണ് - ഈ കൂട്ടത്തിന്റെ അണുകേന്ദ്രം (nucleus) യേശുവായിരുന്നു. സ്വർഗ്ഗത്തിൽ നിന്നയ്ക്കപ്പെട്ട പരിശുദ്ധാത്മാവിനാൽ സ്നാനം ചെയ്യപ്പെട്ട ശിഷ്യഗണം ക്രിസ്തുവിന്റെ ശരീരമായ സഭയായ് രൂപംകൊണ്ട് ഉയരത്തിൽ മഹിമയിൽ വസിക്കുന്ന തങ്ങളുടെ രക്ഷകനോട് അനുരൂപരായിത്തീർന്നു (1 കൊരി.12:13). പിന്നെ അവർ വ്യക്തികളായിട്ടല്ല, അവരിൽ വന്ന ദൈവാത്മാവിനാൽ ക്രിസ്തുവിന്റെ ശരീരവും




To Help us (only in india)

ഇന്ത്യയ്ക്കകത്തു നിന്നു മാത്രമുള്ള സാമ്പത്തിക സഹായങ്ങൾ ഞങ്ങളുടെ ഈ അക്കൗണ്ടിലേയ്ക്ക് അയച്ചു തരിക

ചർച്ച് ഓഫ് ഇറ്റേണിറ്റി
A/c No: 1034 0100 205 721
ഫെഡറൽ ബാങ്ക്, തൃക്കാക്കര ബ്രാഞ്ച്,
എറണാകുളം, IFSC Code : FDRL 000 1034

Church of Eternity
A/c No: 1034 0100 205 721
Federal bank, Trikkakkara Branch
Ernakulam, IFSC Code : FDRL 000 1034

# ജീവനുള്ള ദൈവത്തിന്റെ സഭ

പാ. രാജു ഐസക്

അതിലെ അവയവങ്ങളുമായ കൂട്ടായ്മയായിത്തീർന്നു. സത്യവിശ്വാസികൾ എല്ലാവരും ഏകശരീരത്തിലെ അവയവങ്ങളാകുമാറ് ദൈവത്തിന്റെ ആത്മാവിൽ സ്നാനമേറ്റും ഒരേ ആത്മാവിനാൽ കർത്താവിനോട് ബന്ധിച്ചുമിരിക്കുന്നു; ഇതാണ് സഭ.

മതാനുഷ്ഠാനങ്ങൾക്കായി കൂടിവരുന്ന കെട്ടിടങ്ങളെ 'പള്ളി' അല്ലെങ്കിൽ 'പള്ളികൾ' എന്ന് പറയാറുണ്ട്. എന്നാൽ ക്രിസ്തുവിന്റെ സഭ കെട്ടിടമല്ല; അങ്ങനെ പറയുക തികച്ചും വചനവിരുദ്ധമാണ്. സഭ ഭൗതികമായ കെട്ടിടമല്ല. കർത്താവിൽ ജീവനുള്ള കല്ലുകളായിത്തീർന്ന വിശ്വാസികളുടെ കൂട്ടായ്മയാണ് (എഫേ.2:19–22, 1 പത്രൊ.2:5). വിശ്വാസികൾക്ക് ഒരുമിച്ചുകൂടുവാൻ ഹാളോ ഭവനമോ ആരാധനാലയമോ, വേണം.

എക്ലേസിയ എന്ന വാക്കിന്റെ അർത്ഥമനുസരിച്ച് ജീവനുള്ള ദൈവത്തിന്റ സഭ – വിളിച്ചുവേർതിരിക്കപ്പെട്ടവരുടെ ഗണമാണ്. തങ്ങളെ ദൈവത്തിലേക്ക് വിളിച്ച കൃപയുടെ സുവിശേഷത്തെയും ആ സുവിശേഷം അവതരിപ്പിക്കുന്ന രക്ഷകനെയും സ്വീകരിച്ചവർ. ഇപ്രകാരം അവർ ലോകത്തിൽ നിന്ന് വേർതിരിക്കപ്പെട്ടവരും ക്രിസ്തുയേശുവിൽ വിശുദ്ധീകരിക്കപ്പെട്ടവരും (1 കൊരി.1:2) ആയിത്തീർന്നിരിക്കുന്നു. അതായത് ക്രിസ്തുവിൽ വേർതിരിക്കപ്പെട്ടവർ.

അവിടുത്തെ നാമത്തിന്റെ മഹത്വത്തിനായി പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളാൽ ജനതകളിൽ നിന്ന് വേർതിരിക്കപ്പെട്ടവർ – ഇതാണ് സഭ. ലോകത്തിൽ ചുവടുറപ്പിച്ച് ലോകനിലപാടുകൾ പുലർത്തിക്കഴിയുന്നവരല്ല സഭാമക്കൾ. പ്രത്യുത, ലോകത്തിൽ നിന്ന് വേർതിരിക്കപ്പെട്ടവരായി, ദൈവസ്വഭാവമുള്ളവരായി ലോകത്താൽ നിരാകരിക്കപ്പെട്ട്, മഹിമയിൽ വാഴുന്ന ക്രിസ്തുവിനോട് ചേർന്ന് നിൽക്കുന്നതാണ് സഭ.

അപ്പൊ.2-ാം അദ്ധ്യായം ശ്രദ്ധിച്ചാൽ വിശ്വാസികൾ തികച്ചും വേർതിരിക്കപ്പെട്ട ഒരുഗണമായിരുന്നു. തങ്ങളുടെ രക്ഷകനെ ക്രൂശിൽ തറച്ച ലോകത്തിൽ നിന്ന് മാറി നൂറ്റിയിരുപത് പേർ മാളികമുറിയിൽ സമ്മേളിച്ച് പ്രാർത്ഥനയിൽ ഒരുമനപ്പെട്ടിരിക്കുന്നു. അപ്പോൾ ആത്മാവ് സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന് അവരെ നിറച്ചു. അവരോ അന്യഭാഷകളിൽ ദൈവത്തിന്റെ അത്ഭുതപ്രവൃത്തികൾ വർണ്ണിക്കുവാൻ തുടങ്ങി. പത്രൊസ് ജനക്കൂട്ടത്തോട് ക്രിസ്തുവിനെക്കുറിച്ച് പ്രസംഗിച്ചു. പാപങ്ങളുടെ മോചനത്തിനായി മാനസാന്തരപ്പെട്ട് ഓരോരുത്തർ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേൽക്കുവാനും വക്രതയുള്ള തലമുറയിൽ നിന്ന് രക്ഷിക്കപ്പെടുവാനും ക്രിസ്തുവിനെ നിരാകരിച്ച ജനതയിൽ നിന്ന് വേർപെട്ട് ക്രിസ്തുവിനായി നിലകൊള്ളുവാനും അദ്ദേഹം ആഹ്വാനം ചെയ്തു. അവന്റെ വാക്ക് കൈക്കൊണ്ടവർ സ്നാനമേറ്റു. അന്ന് മൂവായിരത്തോളം പേർ അവരോട് ചേർന്നു. വിളിച്ച് വേർതിരിക്കപ്പെട്ട ഗണം – ജീവനുള്ള ദൈവത്തിന്റെ സഭയുടെ ആരംഭം.

**കർത്താവിനാൽ ചേർക്കപ്പെട്ടു**

അപ്പൊ.2:47-ൽ കർത്താവ് ര


**വിദേശത്തുനിന്നും ആത്മാഭിഷേകം പ്രോഗ്രാമുകളെ സഹായിക്കുവാൻ ആഗ്രഹിക്കുന്നവർ ദയവായി താഴെ എഴുതിയ കാര്യങ്ങൾ ശ്രദ്ധിക്കണമെ**

**വിദേശകറൻസി ആയിട്ടു മാത്രം സഹായം സ്വീകരിക്കാവുന്ന FCRA അക്കൗണ്ട് (ഇന്ത്യൻ കറൻസിയൊ കൺവർട്ട് ചെയ്ത ഇന്ത്യൻ മണിയൊ അയയ്ക്കാൻ പാടില്ല)**

| | | |
|---|---|---|
| Account name | : | Church of Eternity |
| Account No. | : | 5020 0000 967756 |
| Bank Name | : | HDFC |
| Branch | : | Vazhakala, Ernakulam, Kerala, S.India |
| IFSC Code | : | HDFC 000 1508 |
| SWIFT Code | : | HDFC INBB |

**ട്രസ്റ്റുകളുടെ പേരിൽ സഹായം അയയ്ക്കുവാൻ അനുവാദമില്ലാത്ത രാജ്യങ്ങളിൽ നിന്നും ഇന്ത്യൻ മണിയിലേക്ക് കൺവർട്ട് ചെയ്ത് ഈ**

| | | |
|---|---|---|
| Account name | : | Devasia M.V |
| Account No. | : | 10340100190147 |
| Bank Name | : | Federal Bank |
| Branch | : | Thrikkakara, Ernakulam, kerala, S.India |
| IFSC Code | : | FDRL 0001034 |

# ജീവനുള്ള ദൈവത്തിന്റെ സഭ

പാ. രാജു ഐസക്

ക്ഷിക്കപ്പെടുന്നവരെ ദിനമ്പ്രതി സഭയോട് ചേർത്തുകൊണ്ടിരുന്നു എന്നുണ്ട്. ഇന്നത്തെപ്പോലെ ആളുകൾ സഭകളിൽ സ്വയം ചേർന്നുവരികയല്ല അന്ന് ചെയ്തിരുന്നത്, കർത്താവ് തന്നെ ചേർക്കുകയായിരുന്നു. മറ്റുള്ളവരിലാരും അവരോട് ചേരുവാൻ തുനിഞ്ഞില്ല. ജനമോ അവരെ പുകഴ്ത്തിപ്പോന്നു. വിളിലഭിച്ച അനവധി പുരുഷന്മാരും സ്ത്രീകളും കർത്താവിൽ വിശ്വസിച്ച് ചേർന്നുവന്നു. അപ്പൊ.5:13,14 - രക്ഷിക്കപ്പെടാത്തവർ അവരോട് ചേരുവാൻ ധൈര്യപ്പെടാത്ത വിധം അതിശക്തിയും വിശുദ്ധിയുമാണ് ആദിമസഭയ്ക്കുണ്ടായിരുന്നത്. വീണ്ടും ജനിച്ച വിശ്വാസികളിൽ ദൃശ്യമായിരുന്ന ആ സവിശേഷതതങ്ങൾക്കില്ലെന്ന ശക്തമായ തോന്നൽ അവർക്കുണ്ടായിരുന്നു. എന്നാൽ രക്ഷിക്കപ്പെട്ടവർ കർത്താവിനോട് ചേർക്കപ്പെട്ടു. ഏതെങ്കിലും സമുദായത്തോടോ സംഘടനകളോടോ അല്ല രക്ഷിക്കപ്പെട്ടവരോട് ചേർന്നപ്പോൾ സ്വാഭാവികമായും അവർ ദൈവസഭയോടാണ് ചേർക്കപ്പെട്ടത്.

രക്ഷിക്കപ്പെട്ടവരേ കർത്താവ് സഭയോട് ചേർക്കുന്നു എന്ന തത്വത്തിന് ഇന്നും മാറ്റമില്ല. രക്ഷിക്കപ്പെടാതെ യഥാർത്ഥ ദൈവസഭയോട് ആർക്കും ചേരാൻ കഴിയുകയില്ല. എങ്കിലും ഇന്ന് രക്ഷിക്കപ്പെടാത്തവർ സഭയോട് ചേരുവാൻ ധൈര്യപ്പെടുന്നത് എന്തുകൊണ്ടാണ്? സഭയ്ക്ക് അതിന്റെ ശക്തിയും വിശുദ്ധിയും നഷ്ടപ്പെട്ടിരിക്കുന്നു എന്നതുകൊണ്ടുതന്നെ.

സമുദായസഭകളിൽ ആശയക്കുഴപ്പങ്ങളും അച്ചടക്കരാഹിത്യവും വിശ്വാസക്ഷയവും നടമാടുന്ന ഇക്കാലത്ത് രക്ഷിക്കപ്പെട്ട കാലംമുതൽ താൻ യഥാർത്ഥ ദൈവസഭയിലാണെന്ന ചിന്ത ഒരു ദൈവപൈതലിന് എത്രയോ ആശ്വാസകരമാണ്. സ്വർഗ്ഗത്തിൽ പേരെഴുതിയിരിക്കുന്ന ആദ്യജാതന്മാരുടെ സഭയുടെ (എബ്രാ.12:23) ഭാഗമാണ് താൻ. സ്വർഗ്ഗത്തിൽ ജീവന്റെ പുസ്തകത്തിൽ ഒരിക്കലും മായ്ച്ചുകളയപ്പെടാത്ത വണ്ണം തന്റെ പേർ രേഖപ്പെടുത്തിയിരിക്കുന്നു എന്നതിൽ അവന് സന്തോഷിക്കാം (ലൂക്ക.10:20, വെളി.3:5).

തിരുവചനപ്രകാരം യേശുക്രിസ്തുവിന്റെ സഭയിലല്ലാതെ മറ്റേതെങ്കിലും സഭയിൽ വിശ്വാസികൾ ഉൾപ്പെട്ട് നിൽക്കുന്നതായി ബൈബിളിൽ ഒരിടത്തും നാം കാണുന്നില്ല. വിശ്വാസികൾ കർത്താവിനോട് ചേർക്കപ്പെടുകയും, കർത്താവിനാൽ സഭയോട് ചേർക്കപ്പെടുകയും ചെയ്യുന്നതല്ലാതെ സഭയിലെ അംഗത്വ രീതികളെക്കുറിച്ചൊന്നും വായിക്കാൻ കഴിയുന്നില്ല. ക്രിസ്തുവിന്റെ ശരീരത്തോട് ചേരുന്ന അംഗത്വം മാത്രമാണ് സഭയിലെ അംഗത്വം.

**സഭ - നിർവ്വചനം**

രക്ഷിക്കപ്പെട്ടവർ ജീവനുള്ള ദൈവത്തെ ആരാധിക്കേണ്ടതിനായും ആത്മീയവളർച്ചയ്ക്കായും യേശുക്രിസ്തുവിന്റെ നാമത്തിൽ ഒന്നിച്ചുകൂടുന്ന ജീവൽപ്രസ്ഥാനമാണ് ദൈവസഭ എന്ന് നാം കണ്ടല്ലോ.

യേശുക്രിസ്തുവിന്റെ സ്വഭാവത്തോട് അനുരൂപപ്പെടേണ്ടതിനായും യേശുവിനെ വെളിപ്പെടുത്തേണ്ടതിനായി ദൈവത്താൽ വിളിച്ചു വേർതിരിക്കപ്പെട്ടവരുടെ കൂട്ടവുമാണ് സഭ.

രക്ഷിക്കപ്പെട്ട് സ്നാനമേറ്റ് ദൈവത്തെ ആരാധിക്കുകയും ദൈവകൃപയിൽ ജീവിച്ചും സുവിശേഷം പ്രഘോഷിച്ചുംകൊണ്ട് യേശുവിന്റെ മടങ്ങിവരവിനായും സഭ കാത്തിരിക്കുന്നു. "കർത്താവ് താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടുംകൂടെ സ്വർഗ്ഗത്തിൽ നിന്നിറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പേ ഉയിർത്തെഴുന്നേൽക്കുകയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടൊരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേൽപ്പാൻ മേഘങ്ങളിൽ എടുക്കപ്പെടും" (1 തെസ്സ.4:16,17).

**സഭയുടെ സവിശേഷതകൾ**

1. രക്ഷിക്കപ്പെട്ടവരുടെ കൂട്ടായ്മയാണ് സഭ
2. ജീവനുള്ള ദൈവത്തെ ആരാധിക്കുന്നവരുടെ കൂട്ടായ്മയാണ് സഭ
3. സുവിശേഷം പറയുന്നവരുടെ സമൂഹമാണ് സഭ
4. വിശ്വാസസ്നാനമേറ്റ് കർതൃമേശയിൽ പങ്കാളികളാകുന്നവരുടെ കൂട്ടായ്മയാണ് സഭ
5. അപ്പൊസ്തലിക ഉപദേശത്തിൽ നിലനിൽക്കുന്നവരുടെ കൂട്ടായ്മയാണ് സഭ
6. യേശുവിന്റെ മടങ്ങിവരവിനായി നോക്കിപാർക്കുന്നവരുടെ കൂട്ടമാണ് സഭ
7. ജയാളികളുടെ കൂട്ടായ്മയാണ് സഭ

**സഭയേക്കുറിച്ച് യേശുവിന്റെ പ്രഖ്യാപനം** (മത്താ.16:18)

1. യേശുക്രിസ്തുവിന്റേതാണ് സഭ - ഞാൻ എന്റെ സഭ എന്നുള്ള പ്രഖ്യാപനം. യേശുവാണ് സഭയുടെ ഉടമസ്ഥൻ
2. യേശുക്രിസ്തുവാണ് സഭയെ വളർത്തുന്നത്.

# ജീവനുള്ള ദൈവത്തിന്റെ സഭ

പാ. രാജു ഐസക്

3. പാതാളഗോപുരങ്ങളുമായി സഭയ്ക്ക് യുദ്ധമുണ്ട്. പാതാളശക്തികൾക്ക് അടിമപ്പെട്ട് കിടക്കുന്നവരെ വിടുവിക്കേണ്ടതിനായി പോയി യുദ്ധംചെയ്യേണ്ട ചുമതല സഭക്കുണ്ട്.

4. ജയം ക്രിസ്തുവിന്റെ സഭയ്ക്കായിരിക്കും.

5. ക്രിസ്തു എന്ന പാറമേലാണ് സഭ പണിയപ്പെടുന്നത്. ക്രിസ്തു എന്ന അടിസ്ഥാനമല്ലാതെ മറ്റൊന്നിടുവാൻ ആർക്കും സാധ്യമല്ല (1 പത്രൊ.2:4-6, 1 കൊരി.3:11).


കെട്ടിടവൽക്കരണമല്ല സഭ. കല്ല്, ഇഷ്ടിക, സിമന്റ്, തടി, ഇരുമ്പ് എന്നിങ്ങനെയുള്ള നിർമ്മാണ സാമഗ്രികളാൽ പണിത ഒരു കെട്ടിടമല്ല സഭ. കെട്ടിടത്തിന്റെ ഭംഗിയും മനോഹാരിതയും ഒക്കെ കണ്ടിട്ട് അതെത്ര നല്ല സഭയെന്ന് ആളുകൾ പറയുമ്പോൾ അതെത്ര അബദ്ധമാണ്. ശിഷ്യന്മാർ യെരുശലേം ദേവാലയത്തിന്റെ ഭംഗിയിലേക്ക് യേശുവിന്റെ ശ്രദ്ധ തിരിച്ചപ്പോൾ അത് കല്ലിന്മേൽ കല്ല് ശേഷിക്കാതെ തകർക്കപ്പെടുമെന്ന് യേശു പറഞ്ഞില്ലെ.

സഭയ്ക്കും ആരാധനയ്ക്ക് കൂടിവരുവാൻ ഒരു സ്ഥലവും ഇടവും ഒക്കെ ആവശ്യമാണ്. എന്നാൽ കെട്ടിടം സഭയാകുന്നില്ല. ആദിമസഭ കൂടിവന്നത് വീടുകളിലായിരുന്നു (ഫില.1:2, കൊലൊ.4:15, റോമ.16:3-5).

**ഓർഗനൈസേഷൻ / സംഘടന സഭയല്ല**

സഭകൾ നിൽക്കുന്നത് ഓരോ രാഷ്ട്രങ്ങളിലായതിനാൽ രജിസ്ട്രേഷനും മറ്റും ആവശ്യമാണ്. അങ്ങനെയുണ്ടായ ക്രിസ്ത്യൻ ഓർഗനൈസേഷനാണ് ഇന്ന് കാണുന്ന പലതും. സാമൂഹ്യ ആവശ്യങ്ങളായ വിവാഹം, ശവമടക്ക് ഇവയൊക്കെ നടന്നു കിട്ടുവാനാണ് ക്രിസ്ത്യൻ പള്ളികളിൽ പലരും നിൽക്കുന്നത്. ഇവർ ക്രിസ്തീയപേരുള്ളവരും സംഘടനയിലെയും ക്രിസ്തുമതത്തിലെയും അംഗങ്ങളുമാണ്. ക്രിസ്തീയപേരുള്ളതുകൊണ്ട് ഒരു വ്യക്തി ദൈവസഭയിലെ അംഗമായി എന്ന ചിന്ത തെറ്റാണ്. രക്ഷിക്കപ്പെടുന്നവരാണ് സഭയോട് ചേർക്കപ്പെടുന്നത് (അപ്പൊ.2:47) കർത്താവാണ് അവരെ സഭയോട് ചേർക്കുന്നത്. ഇതെങ്കിലും ഒന്ന് മനസ്സിലാക്കിയെങ്കിൽ കൊള്ളാമായിരുന്നു. അല്ലാതെ സഭാശുശ്രൂഷകരോ, പാസ്റ്ററൊ അല്ല സഭയോട് ചേർക്കുന്നത്. ഇന്ന് കാണുന്ന ക്രിസ്തീയ പള്ളികളിലോ - സംഘടനകളിലോ, അംഗങ്ങളായ എല്ലാവരും ക്രിസ്തുവിന്റെ സഭയിലെ അംഗങ്ങളാണെന്ന് വിചാരിക്കരുത്.

പ്രിയ സഹോദരാ സഹോദരീ നീ ഇപ്പോൾ ക്രിസ്തുസഭയിലാണോ? യഥാർത്ഥ സഭയെ നിനക്ക് തിരിച്ചറിയുവാൻ സാധിക്കുന്നുണ്ടോ? കർത്താവിന്റെ രണ്ടാമത്തെ വരവിങ്കൽ കൈവിടപ്പെടുന്ന ക്രിസ്ത്യാനിയായി ആണോ ഈ ഭൂമിയിൽ ജീവിക്കുന്നത്? തിരിച്ചറിയുക. യഥാർത്ഥ സത്യസഭയിൽ അംഗമാവുക. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ ●






## യേശുവിന്റെ ശിഷ്യന്മാരായ പത്രോസ്, അന്ത്രയോസ്, ഫിലിപ്പോസ് എന്നിവരുടെ ജന്മസ്ഥലം കണ്ടെത്തി

ഗലീല: യേശുവിന്റെ ശിഷ്യന്മാരായ പത്രോസ്, അന്ത്രയോസ്, ഫിലിപ്പോസ് എന്നിവരുടെ ജന്മസ്ഥലം പുരാവസ്തു ഗവേഷകർ കണ്ടെത്തി. വടക്കൻ ഇസ്രയേലിൽ ഗലീലാ കടലിന് സമീപമുള്ള പഴയ ബെത്സെയ്ദാ നഗരത്തിലെ ജൂലിയാസ് ആണ് ശിഷ്യന്മാരുടെ ജന്മസ്ഥലമെന്ന് ഗവേഷകർ സ്ഥിരീകരിച്ചു. ഇവിടെ നടത്തിയ ഉൾഖനനത്തിൽ ഗവേഷകർ അന്നത്തെ റോമൻ സാമ്രാജ്യകാലഘട്ടത്തിലെ പ്രമുഖ നഗരമായിരുന്ന ജൂലിയാസ് മൺമറഞ്ഞ് പോയിരിക്കുകയായിരുന്നു എന്ന് കണ്ടെത്തി.

യേശു തന്റെ പന്ത്രണ്ട് ശിഷ്യന്മാരെ തിരെഞ്ഞെടുത്ത സമയത്ത് ശീമോൻപത്രോസിനെയും സഹോദരനായ അന്ത്രയോസിനെയും ഫിലിപ്പോസിനെയും പറ്റി ബൈബിളിൽ "ഫിലിപ്പോസോ അന്ത്രയോസിന്റെയും പത്രോസിന്റെയും പട്ടണമായ ബെത്സെയ്ദയിൽ നിന്നുള്ളവനായിരുന്നു" (യോഹ.1:44) എന്ന് പരാമർശിക്കുന്നു. ബെത്സെയ്ദായിലെ ജൂലിയാസ് ടൗൺ പണികഴിപ്പിച്ചത് ഹെരോദോ രാജാവായിരുന്നുവെന്ന് പ്രമുഖ ചരിത്രകാരനായ ജോസീഫസ് രേഖപ്പെടുത്തിയതായി ചരിത്രരേഖയുണ്ട്. ജൂലിയാ അഗസ്തെയുടെ ഓർമ്മയ്ക്കായിട്ടായിരുന്നു ഈ ടൗൺ പണിതത്. ജൂലിയാസ് ഒരു സാധാരണ ഗ്രാമമായിരുന്നു. ഇതിനെ അറിയപ്പെടുന്ന ഒരു നഗരമായി വികസിപ്പിച്ചത് ഹെരോദോവായിരുന്നുവെന്ന് ജോസഫീസ് രേഖപ്പെടുത്തിയതായും ഗവേഷണത്തന് നേതൃത്വം നൽകിയ ഇസ്രയേലിലെ കിന്നരേത്ത് കോളേജിലെ ഗവേഷകനായ ഡോ. മൊർദ്ദെക്കായി അവിയാം അഭിപ്രായപ്പെടുന്നു. റോമൻ കാലഘട്ടത്തിലെ ജീവിതശൈലിയെ ഓർപ്പിക്കുന്ന ഒരു കുളിമുറിയും തകർന്ന മൺപാത്രങ്ങളുടെ അവശിഷ്ടങ്ങളും മൊസൈക്ക് ചെയ്ത തറകളും ഈ സ്ഥലത്തുനിന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതൊക്കെ അന്നത്തെ കാലത്തെ ഉയർന്ന ജീവിതനിലവാരത്തിൽ ജീവിച്ചിരുന്നവരാണ് ഇവിടുത്തെ പ്രദേശവാസികളെന്ന് കരുതാമെന്നും ഗവേഷകർ പറയുന്നു.

സമുദ്രനിരപ്പിൽ നിന്നും 700 അടി താഴ്ചയുള്ള സ്ഥലമാണ് ഉൾഖനനത്തിൽ കണ്ടെത്തിയ ഈ ചരിത്രപ്രാധാന്യമുള്ള സ്ഥലം. ഇതിനെ ചരിത്രത്തിൽനിന്നും നഷ്ടപ്പെട്ട സ്ഥലമായിട്ടാണ് ഗവേഷകർ ഓർപ്പിക്കുന്നത്. 2011-ൽ ഗവേഷണത്തിന് തുടക്കം കുറിച്ചുവെങ്കിലും ഇപ്പോഴാണ് ഇതിന്റെ കൂടുതൽ വിശദാംശങ്ങൾ പുറത്തുവിട്ടത്.

കടപ്പാട്: Disciples News

## STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT MONTHLY MAGAZINE ATHMABHISHEKAM

1. Place of Publication : Kamballur
2. Periodicity of the Publication : Monthly
3. Printer's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O., Cherupuzha 670511
4. Publisher's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O Cherupuzha 670511
5. Editor's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O., Cherupuzha 670511

I Devasia Mullakkara hereby declare that the particulars given above are true to the best of my knowledge and belief.

Sd/
Devasia Mullakkara




കോതമംഗലം ചർച്ച് ഓഫ് ഇറ്റേണിറ്റി സഭയിലെ മോഹനൻ, ശ്യാമള ദമ്പതികളുടെ മകനും, കടുത്തുരുത്തിയിൽ ചർച്ച് ഓഫ് ഇറ്റേണിറ്റിയുടെ ശുശ്രൂഷകനുമായ പാസ്റ്റർ ശരത്തും, മാനന്തവാടി സഭയിലെ സെബാസ്റ്റ്യൻ, ഫിലോമിന ദമ്പതികളുടെ മകൾ ജെൻസിയും. ദേവസ്യാ മുല്ലക്കരസാർ ആശീർവദിച്ച വിവാഹത്തിന് മീഡിയാമിനിസ്ട്രിയുടെ പ്രാർത്ഥനാശംസകൾ.

ദേവസ്യാ മുല്ലക്കരസാർ
നേതൃത്വം കൊടുക്കുന്ന

# എകദിനകൺവെൻഷനുകൾ

**ഒക്ടോബർ 20**
കൺവെൻഷൻ.പാലക്കാട് തൃപ്തി ഹാൾ ജില്ലാ ഹോസ്പിററലിനു സമീപം.
Ph:9585290142. 10 am-3 pm

**ഒക്ടോബർ 21**
കൺവെൻഷൻ.കോഴിക്കോട്. YMCAഓഡിറ്റോറിയം.YMCAക്രോസ് റോഡ്.
Ph:9400784917,9645707908. 10 am-3 pm

**ഒക്ടോബർ 27**
കൺവെൻഷൻ.കോട്ടയം. കെ.പി.എസ് മേനോൻ ഹാൾ
Ph:9744655214. 10 am-3 pm

**നവംബർ 4**
കൺവെൻഷൻ.എറണാകുളം. പാലാരിവട്ടം ചർച്ച് ഹാൾ.
Ph:9020806465,7511109998 10 am-3 pm

**നവംബർ 10,11**
തിരുവല്ല. ആത്മാഭിഷേകം ന്യൂ ചർച്ച്ഹാൾ മഞ്ഞാടി.
Ph:9446745148 10 am-3 pm

ATHMABHISHEKAM MONTHLY
2018 OCTOBER
RNI NO. KER - MAL/2003/12060

Rs.20.00

Registration No.KL/KNR/41/2016-18
Licence to post without pre payment
LICENCE NO.KL/PMG/NR/WPP/1-2/KNR/2016-2018
Published on 17th OCTOBER 2018

*'Assuredly, I say to you, inasmuch as you did it to one of the least of these My brethren, you did it to Me.' (Matthew 25:40)*



ചൈതന്യ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ
പ്രവർത്തിക്കുന്ന അച്ചൻകിളിക്കൂട്ടിലെ ആശ്രിതർ

lives changing

# CHAITHANYA OLD AGE HOME

(REG. No. 384/2004, A UNIT OF CHAITHANYA SOCIAL SERVICE SOCIETY)

PULINGOME, KANNUR, KERALA, INDIA



## അച്ചൻകിളിക്കൂട്

സാമ്പത്തികമായി
സഹായിക്കാനാഗ്രഹിക്കുന്നവർ
ബന്ധപ്പെടുക
**9947267701, 04985213999**

CHARITY

Support US

look at us love us




Printed, Edited and Published by Sri. Devasia Mullakara, On behalf of Athmabhishekam.
Printed at Geethanjali Prints Kozhikode and Published from Kamballur, Cherupuzha (via) Pin - 670 511, Kasaragod(Dt).